# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായംകുളം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ8-370/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കായംകുളം മുനിസിപ്പാലിറ്റി

സർ,

വിഷയം : കായംകുളം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായംകുളം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരി പത്രം സഹിതം)
2.സെക്രട്ടറി ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം(ഉപരി പത്രം സഹിതം)
3.ഡയറക്ടർ , നഗരകാര്യ വകുപ്പ് ,തിരുവനന്തപുരം(ഉപരി പത്രം സഹിതം)
4.റീജിയണൽ ജോയിന്റ് ഡയറക്ടർ ,നഗരകാര്യ വകുപ്പ് ,കൊല്ലം(ഉപരി പത്രം സഹിതം)
5.കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ8-370/2022 തീയ്യതി: 03/07/2022

## ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2019 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഹരികുമാർ .ജി | സീനിയർഡെപ്യൂട്ടി ഡയറക്ടർ | 12-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എസ്.സുരേഷ്, ഓഡിറ്റ് ഓഫീസർ (ഹഗ്രേ)
ശ്രീ.സാബു .പി,ഓഡിറ്റ് ഓഫീസർ (ഹഗ്രേ)
ശ്രീ.ജയകൃഷ്ണ .ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുഷ.റ്റി.പിള്ള ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാജീവ്.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശ്രീദേവി.ആർ ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.എ.പി.ഷിബു , സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ടീന ടോം , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.എൻ.ശിവദാസൻ | ചെയർമാൻ | 01-04-2020 | 06-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർമാൻ | 07-11-2020 | 20-12-2020 |
| പി.ശശികല | ചെയർപേഴ്സൺ | 21-12-2020 | 31-03-2021 |
| രാജേഷ് ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 30-09-2020 |
| ധീരജ് മാത്യൂ ജെ.ജെ | സെക്രട്ടറി | 01-10-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലളിതാകുമാരി | കൃഷി ഓഫീസർ | 01-04-2020 | 31-05-2020 |
| Vacant | കൃഷി ഓഫീസർ | 01-06-2020 | 10-06-2020 |
| ഉഷ ജെ | കൃഷി ഓഫീസർ | 11-06-2020 | 31-03-2021 |
| ഡോ.ബീന ഡി | വെറ്ററിനറി സർജൻ | 01-04-2020 | 31-05-2020 |
| ഡോ.വിനയകുമാർ എസ് | വെറ്ററിനറി സർജൻ | 01-06-2020 | 17-08-2020 |
| ഡോ.സുൽഫിക്കർ | വെറ്ററിനറി സർജൻ | 18-08-2020 | 01-10-2020 |
| ഡോ.ഷീല യോഹന്നാൻ | വെറ്ററിനറി സർജൻ | 02-10-2020 | 05-10-2020 |
| ഡോ.രമ എസ് | വെറ്ററിനറി സർജൻ | 06-10-2020 | 01-01-2021 |
| ഡോ.ഷീല യോഹന്നാൻ | വെറ്ററിനറി സർജൻ | 02-01-2021 | 19-01-2021 |
| ഡോ.സുൽഫിക്കർ | വെറ്ററിനറി സർജൻ | 20-01-2021 | 31-03-2021 |
| കുമാരി.എസ്.അനിത | എച്ച് എം. ഗവ.ഗേൾസ് ഹൈസ്കൂൾ | 01-04-2020 | 31-03-2021 |
| ഷൈലജ സി.കെ | മുൻസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ജയരാജ് വി.കെ | അസി. എഞ്ചിനീയർ | 01-04-2020 | 25-05-2020 |
| Vacant | അസി.എഞ്ചിനീയർ | 26-05-2020 | 31-05-2020 |
| ആശ.ആർ | അസി.എഞ്ചിനീയർ | 01-06-2020 | 23-06-2020 |
| ജയരാജ് വി.കെ | അസി.എഞ്ചിനീയർ | 24-06-2020 | 25-08-2020 |
| സുമി സുരേഷ്ബാബു | അസി.എഞ്ചിനീയർ | 26-08-2020 | 31-03-2021 |
| ബിന്ദു എസ് നായർ | പ്രോജക്ട് ഓഫീസർ, ദാരിദ്ര ലഘൂകരണവിഭാഗം | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| മിനി എസ്.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.മനോജ് എൽ | സൂപ്രണ്ട്, താലൂക്കാശുപത്രി | 01-04-2020 | 31-03-2021 |
| ഡോ.വിജയേന്ദ്രൻ | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.മാഗിൻ ബി | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 07-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 07-06-2022) | 1-2 |
| 3 | വാർഷിക കണക്ക് - വർഷങ്ങളായി തുടരുന്ന അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 07-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 02-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 02-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 07-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 07-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 07-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 07-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 07-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: S.Suresh (Audit Officer (HG), On 07-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 07-06-2022) | 1-9 |
| 11 | രസീത് പരിശോധന- കളക്ഷൻതുകയിലെ കുറവ് തിരികെ അടച്ചു<br>Written By: A.P.Shibu (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 07-06-2022) | 1-10 |
| 12 | നഗരസഭയുടെ ഉദാസീനത 412963/-രൂപയുടെ ചെക്കുകളും ഡ്രാഫ്റ്റുകളും ക്ലിയർ ചെയ്യാഞ്ഞിട്ടും നടപടികളില്ല<br>Written By: A.P.Shibu (Senior Grade Auditor, On 06-02-2022)<br>Last Updated By: Rajeev R (Deputy Director, On 02-07-2022) | 1-11 |
| 13 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 07-06-2022) | 1-12 |
| 14 | സ്ഥാപനങ്ങളുടെ/ട്രേഡേഴ്സിന്റെ/പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി - നികുതി പൂർണ്ണമായും ഈടാക്കുന്നില്ല<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-07-2022) | 1-13 |
| 15 | സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നു-തനതു വരുമാനം നഷ്ടമാവുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-06-2022) | 1-14 |
| 16 | ലൈസൻസ് അപാകതകൾ | 1-15 |

| | | |
|---|---|---|
| | Written By: A.P.Shibu (Senior Grade Auditor, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-07-2022) | |
| 17 | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ മൂലം നഗരസഭയ്ക്ക് നഷ്ടം<br>Written By: Rajeev.R (Senior Grade Auditor, On 02-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-06-2022) | 1-16 |
| 18 | അനധികൃത നിർമ്മാണങ്ങൾ രേഖപ്പെടുത്തുന്നില്ല, അവയ്ക്ക് ബാധകമായ നികുതി ഈടാക്കാത്തതു മൂലം നഗരസഭയ്ക്ക് നഷ്ടം<br>Written By: Rajeev.R (Senior Grade Auditor, On 02-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-07-2022) | 1-17 |
| 19 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നഗരസഭ നടപടി സ്വീകരിക്കുന്നില്ല.<br>Written By: Rajeev.R (Senior Grade Auditor, On 02-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 02-07-2022) | 1-18 |
| 20 | ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം<br>Written By: Rajeev.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-06-2022) | 1-19 |
| 21 | റോഡ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിലെ അപാകതമൂലം നഗരസഭയ്ക്ക് നഷ്ടം<br>Written By: Rajeev.R (Senior Grade Auditor, On 02-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 02-07-2022) | 1-20 |
| 22 | നഗരസഭ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികളിൽ അനധികൃത കൈയ്യേറ്റം<br>Written By: Susha.T.Pillai (Asst. Audit Officer, On 05-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-07-2022) | 1-21 |
| 23 | സസ്യമാർക്കറ്റിലെ കടമുറികൾ ലേലം ചെയ്യാത്തതു മൂലം നഗരസഭയ്ക്ക് നഷ്ടം<br>Written By: Rajeev.R (Senior Grade Auditor, On 02-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-07-2022) | 1-22 |
| 24 | ലേലം-തുക ഈടാക്കുന്നില്ല-നഷ്ടം -624700/- രൂപ<br>Written By: A.P.Shibu (Senior Grade Auditor, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-06-2022) | 1-23 |
| 25 | വാടക ലഭിക്കാത്തതുമൂലം നഗരസഭയ്ക്ക് നഷ്ടം<br>Written By: Rajeev.R (Senior Grade Auditor, On 02-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-06-2022) | 1-24 |
| 26 | കായംകുളം മാസ്റ്റർ പ്ലാൻ<br>Written By: Susha.T.Pillai (Asst. Audit Officer, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-06-2022) | 1-25 |
| 27 | ക്യാന്റീൻ വാടക കുടിശ്ശിക ഈടാക്കിയില്ല-168946/-രൂപ നഷ്ടം<br>Written By: A.P.Shibu (Senior Grade Auditor, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-06-2022) | 1-26 |
| 28 | നിയമ വിരുദ്ധമായി തസ്തിക സൃഷ്ടിച്ച് നിയമനം-അന്വേഷണവും തുടർ നടപടിയും അനിവാര്യം<br>Written By: Susha.T.Pillai (Asst. Audit Officer, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-06-2022) | 1-27 |
| 29 | ബയോകെമിസ്ട്രി അനലൈസറിനായി ലക്ഷങ്ങൾ കെ.എം.എസ്.സി.എൽ -ൽ അടച്ചു -പദ്ധതി ആസൂത്രണത്തിൽ ഗുരുതരമായ വീഴ്ച<br>Written By: Susha.T.Pillai (Asst. Audit Officer, On 05-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-06-2022) | 1-28 |
| 30 | മുന്നൊരുക്കമോ ഉപയോഗ സാധ്യതയോ വിലയിരുത്താതെ ലിഫ്റ്റ് സ്ഥാപിച്ചു<br>Written By: Susha.T.Pillai (Asst. Audit Officer, On 05-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-06-2022) | 1-29 |
| 31 | ബയോസേഫ്റ്റി ക്യാബിൻ സ്ഥാപിച്ചിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 05-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 08-06-2022) | 1-30 |
| 32 | സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിട്ടും സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ സർക്കാർ ഉത്തരവിനു വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസി | 1-31 |

| | | |
|---|---|---|
| | മുഖേന നടത്തുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 16-04-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-06-2022) | |
| 33 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം -ന്യൂനതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 09-06-2022) | 1-32 |
| 34 | വെള്ളക്കര കുടിശ്ശിക നാൾക്കുനാൾ വർദ്ധിക്കുന്നു- നഗര സഭയ്ക്ക് വൻബാദ്ധ്യത<br>Written By: Susha.T.Pillai (Asst. Audit Officer, On 05-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 09-06-2022) | 1-33 |
| 35 | ചെയ്ത പ്രവൃത്തിയുടെ മൂല്യത്തേക്കാൾ അധികം നൽകിയത് 2.85 ലക്ഷം<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-06-2022) | 1-34 |
| 36 | വളയിക്കകത്ത് റോഡ് മെയിന്റനൻസ്-54.9% കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തിക്ക് GST അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 09-06-2022) | 1-35 |
| 37 | GST തുക രണ്ടു തവണ പിൻവലിച്ചു<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 07-02-2022) | 1-36 |
| 38 | സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-37 |
| 39 | ടാർവീപ്പയുടെ വില ഈടാക്കിയില്ല.<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-38 |
| 40 | നായ്ക്കൻ പറമ്പ് മൂലയിൽ റോഡ് റീടാറിംഗ് - 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന് GST നൽകി<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-39 |
| 41 | GST സ്രോതസിൽ നിന്നും ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-40 |
| 42 | നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-41 |
| 43 | നിർദ്ദിഷ്ട സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ്<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-42 |
| 44 | കാന നിർമ്മാണം - കവറിംഗ് സ്ലാബ് കൂടുതൽ വീതിയിൽ സ്ലാബ് നിർമ്മിച്ചിരിക്കുന്നത് അധികച്ചെലവിനിടയാക്കി<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-43 |
| 45 | കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു.<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-07-2022) | 1-44 |

| | | |
|---|---|---|
| 46 | സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു.പെയിന്റിംഗിന് ആവശ്യമില്ലാത്ത ഇനം ചെയ്ത് അധികച്ചെലവ് വരുത്തി. അധികം ചെലവഴിച്ചത് 86320/- രൂപ<br>Written By: S.Suresh (Audit Officer (HG), On 07-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-07-2022) | 1-45 |
| 47 | റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കാതെ തുക ചെലവഴിച്ചു<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-07-2022) | 1-46 |
| 48 | ടാർ വീപ്പയുടെ വില കുറവ് ചെയ്യുന്നത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-47 |
| 49 | പെയിന്റിംഗ് - ആവശ്യമില്ലാത്ത ഇനം ചെയ്ത് അധികച്ചെലവ് വരുത്തി<br>Written By: S.Suresh (Audit Officer (HG), On 03-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-48 |
| 50 | വിത്തുകളുടെ സ്റ്റോക്കിലും വിതരണത്തിലും അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-49 |
| 51 | അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-50 |
| 52 | ആദായ നികുതി ഈടാക്കിയിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-51 |
| 53 | എസ്.എൽ .ഐ പ്രീമിയം അടച്ചിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-52 |
| 54 | ലോഗ് ബുക്ക് യഥാവിധി സൂക്ഷിക്കുന്നില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 05-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-53 |
| 55 | ലൈബ്രറിയുടെ നിലവാരം ഉയർത്തൽ -പദ്ധതി നടത്തിപ്പ് സുതാര്യമല്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 05-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-54 |
| 56 | സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-55 |
| 57 | കുഴൽ കിണർ നിർമ്മാണം - വിനിയോഗ രേഖകളില്ല-<br>Written By: P.Sabu (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-56 |
| 58 | ഹോമിയോ ആശുപത്രി= മരുന്നുകൾ ലഭ്യമാക്കിയില്ല 51050/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-57 |
| 59 | ആട് വളർത്തൽ-പദ്ധതി പൂർണ്ണമായും നടപ്പാക്കിയില്ല,312000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-58 |
| 60 | കമ്പ്യൂട്ടർ വാങ്ങൽ & ഇൻവെർട്ടർ വാങ്ങൽ ബില്ലുകൾ ഹാജരാക്കിയില്ല 96770/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 1-59 |
| 61 | കമ്പ്യൂട്ടർ വാങ്ങൽ 37200/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 04-02-2022) | 1-60 |

| | | |
|---|---|---|
| | Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | |
| 62 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകൾ- ന്യൂനതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 1-61 |
| 63 | അംഗൻവാടി പോഷകാഹാര പദ്ധതി- ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പാക്കിയിട്ടില്ല<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 1-62 |
| 64 | ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്നതിലെ അപാകതകൾ സംബന്ധിച്ച്-<br>Written By: P.Sabu (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-63 |
| 65 | സ്ട്രീറ്റ് ലൈറ്റ്-ലൈൻ എക്സ്റ്റൻഷൻ: വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Jayakrishna R (Asst. Audit Officer, On 09-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-64 |
| 66 | തുല്യതാപരീക്ഷ-വിശദാംശങ്ങൾ ലഭ്യമല്ല, തുക തടസ്സപ്പെടുത്തുന്നു<br>Written By: Jayakrishna R (Asst. Audit Officer, On 09-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-65 |
| 67 | ബക്കറ്റ് കമ്പോസ്റ്റ്, ബയോ ബിൻ വിതരണം വിശദവിവരങ്ങൾ ലഭ്യമല്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakrishna R (Asst. Audit Officer, On 09-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-66 |
| 68 | സ്ട്രീറ്റ് ലൈറ്റ് എൽ.ഇ.ഡി ആക്കൽ പ്രോജക്ടുകൾ-വിശദാംശങ്ങൾ സൂക്ഷിക്കപ്പെട്ടിട്ടില്ല,ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jayakrishna R (Asst. Audit Officer, On 09-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 10-06-2022) | 1-67 |
| 69 | പി.എം.എ.വൈ അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 05-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 1-68 |
| 70 | അഗതി രഹിത കേരളം പദ്ധതി-അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 1-69 |
| 71 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-നഗരസഭയിൽ<br>Written By: Jayakrishna R (Asst. Audit Officer, On 07-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 1-70 |
| 72 | പെൻഷൻ കോൺട്രിബ്യൂഷൻ-തനതു ഫണ്ടിന് അധിക ബാദ്ധ്യത<br>Written By: Susha.T.Pillai (Asst. Audit Officer, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 1-71 |
| | ഭാഗം **2** | |
| 1 | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ മൂലം നഗരസഭയ്ക്ക് നഷ്ടം<br>Written By: Rajeev.R (Senior Grade Auditor, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 2-1 |
| 2 | റോഡ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിലെ അപാകതമൂലം നഗരസഭയ്ക്ക് നഷ്ടം<br>Written By: Rajeev.R (Senior Grade Auditor, On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 2-2 |
| | ഭാഗം **3** | |
| 1 | ചെയ്ത പ്രവൃത്തിയുടെ മൂല്യത്തേക്കാൾ അധികം നൽകിയത് 2.85 ലക്ഷം<br>Written By: S.Suresh (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 3-1 |
| 2 | സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു.പെയിന്റിംഗിന് | 3-2 |

| | | |
|---|---|---|
| | ആവശ്യമില്ലാത്ത ഇനം ചെയ്ത് അധികച്ചെലവ് വരുത്തി. അധികം ചെലവഴിച്ചത് 71320/-രൂപ<br>Written By: S.Suresh (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | |
| 3 | 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തിക്ക് GST അനുവദിച്ചു. അധികം ചെലവഴിച്ചത് 64129/-<br>Written By: S.Suresh (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 3-3 |
| 4 | GST തുക രണ്ടു തവണ പിൻവലിച്ചു. അധികം പിൻവലിച്ചത് 59299/-<br>Written By: S.Suresh (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 3-4 |
| 5 | 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന് GST നൽകി<br>Written By: S.Suresh (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 3-5 |
| 6 | വാർഡ് 25ലെ അംഗൻവാടി നിർമ്മാണം-സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു.പ്രവൃത്തിയിൽ പല ഇനങ്ങളിലായി അധികം ചെലവഴിച്ചത് 51375/-<br>Written By: S.Suresh (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 3-6 |
| 7 | ടാർവീപ്പയുടെ വില ഈടാക്കിയില്ല.നഷ്ടം 46084/-<br>Written By: S.Suresh (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 3-7 |
| 8 | നിർദ്ദിഷ്ട സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ്. കുറവു വന്ന തുക 22091/-<br>Written By: S.Suresh (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 3-8 |
| 9 | പെയിന്റിംഗ് - ആവശ്യമില്ലാത്ത ഇനം ചെയ്ത് 13780/- രൂപ അധികച്ചെലവു വരുത്തി<br>Written By: S.Suresh (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 3-9 |
| 10 | GST സ്രോതസിൽ നിന്നും ഈടാക്കിയില്ല - ഈടാക്കേണ്ട GST 8818/-<br>Written By: S.Suresh (Audit Officer (HG), On 04-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-07-2022) | 3-10 |
| 11 | വിത്തുകളുടെ സ്റ്റോക്കിലും വിതരണത്തിലും അപാകതകൾ<br>Written By: S.Suresh (Audit Officer (HG), On 14-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 14-06-2022) | 3-11 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-02-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-02-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: Sreedevi.R (Senior Grade Auditor, On 01-02-2022) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sreedevi.R (Senior Grade Auditor, On 10-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 13-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 06-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sreedevi.R (Senior Grade Auditor, On 01-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 03-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 30.03.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 685199677 | 626179000 |
| ഇൻകം & എക്സ്പെന്റീച്ചർ കണക്ക് പ്രകാരം | 506820257 | 471556815 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021 | 30.07.2021 |

## 1-2-1 വാർഷിക കണക്ക് - വർഷങ്ങളായി തുടരുന്ന അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു. അപാകതകളിൽ പലതും വർഷങ്ങളായി നിലനിൽക്കുന്നവയാണ്. ടി അപാകതകൾ പരിഹരിച്ച് വാർഷിക കണക്ക് കുറ്റമറ്റതാക്കേണ്ടതുണ്ട്.

1. ബാലൻസ് ഷീറ്റിൽ ADCB 2895 എന്ന തനത് ഫണ്ട് അക്കൌണ്ടിൽ വർഷങ്ങളായി 104106.92/-രൂപ നീക്കിയിരിപ്പുള്ളതായി കാണിച്ചിരിക്കുന്നു. ഒരേ തുക തന്നെ വർഷങ്ങളായി ഈ അക്കൌണ്ടിൽ നീക്കിയിരിപ്പുള്ളതായി കാണിച്ചിരിക്കുന്നു. ഈ അക്കൌണ്ടിൽ വരവുകളും ചെലവുകളും ഉള്ളതായി കാണിച്ചിട്ടില്ല. പരിശോധനയിൽ ആവശ്യപ്പെട്ടെങ്കിലും അക്കൌണ്ടിന്റെ സ്ഥിതി വിവരങ്ങൾ കാലികമാക്കി ലഭ്യമാക്കിയിട്ടില്ല.
2. തനത് ഫണ്ടിനായി നിരവധി ബാങ്ക് അക്കൌണ്ടുകൾ സൂക്ഷിക്കപ്പെടുന്നു. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്(സർക്കുലർ നം.58725/എഫ്.എം.3/2008/തസ്വഭവ, 26.5.2011)

A.എസ്.ബി.റ്റി തനത് ഫണ്ട് അക്കൌണ്ട്

B.സിൻഡിക്കേറ്റ് ബാങ്ക് തനത് ഫണ്ട് അക്കൌണ്ട്

C.യൂണിയൻ ബാങ്ക് സ്പെഷ്യൽ തനത് ഫണ്ട് അക്കൌണ്ട്

D.എ.ഡി.സി.ബി-2895 അക്കൌണ്ട്

3. വാറ്റ് ഇനത്തിൽ അടയ്ക്കാൻ ബാക്കിയുള്ള തുകയായി മുൻ ഓഡിറ്റ് റിപ്പോർട്ടിൽ (2018-19, ഖണ്ഡിക1-84)പരാമർശിച്ചിരുന്ന തുക(85051/-രൂപ) തന്നെ 2020-21ലും ബി-9ഷെഡ്യൂളിൽ, (ഹെഡ്-350200211) തുടരുന്നു. മാത്രമല്ല ഈ തുകയുടെ നിജസ്ഥിതി നഗരസഭ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.
4. ബി4ഷെഡ്യൂളിൽ ബാധ്യതയായി കാണുന്ന ചുവടെ ചേർക്കുന്ന തുകകൾ തന്നെയാണ് മുൻവർഷങ്ങളിലെ ബാലൻസ് ഷീറ്റിലും കാണിച്ചിരുന്നത്. ബാധ്യതയായി തുടരുന്ന ടി തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

| | |
|---|---|
| Dev.fund Special Grant-capital | 50000/- |
| Fund For Transferred Institutions-education-capital | 1460000/- |

5. ബി18 ഷെഡ്യൂളിൽ ആസ്തിയായി വർഷങ്ങളായി ഒരേ തുക Loans Advance& Depositsഎന്ന ഇനത്തിൽ കാണുന്നു. ടി തുകയുടെ കൃത്യത വിശദമാക്കേണ്ടതാണ്.

| | |
|---|---|
| Housing Loan To Employees | 9414/- |
| Marriage Loan | 14758/- |
| Electricity Deposits | 151400/- |
| Other Deposits With External Agencies | 9200/- |

6. അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള 2020-21വർഷത്തെ ക്രമീകരിക്കുവാനുള്ള മുൻകൂർ 396703/-രൂപ ആണ്. ഈ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിൽ ബി-18 ഷെഡ്യൂൾ പ്രകാരമുള്ള ആകെ തുക 2181308.84/-രൂപയാണ്.

7. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വിവിധ നിക്ഷേപങ്ങളുടെ വിവരം തയ്യാറാക്കപ്പെട്ടിട്ടില്ലാത്തതിനാൽ B-7ഷെഡ്യൂളുമായി ഒത്തുനോക്കാൻ സാധിക്കുന്നില്ല. കൂടാതെ, ചുവടെ ചേർക്കുന്ന ഇനങ്ങളിലെ നിക്ഷേപ ബാധ്യത

2018-19മുതൽ ഒരേ തുക തന്നെയാണ് തുടരുന്നത്. വിശദീകരിക്കേണ്ടതാണ്.

| | |
|---|---|
| Contractors Retention Money-specific Grants | 847160/- |
| Contractors Retention Money-specific Funds | 54146/- |

8. 2020-21 വാർഷിക കണക്കിൽ ലോൺ ബാധ്യത ഇനത്തിൽ HUDCO ലോൺ ബാധ്യത 47,666,667/- ഉള്ളതായി കാണിച്ചിട്ടുണ്ട്. തുകയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.
9. ചുവടെ ചേർക്കുന്ന ഇനത്തിൽ RP.5, I.5(b) ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല.

Sale Of Other Products, Head.150109900 എന്ന ഇനത്തിൽ RP.5 തുക 139991/-, എന്നാൽ I.5(b) തുക 110881/- ആണ്.

10. ബാങ്ക് റിക്കൺസിലിയേഷനിൽ ഉള്ള അപാകതകൾ:

എ.കാലഹരണണപ്പെട്ട ചെക്കുകൾ റിക്കൺസിലിയേഷനിൽ തുടരുന്നു:

ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ പരിശോധിച്ചതിൽ വർഷങ്ങളായി Cheque Deposited But Not Cleared, Cheque Issued But Not Presented Into Bank/Treasury എന്ന വിവരണത്തോടെ, ഒരേ ചെക്കുകൾ റിക്കൺസിലിയേഷനിൽ ഉൾപ്പെടുത്തിക്കാണുന്നു. ചെക്കുകൾ സമയപരിധിക്കകം മാറാതെ വരുന്ന പക്ഷം റദ്ദാക്കപ്പെടുമെന്നതിനാൽ ഇപ്രകാരം റിക്കൺസിലിയേഷൻ തയ്യാറാക്കപ്പെട്ടത് സ്വീകാര്യമല്ല. ശരിയായ രീതിയിൽ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തപ്പെടാതെ വരുന്നതാണ് ടി അപാകതയ്ക്ക് കാരണമെന്ന് കാണുന്നു. ഇപ്രകാരം റെക്കൺസിലിയേഷനിൽ പരാമർശിച്ച കാലഹരണപ്പെട്ട് പോയ ചെക്കുകൾക്ക് പകരം ചെക്കുകൾ ലഭിച്ചിരുന്നുവോ/പുതിയ ചെക്കുകൾ പുറപ്പെടുവിച്ചുവോ എന്നത് പരിശോധിച്ച് വിശദവിവരം അറിയിക്കേണ്ടതും ടി അക്കൌണ്ടുകളുടെ ശരിയായ റിക്കൺസിലിയേഷൻ തയ്യാറാക്കി അക്കൌണ്ടുകളുടെ ശരിയായ നീക്കിയിരിപ്പ് ക്രമപ്പെടുത്തേണ്ടതാണ്.

Union Bank Special Own Fund 9122

ADCB Own Fund 2895

Sbt Own Fund 57025761771

ബി. കാനറ ബാങ്ക്(അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി) അക്കൌണ്ട് നം.72751-ൽ 2019-20ലും 2020-21ലും ബാങ്ക് റിക്കൺസിലിയേഷനിൽ ഒരേ തുകയാണ് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതായി തെറ്റായി കാണിച്ചിരിക്കുന്നത് (-18358) ഇപ്രകാരം നെഗറ്റീവായ ഒരു തുക തെറ്റായി റിക്കൺസിലിയേഷനിൽ കാണിച്ചിരിക്കുന്നുവെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഇത് യഥാക്രമം 59190/-, 3162136/- വീതം ആണ്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവ് വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

സി. Syndicate Bank-SJSRY Account-ൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക 4063756/- ആയിരിക്കവെ, റിക്കൺസിലിയേഷനിൽ വ്യത്യസ്തമായ തുകയാണ്(4032091രൂപ) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതായി കാണിച്ചിട്ടുള്ളത് (പലിശ 31665/- വിട്ടുപോയതാണെന്ന് കാണുന്നു)

11. വിവിധ നികുതി-നികുതിയേതര വരവുകളുടെ വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകൾ വ്യക്തമാക്കുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
12. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെടുന്നില്ല.
13. ഓഡിറ്റ് റിക്കവറി വിശദാംശങ്ങൾ ചേർത്തുകൊണ്ട്, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല.
14. ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 83359735.98 |
| വരവ് | 368794862 |
| ആകെ | 452154597.98 |
| ചെലവ് | 344334836 |
| നീക്കിയിരിപ്പ് | 107819761.98 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ക്രമ | ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| നം. | | | | | | |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 0 | 97092495 | 97092495 | 89976610 | 7115885 |
| 2 | വികസനഫണ്ട്-എസ്.സി.പി | 0 | 17985900 | 17985900 | 10884877 | 7101023 |
| 3 | വികസനഫണ്ട്-ടി.എസ്.പി | 0 | 446000 | 446000 | 0 | 446000 |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 0 | 30042000 | 30042000 | 26593683 | 3448317 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | 0 | 18895969 | 18895969 | 13582535 | 5313434 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ്- Tied | 0 | 46110000 | 46110000 | 4846142 | 41263858 |
| 7 | Untied | 0 | 112049289 | 112049289 | 58280188 | 53769101 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 509 | 378945597 | 338 | 203416900 | 26 | 171 | 53.67 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 59190 | 10561714 | 10620904 | 7475655 | 3145249 |

(വാർഷിക കണക്കിൽ വരവ്-ചെലവ് കണക്കുകൾ ഉൾപ്പെടാത്തതിനാൽ നഗരസഭയിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളാണ് ചേർത്തിരിക്കുന്നത്).

## 1-7 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് നഗരസഭയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 260520 | വിവരം ലഭ്യമല്ല |
| കർഷകതൊഴിലാളി പെൻഷൻ | 3358800 | 1785 |
| വിധവാ പെൻഷൻ | 40779000 | വിവരം ലഭ്യമല്ല |
| വാർദ്ധക്യകാല പെൻഷൻ | 99673300 | വിവരം ലഭ്യമല്ല |
| വികലാംഗ പെൻഷൻ | 15068649 | വിവരം ലഭ്യമല്ല |
| അവിവാഹിത പെൻഷൻ | 805900 | 431 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ വകുപ്പ് - 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2022-ന് സ്ഥാപനമേധാവിയുടെ/ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 112389/- രൂപയുടെ

ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. നഗരസഭയുടെ ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
2. വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.
3. നഗരസഭയുടെ അധീനതയിലുള്ള ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. ഇതുമൂലം നഗരസഭയുടെ അധീനതയിലുള്ള ആസ്തികളിന്മേലുള്ള കൈയ്യേറ്റങ്ങൾ തടയാനും അധികൃതർക്കു കഴിയുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം നഗരസഭയിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
4. വസ്തുനികുതി പരിഷ്കരണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. നഗരസഭയിലെ അനധികൃത കൈയ്യേറ്റങ്ങളും നിർമ്മാണ പ്രവൃത്തികളും തടയുന്നതിലേക്ക് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല.
6. നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ/കടമുറികളുടെ വാടകയിനത്തിൽ നിലനിൽക്കുന്ന വൻകുടിശ്ശിക ഈടാക്കാൻ ഫലപ്രദമായ നടപടിയില്ല.
7. നഗരസഭ എടുക്കുന്ന തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നത് വാച്ച് ചെയ്യപ്പെടുന്നില്ല. ഇതിലേക്ക് വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല.
8. 2022-ൽ 100 വർഷം പൂർത്തിയാകുന്ന നഗരസഭയുടെ നിലവിലുണ്ടായിരുന്ന മാസ്റ്റർ പ്ലാൻ അവസാനിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മാസ്റ്റർ പ്ലാൻ പുതുക്കി അംഗീകാരം വാങ്ങുവാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല.
9. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതികൾ മോണിട്ടർ ചെയ്യപ്പെട്ടതിന് ഫയലിൽ രേഖയില്ല. മരാമത്തുവേലകളുടെ നിർവ്വഹണത്തിൽ അപാകതകൾ ഉണ്ടായിട്ടും ഇതു തടയുന്നതിലേക്കാവശ്യമായ ഫലപ്രദമായ ഇടപെടൽ കൗൺസിൽ നടത്തിയിട്ടില്ല.
10. നഗരസഭയുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്കുകൾ നിയമാനുസൃതം പരിപാലിക്കുന്നില്ല. ഇന്ധനം വാങ്ങൽ, അറ്റകുറ്റപ്പണി എന്നിവ സംബന്ധമായുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നു. ജി ഒ (എം എസ്) 170/07 തസ്വഭവ 30.06.07 പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതും ആണ്. എന്നാൽ ഇപ്രകാരം ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല.
11. വിവിധ ആവശ്യങ്ങൾക്കായി തുക മുൻകൂറായി കൈപ്പറ്റിയ ഉദ്യോഗസ്ഥർ ചെലവുരേഖകൾ ഹാജരാക്കി മുൻകൂർ ക്രമീകരിക്കുകയോ അഡ്വാൻസ് തുക തിരിച്ചടക്കുകയോ ചെയ്യാതിരുന്നിട്ടും മുൻകൂർ തുക പലിശ സഹിതം ഈടാക്കുന്നതിലേക്ക് ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടില്ല.
12. നഗരസഭയിലെ തെരുവുവിളക്കുകൾ എൽ.ഇ.ഡി ആക്കി മാറ്റിയെങ്കിലും കറണ്ട് ചാർജിനത്തിൽ ആനുപാതിക കുറവൊന്നും നഗരസഭക്കുണ്ടായിട്ടില്ല. തെരുവുവിളക്കുകളുടെ എണ്ണവും ഇനവും സംബന്ധിച്ച് കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ കണക്ക് ലഭ്യമല്ല. തെരുവുവിളക്കിന് മീറ്റർ സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി യിൽ അടച്ചതുക നീക്കിയിരുപ്പായി ഇപ്പോഴും അവശേഷിക്കുന്നു.
13. KURDFC യിൽ നിന്ന് 6.4 കോടി രൂപ വായ്പയെടുത്ത് നിർമ്മിച്ച സസ്യ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെ ഉദ്ഘാടനം നടത്തിയ കെട്ടിടങ്ങൾ/കടമുറികൾ ലേലം ചെയ്ത് വരുമാന വർദ്ധനവ് ഉണ്ടാക്കാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല.
14. മുൻവർഷം വൻതുക മുടക്കി നഗരസഭ സ്ഥാപിച്ച വാട്ടർ കിയോസ്ക്, അറവുശാലയിൽ സ്ഥാപിച്ചിട്ടുള്ള ETP, താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ചിരുന്ന ബയോ സേഫ്റ്റി ക്യാബിൻ, എയ്റോബിക് കംപോസ്റ്റ് എന്നിവ പാതിവഴിയിൽ നിലച്ചിട്ടും പ്രവർത്തനക്ഷമമാക്കാൻ ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടില്ല.

15. നഗരസഭയെ അലട്ടുന്ന മുഖ്യവിഷയമായ മാലിന്യനിർമ്മാർജ്ജനത്തിന് ശാശ്വതപരിഹാരമെന്ന നിലയിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന മാലിന്യസംസ്കരണ പ്ലാന്റ് ഇനിയും പൂർത്തിയാക്കാനായില്ല.
16. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ 1997 ന ശേഷം അടവു വരുത്തിയിട്ടില്ല. ഇതുമൂലം പെൻഷൻ വിതരണത്തിനായി നഗരസഭയ്ക്ക് തനതുഫണ്ടിൽ നിന്നും അധിക ബാധ്യതയുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടും പെൻഷൻ വിഹിതം അടയ്ക്കാൻ നടപടികളില്ല.
17. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് നഗരസഭയിൽ ലഭിച്ച് കഴിഞ്ഞിട്ടും നിയമാനുസൃതം ആയത് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടില്ല.
18. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, നഗരസഭയിലെ തനത് ഫണ്ട് അക്കൗണ്ടായ യൂണിയൻ ബാങ്ക് (അക്കൗണ്ട് നം.553602010009122) അക്കൗണ്ടുമായി താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും പല ചെക്കുകൾ/ഡ്രാഫ്റ്റുകളും ക്ലിയർ ചെയ്ത് തുക ക്രഡിറ്റിൽ വന്നതായി കാണുന്നില്ല. ചെക്കുകളും ഡ്രാഫ്റ്റുകളും മുഖേന സ്വീകരിച്ചിട്ടുള്ള നികുതികൾ ബിൽ കളക്ടർമാർ സൂക്ഷിക്കുന്ന ഹാൻഡ് ബുക്ക് പ്രകാരം കെട്ടിട നികുതി, തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെക്ക് & ഡ്രാഫ്റ്റ് പ്രകാരമുള്ള തുക കളക്ഷൻ വന്നതായി കാണുന്നില്ല.
19. സംസ്ഥാന സർവ്വീസ് ജീവനക്കാരുടെ 2014 ശമ്പള പരിഷ്കരണത്തിന് അനുസൃതമായി അടയ്ക്കേണ്ട എസ്.എൽ.ഐ പ്രീമിയം തുക ജി.ഒ(പി) 149/2016 ധന/04.10.2016 പ്രകാരം 01.01.2017 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിരുന്നു. ജീവനക്കാരുടെ 2020-21 ലെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ കുറച്ചു ജീവനക്കാർ എസ്.എൽ.ഐ പ്രീമിയം തുക അടച്ചിട്ടില്ല എന്ന് കാണുന്നു.
20. നഗരസഭയിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിതരായവർ ആരും തന്നെ നഗരസഭയുമായി സേവന -വേതന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.
21. സാമൂഹ്യ സുരക്ഷ പെൻഷനുകൾ പെൻഷനറുടെ മരണാനന്തരവും സസ്പെന്റ് ചെയ്യപ്പെടാതെ ആക്റ്റീവായി തുടർന്നതിനാൽ ബാങ്ക് മുഖാന്തിരം പെൻഷൻ ലഭിച്ചുപോരുന്ന പെൻഷനറുടെ അക്കൌണ്ടിലേക്ക് മരണശേഷവും തുക ക്രഡിറ്റാകുന്നു. സഹകരണ ബാങ്കുകൾ മുഖേന/ഡയറക്റ്റ് ടു ഹോം ആയി പെൻഷൻ ലഭിക്കുന്ന പെൻഷനേഴ്സിന് മസ്റ്ററിങ് പൂർത്തീകരിക്കുകയോ/ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞുവച്ചിരിക്കുമ്പോഴും നിലവിലും ഇവരുടെ അക്കൌണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്യുന്നതായി കാണുന്നു.
22. കായംകുളം നഗരസഭയുടെ മൂന്നാം നിലയിലെ പുതിയ കൗൺസിൽ ഹാളിലേക്ക് ലിഫ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപിച്ച ലിഫ്റ്റ് പ്രവർത്തന ക്ഷമമെന്ന് സ്ഥാപനം ഉറപ്പു നല്കിയിട്ടും ഉപയോഗിക്കുന്നില്ല.
23. നഗരസഭ കൗൺസിൽ ഹാൾ നവീകരണം പൂർത്തീകരിച്ച് ഹാൾ നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിയിലും നവീകരിച്ച ഹാൾ ഉപയോഗിക്കുന്നില്ല.
24. നഗരസഭയിലെ സഞ്ചയ സോഫ്റ്റ്‌വെയറിലെ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരം വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളുടെ വിവരങ്ങളും ലൈസൻസ് രജിസ്റ്ററും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും പകുതി പോലും ലൈസൻസ് എടുത്തതായി കാണുന്നില്ല
25. നഗരസഭയുടെ 2021 സെപ്റ്റംബറിലെ വെള്ളക്കരത്തിന്റെ ഡിമാന്റ് നോട്ടീസ് പ്രകാരം 712 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 13,41,74,855/-രൂപ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുവാനുള്ളതായി കാണുന്നു. 2020-21 വർഷം വെള്ളക്കരമിനത്തിൽ തുകയൊന്നും അടവാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കാൻ ക്രിയാത്മക നിർദ്ദേശം കൗൺസിൽ നൽകേണ്ടതും ആഭ്യന്തര നിയന്ത്രണം മികവുറ്റതാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-10 രസീത് പരിശോധന- കളക്ഷൻതുകയിലെ കുറവ് തിരികെ അടച്ചു

നഗരസഭ ലൈബ്രറിയുടെ രസീത് പരിശോധനയിൽ 14/11/18 തീയതിയിലെ രസീത് നം. 135 പ്രകാരം ലിജോ, കണ്ണംതറയിൽ വാർഡ്-13 എന്നയാൾ അടച്ച 201/- രൂപ നഗരസഭയിൽ ഒടുക്കാതെ അവശേഷിച്ചിരുന്നത്, ഓഡിറ്റ് എൻക്വയറി നം. 29/20-21 മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് രസീത് നം. 01/121010120642 പ്രകാരം 27/1/2022 ൽ നഗരസഭയിലേക്ക് ഒടുക്കിയിട്ടുണ്ട്.

നഗരസഭ ലൈബ്രറിയുടെ 16/08/19 ലെ രസീത് നം. 178 ന്റെ കാർബൺ കോപ്പി പ്രകാരം നിയാസ്.എ.എൽ എന്നയാൾ 2017 മുതൽ 2019 വരെയുള്ള വരിസംഖ്യ പുതുക്കുവാൻ അടച്ച 120/- രൂപ തിരുത്തി 60/- രൂപ എന്നാക്കിയിരുന്നു. ഓഡിറ്റ് അന്വേഷണം നം. 29/20-21 പ്രകാരം അറിയിച്ചതിനെ തുടർന്ന്, കുറവ് വന്ന 60/- രൂപ രസീത് നം. 01/121010120640 പ്രകാരം 27/1/2022 ൽ നഗരസഭയിലേക്ക് ഒടുക്കിയിട്ടുണ്ട്.

## 1-11 നഗരസഭയുടെ ഉദാസീനത 412963/-രൂപയുടെ ചെക്കുകളും ഡ്രാഫ്റ്റുകളും ക്ലിയർ ചെയ്യാഞ്ഞിട്ടും നടപടികളില്ല

കായംകുളം നഗരസഭയിലെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2019-20, 2020-21 വർഷങ്ങളിൽ നഗരസഭയിൽ 412963/-രൂപയുടെ ചെക്കുകൾ ക്ലിയർ ചെയ്തതായി കാണുന്നില്ല, ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ നഗരസഭയിലെ തനത് ഫണ്ട് അക്കൗണ്ടായ യൂണിയൻ ബാങ്ക് (അക്കൗണ്ട് നം 553602010009122) അക്കൗണ്ടുമായി താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന ചെക്കുകൾ/ഡ്രാഫ്റ്റുകൾ ക്ലിളിയർ ചെയ്തതയി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | തീയതി | ചെക്ക്/ഡ്രാഫ്റ്റ് നം./തീയതി | ചെക്കിന്റെ/ ഡ്രാഫ്റ്റിന്റെ തുക | ചെക്ക് നൽകിയതിന്റെ വിവരങ്ങൾ | ചെക്ക് നൽകിയ ബാങ്കിന്റെ പേര് | രസീത് നം. |
|---|---|---|---|---|---|---|
| 1 | 06/04/19 | 743732/ 15-03-19 | 1950 | സ്റ്റോർ മാനേജർ റിലയൻസ് റീടെയിൽ ലിമിറ്റഡ് | എച്ച്.ഡി.എഫ്.സി | 400001/ 6-04-19 |
| 2 | 12/04/19 | 293340/ 02-04-19 | 21150 | മാനേജർ എച്ച് ഡി ബി ഫിനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ് | എച്ച്.ഡി.എഫ്.സി | 500010/50001 /12-04-19 |
| 3 | 26/09/19 | 281995/ 29-02-19 | 13750 | സീനി. അസി.ഫിനാൻഷ്യൽ അഡ്വൈസർ സതേൺ റെയിൽവേ (പ്രൊഫഷൻ ടാക്സ് 2019-20 ആദ്യപകുതി) | എസ് ബിഐ | 500102 |
| 4 | 05/03/20 | 229502/ 05-02-20 | 20000 | എസ്.ബി.ടി കായംകുളം ടൗൺ പ്രൊഫഷൻ ടാക്സ് 19-20 II ഹാഫ് | എസ് ബിഐ | 500174 |
| 5 | 07/03/20 | 899567/ 04-03-20 | 8750 | യൂണിയൻ ബാങ്ക് പ്രൊഫഷൻ ടാക്സ് 19-20 II Nd Half | യൂണിയൻ ബാങ്ക് | 40050/ 07-03-20 |
| 6 | 10/03/20 | 110120/ 25-02-20 | 27649 | കൃഷ്ണകുമാർ &അനില വൈഷ്ണവം | ഫെഡറൽ ബാങ്ക് | 500180/ 10-03-20 |
| 7 | 20/03/20 | 581728/ 07-03-20 | 1250 | കാനറ ബാങ്ക് കായംകുളം Inst Tax 19-20 | കാനറ ബാങ്ക് | 500184/ 12-03-20 |
| 8 | 23/03/20 | 0000731/ 20-03-20 | 6250 | ഇന്ത്യ സിമന്റ്സ് ലിമിറ്റഡ് പ്രൊഫഷൻ ടാക്സ് 19-20 2nd Half | എച്ച്.ഡി.എഫ്.സി | 500205/ 23-03-20 |
| 9 | 30/04/20 | 712221/ 30-04-20 | 38500 | മദ്രസുത്തുൾ ഖിദായത്തമുൾ ഇസ്‌ളാമുൾ ഹസ്സാനിയ, | ഇന്ത്യൻ ബാങ്ക് | 500006/ 30-04-20 |

| | | | | | | |
|---|---|---|---|---|---|---|
| | | | | കായംകുളം പ്രോപ്പർട്ടി ടാക്സ് 2019-20 | | |
| 10 | 05/05/20 | 712213/ 20-03-20 | 5500 | മാനേജർ ഇന്ത്യൻ ബാങ്ക് പ്രൊഫഷൻ ടാക്സ് 19- 20 2nd Half | ഇന്ത്യൻ ബാങ്ക് | 400006/ 06-05-20 |
| ആകെ | | | 144749 | | | |

2)താഴെപ്പറയുന്ന ചെക്കുകൾ/ഡ്രാഫ്റ്റുകൾ ബാങ്കിൽ നിന്നും റിജക്റ്റ് ചെയ്തതായി കണ്ടു. വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | തീയതി | ചെക്ക്/ഡ്രാഫ്റ്റ് നം/തീയതി | ചെക്കിന്റെ/ ഡ്രാഫ്റ്റിന്റെ തുക | ചെക്ക് നൽകിയതിന്റെ വിവരങ്ങൾ | ചെക്ക് നൽകിയ ബാങ്കിന്റെ പേര് | രസീത് നം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 07/03/20 | 457402/ 18-02-20 | 1250 | എച്ച്.ഡി.എഫ്.സി ലൈഫ് ഇൻഷ്വറൻസ് കമ്പിനി പ്രൊഫഷൻ ടാക്സ് 2019-20 II -(Inst Tax) | എ.ച്ച്.ഡി. എഫ്.സി | 400059/ 7-3-20 | 11-03-20 ൽ ബാങ്കിൽ നിന്നും റിജക്റ്റ് ചെയ്തിട്ടുണ്ട് |
| 2 | 07/03/20 | 457367 | 16200 | എച്ച്.ഡി.എഫ്.സി ലൈഫ് ഇൻഷ്വറൻസ് കമ്പനി പ്രൊഫഷൻ ടാക്സ് 2019-20 | എച്ച്.ഡി. എഫ്.സി | 40060/ 07-03-20 | 11-03-20 ൽ ബാങ്കിൽ നിന്നും റിജക്റ്റ് ചെയ്തിട്ടുണ്ട് |
| 3 | 30/04/20 | 068868 | 36194 | വിജയൻ തങ്കായത്തിൽ, നടുവിലെ വീട് പ്രോപ്പർട്ടി ടാക്സ് 19-20 | ഫെഡറൽ ബാങ്ക് | 500005/ 30-04-20 | 04-05-20 ൽ ബാങ്കിൽ നിന്നും റിജക്റ്റ് ചെയ്തിട്ടുണ്ട് |
| 4 | 05/05/20 | 712220/ 30-04-20 | 203320 | അബ്ദുൾ സത്താർ സെയ്ദ്, മദ്രസുത്തുൾ ഖിദായത്തമുൾ ഇസ്ളാമുൾ ഹസ്സാനിയ, കായംകുളം | ഇൻഡ്യൻ ബാങ്ക് | 500006/ 30-04-20 | 05-05-20 ൽ ബാങ്കിൽ നിന്നും റിജക്റ്റ് ചെയ്തിട്ടുണ്ട് |
| 5 | 22/03/21 | 282261 | 11250 | സതേൺ റെയിൽവേ എഫ്&സിഎഒ കൺസ്ട്രക്ഷൻസ് പ്രൊഫഷൻ ടാക്സ് | എസ്.ബി.ഐ | 500153/ 22-03-21 | |
| ആകെ | | | 268214 | | | | |

ടി ചെക്കുകൾ/ഡ്രാഫ്റ്റുകൾ ക്ലിയർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാനും ടി ചെക്കുകൾ ക്ളിയർ ചെയ്തിട്ടില്ലെങ്കിൽ ടി തുകകൾ ഈടാക്കാൻ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് ലഭ്യമാക്കാനും

ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് നൽകിയ മറുപടിയിൽ നഗരസഭ ക്യാഷ് സെക്ഷനിൽ എത്തുന്ന ക്യാഷുകളും ചെക്കുകളും സമയബന്ധിതമായിതന്നെ യൂണിയൻ ബാങ്കിന്റെ കായംകുളം ശാഖയിൽ (A/C No -553602010009122) ചെലാൻ സഹിതം നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി ചെക്കുകൾ/ഡ്രാഫ്റ്റുകൾ ബാങ്കിൽ നൽകിയിട്ടുള്ളതാണെന്നും തിരികെ ലഭ്യമായിട്ടില്ലാത്തതുമാണെന്നാണ് അറിയിച്ചിരിയ്ക്കുന്നത്. ടി മറുപടി അംഗീകരിയ്ക്കാവുന്നതല്ല. 412963/- രൂപയുടെ ചെക്കുകൾ/ഡ്രാഫ്റ്റുകൾ ക്ലിയറാവാതിരുന്നിട്ട് യാതൊരു നടപടിയും എടുക്കാതെ ഓഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോഴാണ് നടപടികളാരംഭിയ്ക്കുന്നത്. ബാങ്കിൽ സമർപ്പിയ്ക്കുന്ന ചെക്കുകൾ/ഡ്രാഫ്റ്റുകൾ കളക്ഷനു നൽകി ക്ലിയർ ആവാതിരിയ്ക്കുമ്പോൾ ഇവ എന്തു കൊണ്ട് ക്ലിയർ ആവുന്നില്ല എന്നും ചെക്കുകൾ നൽകിയ ആൾക്കാരിൽ നിന്നും ടി തുകകൾ ഈടാക്കാനും ശ്രമിക്കുന്നതായി കാണുന്നില്ല. മേൽ ചെക്കുകൾ/ഡ്രാഫ്റ്റുകൾ തൊഴിൽ നികുതി ഇനത്തിലും വസ്തുനികുതി ഇനത്തിലും ഉള്ളവയാണ്. ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും ടി ചെക്കുകൾ/ഡ്രാഫ്റ്റുകൾക്ക് നൽകിയ ടെമ്പററി റെസീപ്റ്റ് നമ്പർ പ്രകാരം കളക്ഷൻ ലഭിച്ചതായി രേഖപ്പെടുത്തിയിരിയ്ക്കുകയാണ്, ചെക്കുകൾ/ഡ്രാഫ്റ്റുകൾ നിരസിയ്ക്കപ്പെടുമ്പോൾ ഇത് കുടിശ്ശികയായി രേഖപ്പെടുത്തുന്നുമില്ല, ബാങ്കിൽ നിന്നും നിരസിച്ച ചെക്കുകൾ പോലും ഇങ്ങനെ കുടിശിക ഇല്ലാതെയാണ് പോസ്റ്റ് ചെയ്തിരിയ്ക്കുന്നത്. ടി തുക യഥാർത്ഥത്തിൽ നഗരസഭയ്ക്ക് നഷ്ടമാവുകയാണ് ചെയ്യുന്നത്. ബാങ്കിൽ ചെക്കുകൾ നൽകുമ്പോൾ രസീത് നൽകുകയും പിന്നീട് ചെക്കുകൾ മടങ്ങിയാൽ രസീത് ക്യാൻസൽ ചെയ്ത് രജിസ്റ്ററിൽ കുടിശ്ശികയായി രേഖപ്പെടുത്തി പാർട്ടിയിൽ നിന്നും റിക്കവറി നടപടികൾ വഴി തുകകൾ ഈടാക്കാനുള്ള നടപടികൾ ഉണ്ടാവുകയാണ് ചെയ്യേണ്ടത്. എന്നാൽ നഗരസഭയിൽ ഇങ്ങനെ യാതൊരുവിധ നടപടിയും സ്വീകരിയ്ക്കുന്നില്ല. ബാങ്കിൽ കാശില്ലാതെ തന്നെ ഒരാൾക്ക് ഇതു പോലെ വലിയ തുകകളുടെ ചെക്കുകൾ നൽകാനും, ചെക്ക് ബാങ്കിൽ നിന്നും റിജക്ട് ചെയ്താലും, തുടർനടപടികളില്ലാത്തതിനാൽ, നഗരസഭ രസീത് നൽകുന്നത് കൊണ്ട് നികുതി വെട്ടിയ്ക്കാനും സാധിയ്ക്കും. ഓഡിറ്റ് ചൂണ്ടികാണിച്ച ശേഷമാണ് ടി ചെക്കുകൾ ഡ്രാഫ്റ്റുകൾ ക്ലിയർ ചെയ്യാത്തത് സംബന്ധിച്ച് ബാങ്കുമായി ബന്ധപ്പെടുന്നത്. ഈ വിഷയത്തിൽ വിശദമായ വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റിൽ ശുപാർശചെയ്യുന്നു.

## 1-12 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതിയുടെ ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭാ പരിധിയ്ക്കുള്ളിലുള്ള പല സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | അസി.ലേബർ ഓഫീസ് | II |
| 2 | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | II |
| 3 | കാപെക്സ്, കൃഷ്ണപുരം | II |
| 4 | അക്ഷയ കമ്മ്യൂണിറ്റി ഫാർമ്മ | I & II |
| 5 | ബി.എസ്.എൻ.എൽ.മൈക്രോ | |
| 6 | ഫയർ & റസ്ക്യൂ സ്റ്റേഷൻ | II |
| 7 | മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് | II |
| 8 | ഹാൻഡ് വീവ് | II |
| 9 | ക്ഷീരവികസന ഓഫീസ് | II |
| 10 | മൈനർ ഇറിഗേഷൻ | II |
| 11 | ഹെഡ് പോസ്റ്റോഫീസ് | II |
| 12 | പുല്ലുകുളങ്ങര സബ് പോസ്റ്റോഫീസ് | II |
| 13 | സബ് രജിസ്ട്രാർ ഓഫീസ് | II |
| 14 | സ്പെഷ്യൽ തഹസീൽദാർ, എൽ.എ, റെയിൽവേസ് | II |
| 15 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | II |
| 16 | ട്രാവൻകൂർ ഭാരത് ഗ്യാസ് | I & II |
| 17 | വില്ലേജ് ഓഫീസ്, കായംകുളം | II |
| 18 | വെയർഹൗസ് ഓഫീസ് | II |
| 19 | ഇറിഗേഷൻ | II |
| 20 | സബ് റെക്കോർഡ് ഓഫീസ് | II |

| | | |
|---|---|---|
| 21 | ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂൾ, കായംകുളം | II |
| 22 | ഗവ.എൽ.പി.എസ്, എരുവ സൗത്ത് | II |
| 23 | ശ്രീ ശ്രീ രവിശങ്കർ പബ്ലിക്ക് സ്കൂൾ | I & II |
| 24 | ഹോട്ടൽ കാലയ് | I & II |
| 25 | ബയോടെക് ലാബ് സ്കാൻ | I & II |
| 26 | ഹോട്ടൽ താസ | I & II |
| 27 | ഡോ.ശങ്കർ സ്മാരക ഹോസ്പിറ്റൽ, പുതിയിടം | I & II |
| 28 | ഇൻഡ്യ ഇൻഫോലൈൻ | I & II |
| 29 | സോഫ്റ്റ് ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ | I & II |
| 30 | ബിർലാ സൺലൈഫ് | I & II |
| 31 | സെന്റ് മേരീസ് HSS | II |
| 32 | കായംകുളം കോ-ഓപ്പറേറ്റീവ് ബാങ്ക്, കൃഷ്ണപുരം | II |
| 33 | കായംകുളം വില്ലേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| 34 | മാക്സ് വാല്യു ക്രെഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ് | II |
| 35 | പോപ്പുലർ ഫിനാൻസ് | I & II |
| 36 | റിലയൻസ് കോർപ്പറേറ്റ് ഐ.ടി. പാർക്ക് | II |
| 37 | ഹോട്ടൽ ഹൈവേ പാലസ് | I & II |
| 38 | ഇഹാബ് ട്രാവൽ & ടൂർസ് | I & II |
| 39 | ദീക്ഷ, മുക്കട | I & II |
| 40 | കോൺകോർഡ് മോട്ടോഴ്സ് | I & II |
| 41 | എ.എസ്.ടി.മോട്ടോഴ്സ് | I & II |
| 42 | ശ്രീ ഗോകുലം ചിട്ടി ഫണ്ട്, കെ.പി.റോഡ് | II |
| 43 | സമസ്ത ഹൈടെക് ലാബ് | I & II |
| 44 | DDRC-SRL Diagnost & Cs Pvt.Ltd | II |
| 45 | ഗവ.ആയുർവേദ ഹോസ്പിറ്റൽ | II |
| 46 | ധാത്രി ആയുർവേദിക് ക്ലിനിക്, മാർക്കറ്റ് റോഡ് | II |
| 47 | SBI കായംകുളം ബ്രാഞ്ച് | II |
| 48 | മണികണ്ഠൻ മോട്ടോഴ്സ് പ്രൈ. ലി. | I & II |
| 49 | പോളോ ഭാരത് ഗ്യാസ് ഏജൻസി | I & II |
| 50 | ആർ.എഫ്. മോട്ടോഴ്സ് | I & II |
| 51 | ശബരി ഡിസ്ട്രിബ്യൂഷൻ(കല്ലുമൂട്) | I & II |
| 52 | ടീം ലീസ് | I & II |
| 53 | കുറ്റിക്കാട്ട് ഫ്ലേം സിൻഡിക്കേറ്റ് സർവ്വീസ് | I & II |
| 54 | G.M.മോട്ടോഴ്സ് | I & II |
| 55 | മൈ കല്യാൺ, കായംകുളം | II |
| 56 | പട്ടുറുമാൽ ടെക്സ്റ്റൈൽസ്, കായംകുളം | I & II |
| 57 | അലങ്കാർ ഗ്രൂപ്പ്, കായംകുളം | I & II |
| 58 | മാനേജർ, രവീസ് മൊബൈൽ ഷോപ്പ് | I & II |
| 59 | വൈറ്റ് പ്ലാസ ടെക്സ്റ്റൈൽസ്, കായംകുളം | I & II |
| 60 | ടി.ടി. സ്റ്റീൽസ്, കൊറ്റുകുളങ്ങര | I & II |
| 61 | വിൻ ടെക് കമ്പ്യൂട്ടേഴ്സ് | I & II |
| 62 | U T I മ്യൂച്ചൽ ഫണ്ട്സ്, O A K ജംഗ്ഷൻ | I & II |
| 63 | കിംഗ് ഫുഡ് ഹോട്ടൽ | I & II |

| | | |
|---|---|---|
| 64 | ഷാലിമാർ ഫർണിച്ചർ, മുരിക്കുമൂട് | I & II |
| 65 | Jiswal Chaithram, മാരിയമ്മൻ കോവിൽ ബിൽഡിംഗ് | I & II |
| 66 | Aspire Dental & Medical Health Centre | |

അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക സംബന്ധിച്ച് വ്യക്തതയില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല (നം. 10/18.01.2022) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 സ്ഥാപനങ്ങളുടെ/ട്രേഡേഴ്സിന്റെ/പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി - നികുതി പൂർണ്ണമായും ഈടാക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 245 മുതൽ 259 വരെയുള്ള വകുപ്പുകൾ, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭ പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ നിക്ഷേപങ്ങളിൽ നിന്നും വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നതോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം പല സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

(എ) സ്ഥാപനനികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സെക്രട്ടറി, പുല്ലുകുളങ്ങര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1&2 |
| 2 | ബേബി ജോർജ്ജ്, സത്രത്തിൽ ഫിനാൻസ് | 1&2 |
| 3 | SBT കുറ്റിത്തെരുവ് ജം. | 1&2 |
| 4 | അഹല്യ മണി എക്സ്ചേഞ്ച് | 1&2 |
| 5 | ആലപ്പുഴ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, കായംകുളം | 1&2 |
| 6 | ആലപ്പുഴ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, കെ.പി.റോഡ് | 1&2 |
| 7 | ബിർലാ സൺലൈഫ് | 1&2 |
| 8 | കാനറബാങ്ക്, കൃഷ്ണപുരം | 2 |
| 9 | കാനറബാങ്ക്, കായംകുളം | 2 |
| 10 | കോർപ്പറേഷൻ ബാങ്ക് | 1&2 |
| 11 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 1&2 |
| 12 | കാത്തലിക് സിറിയൻ ബാങ്ക് | 1&2 |
| 13 | ചെമ്മണ്ണൂർ ക്രെഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ്സ് | 1&2 |
| 14 | ഇസാഫ് കോ-ഓപ്പറേറ്റീവ്, കെ.പി.റോഡ് | 1&2 |
| 15 | ജെന്റിൽ ചിറ്റ്സ് ഫണ്ട്സ് | 1&2 |
| 16 | ഐ.സി.ഐ.സിഐ ബാങ്ക്, കെ.പി.റോഡ് | 1&2 |
| 17 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 1&2 |
| 18 | കണ്ണാട്ട് അരുൺ ഫിനാൻസ് | 2 |
| 19 | കായംകുളം കോ-ഓപ്പറേറ്റീവ് ബാങ്ക്, കൃഷ്ണപുരം | 1&2 |
| 20 | കായംകുളം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2 |
| 21 | കായംകുളം വില്ലേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1&2 |
| 22 | കായംകുളം വ്യാപാരി വ്യവസായി കോ-ഓപ്പറേറ്റീവ് സൊസൈറ്റി-1091 | 2 |

| | | |
|---|---|---|
| 23 | കേച്ചേരി ചിറ്റ്സ് പ്രൈ.ലി. | 1&2 |
| 24 | കീരിക്കാട് ക്ഷീരോത്പാദക സഹകരണ സംഘം | 2 |
| 25 | കൊശമറ്റം ഫിനാൻസ്, കിളിയിലേത്ത് ബിൽഡിംഗ് | 1&2 |
| 26 | കൊശമറ്റം ഫിനാൻസ്, പുതിയിടം | 1&2 |
| 27 | മണപ്പുറം ഫിനാൻസ് ലി. | 1&2 |
| 28 | മാക്സ് വാല്യു ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ് | 2 |
| 29 | മിനി മുത്തൂറ്റ് നിധി, എസ്.എസ്.ബിൽഡിംഗ് | 2 |
| 30 | മുത്തൂറ്റ് ഫിനാൻസ്, കൃഷ്ണപുരം | 1&2 |
| 31 | മുത്തൂറ്റ് ഫിനാൻസ്, കെ.പി.റോഡ് | 1&2 |
| 32 | മുത്തൂറ്റ് മൈക്രോഫിൻ ലി. എം.ജി.റോഡ് | 1&2 |
| 33 | മുത്തൂറ്റ് മൈക്രോഫിൻ, മുത്തൂറ്റ് ടവർ,കായംകുളം | 1&2 |
| 34 | നാഷണൽ ഇൻഷ്വറൻസ് കമ്പനി ലി., കായംകുളം ഡിവിഷണൽ ഓഫീസ് | 1&2 |
| 35 | ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലി. പുതിയിടം | 1&2 |
| 35 | പത്തിയൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1&2 |
| 36 | പോപ്പുലർ ഫിനാൻസ് | 1&2 |
| 37 | പഞ്ചാബ് നാഷണൽ ബാങ്ക് | 1&2 |
| 38 | ശ്രീഗോകുലം ചിട്ടിഫണ്ട് | 1&2 |
| 39 | തമിഴ്നാട് മർക്കന്റൈൻ ബാങ്ക്, കെ.പി.റോഡ് | 1&2 |
| 40 | യൂണി മണി ഫിനാൻഷ്യൽ സർവ്വീസസ് | 1&2 |
| 41 | സ്പന്ദന സ്പോർട്ടി മൈക്രോ ഫിനാൻസ് | 1&2 |
| 42 | ആഭരണ മഹാൾ ഗോൾഡ് & ഡയമണ്ട്സ് | 1&2 |
| 43 | ആലും മൂട്ടിൽ ഗോൾഡ് സൂക്ക് | 1&2 |
| 44 | അറേബ്യൻ ഗോൾഡ് & ഡയമണ്ട്സ്,കായംകുളം | 1&2 |
| 45 | ജി.ഡി.എം. ഗോൾഡ് | 1&2 |
| 46 | കല്യാൺ ജ്യൂവലേഴ്സ് | 1&2 |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) കരാറുകാർക്ക് തൊഴിൽ നികുതി ചുമത്തിയില്ല

കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം (10) പ്രകാരം കരാറുകാരുടെ അർദ്ധവാർഷിക തൊഴിൽ നികുതി പരമാവധി തുകയായ 1250/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ മരാമത്ത് വിഭാഗം നിർവ്വഹണം നടത്തിയ പ്രവൃത്തികൾ കരാറിനെടുത്ത് നടപ്പിലാക്കിയ കരാറുകർക്ക് പോലും നഗരസഭ തൊഴിൽ നികുതി ചുമത്തിയിട്ടില്ല. കരാറുകാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ഇ.എം.അഷ്റഫ് |
| 2 | ഷൗക്കത്ത് എസ് |
| 3 | എസ്.അബ്ദുൾ ലത്തീഫ് |
| 4 | മോഹനൻ നായർ വി |
| 5 | ശശിധരൻ പിള്ള കെ |
| 6 | കെ.സുരേഷ് |
| 7 | അബ്ദുൾ അസീസ് |
| 8 | നാസർ കെ |
| 9 | ഷാരുൺ ഷാ |
| 10 | മുഹമ്മദ് അസറുദ്ദീൻ |
| 11 | അനിമോൻ എച്ച് |

കരാറുകാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(സി) അഭിഭാഷകരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം (2) മുതൽ (11) വരെ അനുസരിച്ച് സ്വയം തൊഴിലിൽ ഏർപ്പെടുന്നവരുടെയും സ്ഥാപനങ്ങളുടെയും അർദ്ധവാർഷിക തൊഴിൽ നികുതി നിരക്ക് 1250/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്

നഗരസഭാ പ്രദേശത്ത് സ്വയം തൊഴിൽ ചെയ്യുന്നവർക്കും സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി ചട്ടം 3(2) -3(11) പ്രകാരം 1250 രൂപ നിരക്കിൽ അർദ്ധ വാർഷിക നികുതി ഈടാക്കാവുന്നതാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന 86 അഭിഭാഷകരുടെ പേര് 32-ാം വാർഡിലെ തൊഴിൽനികുതി-ഹാൻഡ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 6പേരുടെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. അഭിഭാഷകരുടെ തൊഴിൽ നികുതി

ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ഡി).ഡിമാന്റ് രജിസ്റ്റർ- വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കൂടാതെ ഡി.സി.ബി. തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/18.01.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-14 സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിയ്ക്കുന്നു-തനതു വരുമാനം നഷ്ടമാവുന്നു

1994 ലെ മുനിസിപ്പാലിറ്റി നിയമം, 2011-ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ (447 മുതൽ 492 വരെ) എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും നഗരസഭയിലെ സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. നഗരസഭയിലെ സഞ്ചയ സോഫ്റ്റ്‌വെയറിലെ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരം വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളുടെ വിവരങ്ങളും ലൈസൻസ് രജിസ്റ്ററും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ എണ്ണത്തിന്റെ പകുതി പോലും ലൈസൻസ് എടുത്തതായി കാണുന്നില്ല ചില ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ് നം | ലൈസൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ലിസ്റ്റ് ചെയ്തിരിയ്ക്കുന്ന വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 36 | 541 | 1054 |
| 2 | 1 | 8 | 53 |
| 3 | 38 | 37 | 94 |
| 4 | 29 | 20 | 66 |
| 5 | 25 | 67 | 267 |

ഇത്രയുമധികം വാണിജ്യ, വ്യവസായ കെട്ടിടങ്ങൾ ഉണ്ടായിട്ടും വളരെക്കുറച്ച് സ്ഥാപനങ്ങൾ മാത്രം ലൈസൻസ് എടുത്ത് പ്രവർത്തിയ്ക്കുന്നുള്ളു. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 63/20-21/01-2-22 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എല്ലാ വാണിജ്യ വ്യവസായസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ്തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതുമൂലം ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഒടുക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻ കഴിയാതെ പോകുന്നു. ഇത് വലിയരീതിയിൽ തനതു വരുമാനം നഷ്ടപ്പെടുന്നതിനിടയാക്കും. ആയതിനാൽ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ലൈസൻസ് അപാകതകൾ

കായംകുളം നഗരസഭയിലെ 2020-21 വർഷം വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി ലൈസൻസ് പുതുക്കാൻ അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങളുടെ അപേക്ഷകളും ലൈസൻസ് രജിസ്റ്ററും താരതമ്യം ചെയ്ത് പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1)ലൈസൻസ് പുതുക്കാനായി സമർപ്പിയ്ക്കുന്ന അപേക്ഷകൾ പലതും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന വാർഡ് നമ്പർ, *കെട്ടിട നമ്പർ എന്നിവ പഴയ നമ്പറും*/പുതിയ നമ്പറുമായി ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരപേക്ഷയ്ക്ക് തന്നെ പഴയ നമ്പർ പ്രകാരം രേഖപ്പെടുത്തിയ

രജിസ്റ്ററും, പുതിയ നമ്പർ പ്രകാരം രേഖപ്പെടുത്തിയ രജിസ്റ്ററും താരതമ്യം ചെയ്തു പരിശോധിച്ചിട്ടും പല അപേക്ഷകളും രേഖപ്പെടുത്തിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | അപേക്ഷകന്റെ വിവരങ്ങൾ | പഴയ വാർഡ് നം | പുതിയ വാർഡ് നം | റിമാർക്സ് |
|---|---|---|---|---|
| 1 | ഫൈസൽ.കെ, കിഴക്കതിൽ, എ.പി ഓയിൽ മിൽ &ട്രേഡിംഗ് കമ്പിനി | X1/238 | 9/527 | രണ്ട് വാർഡുകളുടെ രജിസ്റ്റർ പരിശോധിച്ചിട്ടും അപേക്ഷ പോസ്റ്റ് ചെയ്തതായി കാണുന്നില്ല |
| 2 | പ്രകാശ് ബാബു, രമ്യാഭവൻ, അച്യുതപ്രകാശ് ട്രേഡിംഗ് കമ്പിനി | 12/18 | 9/148 | രണ്ട് വാർഡുകളുടെ രജിസ്റ്റർ പരിശോധിച്ചിട്ടും അപേക്ഷ പോസ്റ്റ് ചെയ്തതായി കാണുന്നില്ല |
| 3 | നജീബ്.വി, സ്വർണ്ണാസ് ഫാഷൻ ജൂവലറി | 13/210 | 9/210 | |
| 4 | നവാസ് എം പെരുമ്പളത്ത് ഹൗസ് | 24/405 | 32/279 | |

2)ലൈസൻസ് അപേക്ഷകൾ, വാർഡടിസ്ഥാനത്തിൽ നമ്പരിട്ട് സോർട്ട് ചെയ്തിട്ടില്ല. തന്മൂലം അപേക്ഷകൾ രജിസ്റ്ററുമായി താരതമ്യം ചെയ്ത് പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

3)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 64/02.02.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ്തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതുമൂലം ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഒടുക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻ കഴിയാതെ പോകുന്നു. ഇത് വലിയ രീതിയിൽ തനതു വരുമാനം നഷ്ടപ്പെടുന്നതിനിടയാക്കും. ആയതിനാൽ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ വിഷയത്തിലേക്ക് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-16 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ മൂലം നഗരസഭയ്ക്ക് നഷ്ടം

നഗരസഭാ കൌൺസിലിന്റെ 20.12.11 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് 120 രൂപയാണ്. എന്നാൽ 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള താഴെപ്പറയുന്ന ഷോപ്പിംഗ് മാളുകൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് 120 രൂപയിലും താഴെയാണ് കണക്കാക്കിയിരിക്കുന്നത്. ഇതു മൂലം നഗരസഭയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ട്

| ക്രമ നം | കെട്ടിട നമ്പർ ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടടത്തിന്റെ വിസ്തീർണ്ണം (പ്ലിന്ത് ഏരിയ) ച.മീ | 120 രൂപ നിരക്കിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി | ഇളവ്/ വർദ്ധനവ് ശതമാനം | വർദ്ധന വോട് കൂടിയ വസ്തു നികുതി | 5 ശതമാനം ലൈബ്രറി സെസ്സ്, 10 ശതമാനം സേവന നകുതി യോടു കൂടി ഈടാക്കേണ്ട ആകെ നികുതി | ഡിമാന്റ് നോട്ടീസ് തീയതി | ഡിമാന്റ് നോട്ടീസ് പ്രകാരം ഡിമാന്റ് ചെയ്ത വസ്തു നികുതി | ഡിമാന്റിലുള്ള കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | എ.ജെ.ഷാജഹാൻ അഷ്ടമന പുരയിടത്തിൽ കായംകുളം | 16.5<br>116.58 | 56459 | -10 റൂഫ് (87.75)<br>+20 വഴി(470.49)<br>+10 എ.സി(116.58) | (-)1053<br>11292<br>1399 | 80733 | 18.05.20 | 1822<br>13942<br>8950<br>8880 | 28523 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 9/941<br>9/942<br>9/943<br>9/944<br>9/945<br>9/946 | 81.05<br>87.75<br>152.11<br>16.5<br>----------<br>470.49 | | | -------------<br>70203 | | | 16794<br>1822<br>----------------<br>52210 | |
| 2 | അഹമ്മദ് കുഞ്ഞ് വലിയത്ത് വടക്കേതിൽ 10/444 | 292.89 | 35147 | +20 വഴി | 42176 | 48502 | 15.01.21 | 36378 | 12124 |
| 3 | ഷിഹാബുദ്ദീൻ കിഴക്കേടത്തു കിഴക്കേതിൽ 28/463 | 699.67 | 83960 | -10 റൂഫ്<br>+20 വഴി | 92356 | 106209 | 27.08.20 | 70810 | 35399 |
| 4 | സബാദ്, ആൻസി മാത്തിലയ്യത്ത് കീരിക്കാട് 39/699 | 225.29 (വരാന്തയുടെ വിസ്തീർണ്ണം ഉൾപ്പടെ) | 27035 | -10 റൂഫ്<br>+20 വഴി | 29738 | 34199 | 15.01.21 | 23524 | 10675 |
| 5 | ബിജു, ബിനു, മോഹനൻ 11/614<br>11/615 | 957.99 | 114959 | -10 റൂഫ്<br>+20 വഴി | 126455 | 145423 | 21.01.21 | 48070<br>48070<br>---------<br>96140 | 49283 |
| 6 | താഹാകുഞ്ഞ് 3/389 | 402.15 | 48258 | -10 റൂഫ്<br>+20 വഴി | 53084 | 61046 | 12.01.21 | 40700 | 20346 |
| | | | | ആകെ | | | | | 156350 |

കുറവായി ഡിമാന്റ് ചെയ്ത തുക 156350/- രൂപ ഈടാക്കി നഗരസഭയുടെ നഷ്ടം നികത്തേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 27/24.01.22 ന് മറുപടി ലഭിച്ചില്ല.

## 1-17 അനധികൃത നിർമ്മാണങ്ങൾ രേഖപ്പെടുത്തുന്നില്ല, അവയ്ക്ക് ബാധകമായ നികുതി ഈടാക്കാത്തതു മൂലം നഗരസഭയ്ക്ക് നഷ്ടം

1. 14.06.21 ലെ നഗരസഭ കത്ത് നമ്പർ R2/G2/10750/21 (വിവരാവകാശ രേഖ) പ്രകാരം നഗരസഭയിൽ 1300 അനധികൃത നിർമ്മാണങ്ങളുണ്ട്. എന്നാൽ നഗരസഭയിലെ അനധികൃത നിർമ്മാണ രജിസ്റ്ററിൽ നൂറ്റൻപതോളം കെട്ടിടങ്ങളുടെ വിവരം മാത്രമാണുള്ളത്. നഗരസഭയ്ക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് 1100 ഓളം അനധികൃത നിർമ്മാണങ്ങളിൽ നിന്നുള്ള നികുതി വരുമാനമാണ്. രജിസ്റ്റർ കാലികമാക്കേണ്ടതും രജിസ്റ്ററിൽ ഇപ്പോഴില്ലാത്ത അനധികൃത നിർമ്മാണങ്ങളുടെ നികുതി അടിയന്തിരമായി ഈടാക്കി അറിയിക്കേണ്ടതുമാണ്. ഇവയുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിലും ചേർക്കേണ്ടതാണ്.

അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന അനധികൃത നിർമ്മാണങ്ങൾ പൊളിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇവയ്ക്ക് ബാധകമായ വസ്തു നികുതി, 2020-21 വർഷം ഈടാക്കിയിട്ടില്ലാത്തതു മൂലം നഗരസഭയ്ക്ക് വരുമാനനഷ്ടമുണ്ടായിട്ടുണ്ട്. നികുതി ഈടാക്കിയിട്ടുണ്ടോയെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/24.01.22) മറുപടി ലഭിച്ചില്ല.

| ക്രമ നം | യു.എ. നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | യു.എ. രജിസ്റ്റർ പ്രകാരം ഈടാക്കേണ്ട വസ്തു നികുതി |
|---|---|---|---|
| 1 | 32/UA280A2 | മുഹമ്മദ് ഷെരീഫ് | 17074 |
| 2 | 32/126D | അബ്ദുൾ റഹിമാൻ കുഞ്ഞ് | 208148 |
| 3 | 36/UA1395A | ലൈലാബീവി | 45914 |
| 4 | 36/UA25/A | വാസുദേവൻപിള്ള | 4780 |
| 5 | 22/UA38<br>39<br>40<br>41 | ജോസ് കെ. വർഗ്ഗീസ് | 11860<br>11860<br>11860<br>11860 |

| | | | |
|---|---|---|---|
| 6 | 2/UA122 | അജയൻ പുഷ്പാംഗദൻ | 32061 |
| 7 | 3/UA341C1<br>341C2<br>341C3 | താഹിറ | 2550<br>7650<br>7650 |
| 8 | 3/UA17A1 | അബ്ദുൾ മജീദ് | 924 |
| 9 | 3/UA 17A2 | ഐഷ | 1232 |
| 10 | UA/ 368 A | ജമീലാ ബീവി | 3585 |
| 11 | UA/ 355B | സഹദേവൻ | 5262 |
| 12 | UA/ 284 A1<br>284A2 | അബ്ദുൾ ഹമീദ് | 39082<br>55062 |
| 13 | UA/ 262 A1 | ദിലീപ് ഖാൻ | 4968 |
| 14 | UA/ 400 A<br>400B | താജുദ്ദീൻ | 1199<br>833 |
| 15 | UA /397 A | തങ്കച്ചി | 996 |
| 16 | UA/ 380 | ഗോപാലകൃഷ്ണൻ | 392 |
| 17 | UA/282 | നസീമാ ബീവി | 5650 |
| 18 | UA/496A | ദേവരാജൻ | 2228 |
| 19 | UA/335 A | രാജൻ, ലത | 743 |
| 20 | UA/271 A | റസീന | 2465 |
| 21 | UA/ 111A | ശാന്തമ്മ | 188 |
| 22 | UA/30 | ഐഷകുഞ്ഞ് | 242 |
| 23 | UA/ 300C | എൻ. രവി | 732 |
| 24 | UA/ 367J | അബ്ദുൾ സമദ് | 2865 |
| 25 | UA/ 188 | നസീർ അൻഷാദ് | 2058 |
| 26 | UA/279A | ഉസ്മാൻകുട്ടി | 339 |
| 27 | UA/ 31B<br>31C | ഹമീദ് കുഞ്ഞ് | 384<br>384 |
| 28 | UA/ 85 A | ഹുസൈൻ | 873 |
| 29 | UA/ 33A<br>33B<br>33C<br>33D | ഷംനത്ത് | 1042<br>1636<br>1636<br>1806 |
| 30 | UA | എ.എച്ച്.എം മുഹമ്മദ്<br>എ.എച്ച്.എം ജ്വലറി | 119943 |
| 31 | UA | ഷംനാദ്, ഊറായ് പറമ്പിൽ, പ്രാതംഗമൂട് | 20285 |
| 31 | UA / 401E | അബ്ദുൾ സലാം | 1494 |
| 32 | UA/354 A1 | ബദറുദ്ദീൻ | 4798 |
| 33 | UA/181A | അർജ്ജുൻ റാവു | 630 |
| 34 | UA/302 A1 | ഗരിധർ | 630 |
| 35 | UA/60B | പൂക്കുഞ്ഞ് | 15528 |
| 36 | UA/26A | സുധീർ.എസ് | 7015 |
| 37 | UA/ 187(3)<br>187(4) | അബുബേക്കർ | 9936<br>4948 |
| 38 | UA/30<br>W-13 | റ്റി.ജി. വർഗ്ഗീസ് | 536 |

| | | | |
|---|---|---|---|
| 39 | UA/441 | പുരുഷൻ | 275 |
| 40 | UA /387 A | വാസുദേവൻ | 204 |
| 41 | UA /16B | റ്റി.വി. തോമസ് | 1202 |
| 42 | UA /444A | പ്രസന്നകുമാർ | 135 |
| 43 | UA / 50D | ബിജു | 15344 |
| 44 | UA/409(1)<br>409(2) | അബ്ദുൾ സത്താർ | 343708<br>252253 |

ബി.

| ക്രമ നം | യു.എ. നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | ഈടാക്കേണ്ട വസ്തു നികുതി |
|---|---|---|---|
| 1 | 18/ UA149B1 | സെക്രട്ടറി, അമ്പല ആശ്രമം | 3647 |
| 2 | 17/ UA461(1) | റിലയൻസ് ഇൻഫോടെൽ | 107784 |
| 3 | 19/ UA1 | റഹിം | 536 |
| 4 | 19/UA2 | ബഷീർകുട്ടി | 536 |
| 5 | 19/UA21C | ശിവരാജൻ | 3078 |
| 6 | 19/UA4-490 | അനീസ് | 697 |
| 7 | 20/UA85 | സീന | 666 |
| 8 | 20/4A-1 | ഇബ്രാഹിം കുട്ടി | 340 |
| 9 | 20/4A-89A | സുരേഷ് കുമാർ | 660 |
| 10 | 20/4A-168D | സലീന | 554 |
| 11 | 21/UA1 | അബ്ദുൾ ലത്തീഫ് | 340 |
| 12 | 21/UA3 | ശ്രീനിവാസൻ | 180 |
| 13 | 21/UA4 | ലീല | 340 |
| 14 | 21/UA360 | പങ്കജാക്ഷൻ | 275 |
| 15 | 21/UA428 | തങ്കപ്പൻ | 307 |
| 16 | 21/UA108C1 | മാനേജർ, ഐഡിയാ മൊബൈൽ<br>കെ.ഗീവർഗീസ് മാത്യു | 18700<br>19550 |
| 17 | 22/UA 25A | രവീന്ദ്രൻ | 426 |
| 18 | 23/UA400A1 | ട്രസ്റ്റി, കദീശ ചർച്ച് | 236328 |
| 19 | 24/UA398(1) | കെ.ജി.വർഗീസ് | 187295 |
| 20 | 24/UA398(2) | കെ.ജി. വർഗീസ് | 9688 |
| 21 | 24/UA228A(1) | ഡോ.പോൾ കോശി ചാണ്ടി | 133849 |
| 22 | 26/UA2 | ലാസർ | 536 |
| 23 | 26/UA37 | സുബൈദ | 782 |
| 24 | 26/UA243(1) | ബിജു.റ്റി | 3960 |
| 25 | 27/ UA223A | പീതാംബരൻ | 2942 |
| 26 | 28/ UA2 | സോമനാഥൻ | 666 |
| 27 | 29/501D | സോമശേഖരൻ | 28737 |
| 28 | 29/149(1) | ശിവരാമൻ | 4459 |
| 29 | 29/ UA152B1 | ജനാർദ്ദനൻ പിള്ള | 606 |
| 30 | 29/UA501(a) | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 65928 |
| 31 | 30/UA1 | ശങ്കരൻ | 666 |
| 31 | 31/UA1 | ദാമോദരൻ | 343 |
| 32 | 32/UA1 | കമറുന്നിസ | 275 |
| 33 | 32/UA2 | ഹസ്സുബുള്ള | 242 |

| | | | |
|---|---|---|---|
| 34 | 32/ UA 684 | മജീദാബീവി | 1394 |
| 35 | 32/UA 549 | സജീനാ സമദ് | 306 |
| 36 | 32/154K1 | ഹമീദ് | 20871 |
| 37 | 32/ UA391A1-A6 | യശോധരൻ | 7080<br>11552<br>6708<br>9564<br>14757<br>1863 |
| 38 | 32/UA140(1) | സിറജുദ്ദീൻ.കെ | 1424295 |
| 39 | 32/ UA383 A1 | നജ്മുദ്ദീൻ | 260613 |
| 40 | 32/UA383A2 | നജ്മുദ്ദീൻ | 31257 |
| 41 | 32/UA 255(A) | രാധാകൃഷ്ണൻ നായർ | 1070 |
| 42 | 32/UA632A1 | മുഹമ്മദ് ഫൈസൽ | 67206 |
| 43 | 32/UA291G1 | ചന്ദ്രൻ | 2243 |

ഈ അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമായ വസ്തു നികുതി പിഴ ഉൾപ്പടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/24.01.22) മറുപടി ലഭിച്ചില്ല.

## 1-18 അനധികൃത നിർമ്മാണങ്ങൾക്കെതിര നഗരസഭ നടപടി സ്വീകരിക്കുന്നില്ല.

ഫയൽ നമ്പർ- TP1/10670/2021

ശ്രീ.ഹുസൈൻ.കെ.എം, വെജിറ്റബിൾ മെർച്ചന്റ് വൈഡനിംഗ് പ്രൊപ്പോസലുള്ള റോഡിലേക്ക് തന്റെ കടയുടെ മുൻഭാഗം ഇറക്കി നിർമ്മിച്ചത് അടിയന്തിരമായി പൊളിക്കാൻ നഗരസഭ സെക്രട്ടറി 01.07.21 ന് നിർദ്ദേശിച്ചിരുന്നു. നഗരസഭ നൽകിയ സ്റ്റോപ്പ് മെമ്മോയ്ക്കെതിരെ ശ്രീ ഹുസൈൻ(TP1-10670/21 DT.28.04.21) തദ്ദേശ സ്ഥാപന ട്രൈബ്യൂണൽ മുൻപാകെ AP1/581/21 നമ്പർ പ്രകാരം അപ്പീൽ നൽകിയിട്ടുണ്ട്. തുടർന്ന് സ്റ്റോപ്പ് മെമ്മോ ട്രൈബ്യൂണൽ 16.11.21 ന് സ്റ്റേ ചെയ്തു. ഈ ഹർജി 21.12.21 ന് വിചാരണയ്ക്ക് വെച്ചിട്ടുണ്ടായിരുന്നെങ്കിലും നഗരസഭയുടെ വക്കീൽ പങ്കെടുത്തില്ല. സ്റ്റേ വെക്കേറ്റ് ചെയ്യാൻ നടപടികൾ സ്വീകരിച്ചതിനുശേഷം ട്രൈബ്യൂണൽ വിധിയ്ക്കു വിധേയമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തിയപ്പോൾ ഈ നിർമ്മാണത്തിന് പുറമേ ഫയർ സ്റ്റേഷൻ റോഡിലേക്ക് ഇറക്കി നിർമ്മിച്ചിരിക്കുന്ന അനവധി അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപെട്ടു. നഗരസഭയുടെ മാസ്റ്റർ പ്ലാനിൽ വൈഡനിംഗ് പ്രൊപ്പോസലുള്ള റോഡിലേക്കുള്ള ഈ അനധികൃത നിർമ്മാണങ്ങൾ പൊളിക്കാൻ യാതൊരു നടപടികളും നഗരസഭ ഇതു വരെ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 52/31.01.22) മറുപടി ലഭിച്ചില്ല. ഉചിതമായ നടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം

കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് 2019, റൂൾ 13 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം മുനിസിപ്പൽ സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. സെക്രട്ടറി അപ്രകാരം ചെയ്യാത്ത പക്ഷം റൂൾ 14 പ്രകാരം അപേക്ഷകന് കൌൺസിലിന് അപേക്ഷ നല്കാവുന്നതാണ്. ഇപ്രകാരമുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം കൌൺസിലിന് തീരുമാനം എടുക്കാവുന്നതാണ്. എന്നാൽ കൌൺസിൽ 30 ദിവസത്തിനകം തീരുമാനം എടുക്കാത്ത പക്ഷം പെർമിറ്റ് അനുവദിച്ചതായി അപേക്ഷകന് കരുതാവുന്നതാണ്. താഴെപ്പറയുന്ന പെർമിറ്റുകളിൽ 30 ദിവസത്തിനുള്ളിൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖകളില്ല. കൂടാതെ അപേക്ഷകർ കൌൺസിലിന് അപേക്ഷ നല്കിയതിന്റെയും കൌൺസിൽ അതിൽ തീരുമാനം എടുത്തതിന്റെയും രേഖകൾ പെർമിറ്റ് രജിസ്റ്ററിലില്ല. ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭാവിയിൽ ഇവ പാലിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കേണ്ടതാണ്.

2020-21

| ക്രമ നം | അപേക്ഷകന്റെയും പെർമിറ്റിന്റെയും | അപേക്ഷ ലഭിച്ച | സെക്രട്ടറി പെർമിറ്റ് | പെർമിറ്റനുവദിച്ച തീയതി |
|---|---|---|---|---|

| | വിവരം | തീയതി | അനവദിക്കേണ്ട/ നിരസിക്കേണ്ട അവസാന തീയതി | |
|---|---|---|---|---|
| 1 | സുനീർ, സുൾഫി മൻസിൽ, കരീലക്കുളങ്ങര, കായംകുളം ബി.എ.നം. 8 | 11.05.20 | 10.06.20 | 11.11.20 |
| 2 | ബിന്ദു, വൃന്ദാവനം, കണ്ണമംഗലം ബി.എ.നം.14 | 06.05.20 | 05.06.20 | 09.11.20 |
| 3 | വേണുഗോപാൽ, ഇലഞ്ഞിമൂട്ടിൽ, എരുവ ബി.എ.നം.17 | 20.05.20 | 19.06.20 | 14.01.21 |
| 4 | നിയാസ്, ഓർക്കശ്ശേരിൽ, കായംകുളം ബി.എ.നം.20 | 20.05.20 | 19.06.20 | 29.12.20 |
| 5 | വേണു.വി, കുളങ്ങര, കായംകുളം ബി.എ.നം.38 | 28.05.20 | 27.06.20 | 13.10.20 |
| 6 | കെ.ബിന, കായിൽ, കായംകുളം ബി.എ.നം.53 | 03.06.20 | 02.07.20 | 07.10.20 |
| 7 | സബീന, കായുങ്കല്ലറയിൽ, കായംകുളം ബി.എ.നം.56 | 03.06.20 | 02.07.20 | 01.12.20 |
| 8 | രാധാമണി, മാലശ്ശേരിൽ, കായങ്കുളം ബി.എ.നം.64 | 08.06.20 | 02.07.20 | 12.02.21 |
| 9 | സൈരാബാനു, കോലേത്തുതറയിൽ, കണ്ണമ്പള്ളി ബി.എ.നം. 70 | 10.06.20 | 09.07.20 | 12.11.20 |
| 10 | ഷംന, ശരിയാ മൻസിൽ, കായങ്കുളം ബി.എ.നം.72 | 10.06.20 | 09.07.20 | 11.11.20 |
| 11 | ബാഹുലേയൻ, പ്ളക്കാട്ടു പാടത്തിൽ, കായങ്കുളം ബി.എ.നം.105 | 24.06.20 | 23.07.20 | 25.01.21 |

## 1-20 റോഡ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിലെ അപാകതമൂലം നഗരസഭയ്ക്ക് നഷ്ടം

പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർ റോഡ്സിന്റെ 30.03.19 ലെ സർക്കുലർ No.CE/R&B/GL-RC/2/2019 ലെ നിർദ്ദേശ പ്രകാരം ബ്ലാക്ക് ടോപ്പ് സർഫസിന്റെ മിനിമം എക്സ്കവേഷൻ വീതി 1 മീറ്ററായി എടുത്തു വേണം റെസ്റ്റോറേഷൻ ചാർജ് കണക്കാക്കാൻ (In Case Of BT Surface The Minimum Restoration Width Taken For Proper Compaction Shall Be One Meter). GO (RT) No.1366/2019/LSGD Dated 03.07.19 പ്രകാരം റേറ്റിൽ ജി.എസ്.ടി ഉൾപ്പെട്ടിട്ടില്ലെങ്കിൽ എസ്റ്റിമേറ്റിന്റെ 12% ജി.എസ്.റ്റി ചുമത്തേണ്ടതാണ്. താഴെപ്പറയുന്നവർ ഒടുക്കേണ്ട റെസ്റ്റോറേഷൻ ചാർജ് കണക്കാക്കിയപ്പോൾ മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടില്ല. തന്മൂലം നഗരസഭയ്ക്കും കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കുമുണ്ടായ നഷ്ടത്തിന്റെ വിശദാംശം താഴെച്ചേർക്കുന്നു. നഷ്ടം മുനിസിപ്പൽ എൻജിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.41/27.01.22) മറുപടി ലഭിച്ചില്ല.

| ക്രമ നം | പേര്, മേൽ വിലാസം | ട്രഞ്ച് വിസ്തീർണ്ണം ച.മീറ്റർ | നിരക്ക് | ഈടാക്കേണ്ട റോഡ് റെസ്റ്റോറേഷൻ ചാർജ് | ഈടാക്കിയത് | രസീത് നം/ തീയതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | സുരേഷ്,1/61D തണ്ടശ്ശേരിൽ കീരിക്കാട് | 3.2x1=3.2 | 3179.04 | 10173 | 5090 (3.2x0.5x3179.04) | 120010109082 /02.02.21 | 5083 |
| 2 | നസീമ, 32/287 ബോട്ട് ജെട്ടി, ചിറക്കടവം | 3x1=3 | 3090.57 | 9272 | 4636 (3x0.5x3090.57) | 1200101104489 /27.1020 | 4636 |
| 3 | ഷറഫുദ്ദീൻ, 24/350A, അക്കരവീട്, പുതിയിടം | 2.9x1=2.9 | 3090.57 | 8963 | 4482 (2.9x0.5x3090.57) | 120010106362 /01.12.20 | 4481 |
| ആകെ | | | | | | | 14200 |

## 1-21 നഗരസഭ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികളിൽ അനധികൃത കൈയ്യേറ്റം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 208(1) എ പ്രകാരം എല്ലാ പൊതു ജല മാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും, തീരങ്ങളും, ചെറു പുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും തോടുകളും തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടി നില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പകളും ചാലുകളും സ്റ്റാന്റും പൈപ്പുകളും മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതും നിക്ഷിപ്തമായിട്ടുള്ളതുമായ ഏതെങ്കിലും ഭൂമി, അത് പുറമ്പോക്കായിരുന്നാലും അല്ലെങ്കിലും ഏതെങ്കിലും ആൾ മുനിസിപ്പാലിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ കൈവശപ്പെടുത്തുന്നത് നിയമ വിരുദ്ധമായ നടപടിയാണ്.

നഗരസഭയുടെ അധീനതയിലുള്ള പുറമ്പോക്ക് പ്രദേശങ്ങളിലെ കൈയ്യേറ്റം സംബന്ധിച്ച് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം കൈകാര്യം ചെയ്യുന്ന ചുവടെ ചേർക്കുന്ന ഫയലുകൾ പരിശോധിച്ചതിൽ പല പ്രദേശങ്ങളിലും പുറമ്പോക്ക് വസ്തുവിന് തൊട്ടടുത്ത വസ്തുവിന്റെ ഉടമസ്ഥർ നഗരസഭാ വസ്തുവിൽ അനധികൃത കൈയ്യേറ്റം നടത്തിയിട്ടുള്ളതായി വ്യക്തമായി.

| ഫയൽ നം | വിഷയം |
|---|---|
| PW3-16783/19 | പൊതു തോടുകളും കുളങ്ങളും കൈയ്യേറിയത് |
| PW3-364/22 | 9-ാം വാർഡിലെ മേടമുക്കിനു പടിഞ്ഞാറ് റോഡ് മുതൽ ഇറച്ചി മാർക്കറ്റ് വരെയുള്ള മുനിസിപ്പൽ സ്ഥലം |
| PW3-84231/19 | വാർഡ് 16, 17 വെട്ടത്തേത്ത് വയലിലേക്കുള്ള തോട് കൈയ്യേറിയത് |
| PW3-19609/17 | കായംകുളം നഗരസഭയിലെ കീരിക്കാട് വില്ലേജിലെ മലമേൽ ഭാഗത്തും ,കായംകുളം |

| | |
|---|---|
| | വില്ലേജിലുള്ള റിസർവ്വേ നമ്പർ 62/13 ൽ ഉൾപ്പെട്ട സ്ഥലം കൈയ്യേറ്റം |

അനധികൃത കൈയ്യേറ്റത്തിന്മേൽ നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26/20-21/24.01.22) മറുപടി ലഭ്യമാക്കിയില്ല.

നിയമ വിരുദ്ധമായി നഗരസഭാ വസ്തുകൈയ്യേറി സ്വന്തമാക്കുകയും അനധികൃതമായി വേലി, മതിൽ മുതലായവ നിർമ്മിച്ചിട്ടുള്ളവർക്കുമെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 സസ്യമാർക്കറ്റിലെ കടമുറികൾ ലേലം ചെയ്യാത്തതു മൂലം നഗരസഭയ്ക്ക് നഷ്ടം

തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 24-04-2015 ലെ 1232/15/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സസ്യമാർക്കറ്റ് നിർമ്മിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 6,40,80,000/- രൂപ വായ്പയെടുക്കുന്നതിന് നഗരസഭയ്ക്ക് സർക്കാർ അംഗീകാരം നൽകിയിരുന്നു. നഗരസഭ ഇത് പ്രകാരം വായ്പ എടുത്തു പണിത സസ്യ മാർക്കറ്റിൽ നഗരസഭയുടെ രജിസ്റ്റർ പ്രകാരംആകെ 66 പുതിയ കടമുറികൾ ഉണ്ട്. (9/766-830 – 65 എണ്ണം, 9/957). ഇതിൽ 9/768, 9/776, 9/782, 9/789, 9/957 എന്നീ അഞ്ച് കടമുറികൾ മാത്രമാണ് നിലവിൽ ലേലത്തിൽ പോയിട്ടുള്ളത്. വൻ തുക വായ്പ എടുത്തു പണിതതിനാൽ പലിശയിനത്തിൽ നല്ലൊരു തുക നഗരസഭയ്ക്ക് തിരികെ ഒടുക്കാനുണ്ട്. ഈ സാഹചര്യത്തിൽ കടമുറികൾ ലേലം ചെയ്യാത്തതിനാൽ വരുമാന നഷ്ടമുണ്ടാകുന്നു. ഈ കടമുറികളുടെ മുൻപിൽ റോഡിലേക്ക് ഇറങ്ങിയുള്ള പല അനധികൃത നിർമ്മാണങ്ങളുമുണ്ട്. കടമുറികൾ ലേലത്തിൽ പോകുന്നില്ലെങ്കിൽ ഇതുമൊരു കാരണമാകാം. ഈ അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് കടമുറികൾ ലേലം ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 60/31.01.22) മറുപടി ലഭിച്ചില്ല.

## 1-23 ലേലം-തുക ഈടാക്കുന്നില്ല-നഷ്ടം -624700/- രൂപ

കായംകുളം നഗരസഭയിൽ 2019-20 സാമ്പത്തികവർഷം നടന്ന വിവിധ ലേലങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) നഗരസഭയിൽ 07/03/19 ൽ നടന്ന ലേലത്തിൽ കശാപ്പുശാലയിൽ നിന്നും മത്സ്യമാർക്കറ്റിൽ നിന്നും ഫീസ് പിരിയ്ക്കുന്നതിനുള്ള അവകാശം കൈക്കൊണ്ടത് 13,20,000/- രൂപയ്ക്ക്, ശ്രീ രമീസ്, വളയ്ക്കകത്ത് എന്നയാളാണ്. എന്നാൽ ടിയാൾ ലേലതുക ഒടുക്കാഞ്ഞതിനാൽ തൊട്ടടുത്ത ലേലക്കാരനായ ശ്രീ.നിസാർ, കറ്റാണിശ്ശേരിൽ എന്നയാൾക്ക് 8,60,000/- രൂപയ്ക്ക് ലേലം നൽകുകയായിരുന്നു. നഗരസഭയുടെ ലേല നിബന്ധനകൾ പ്രകാരം പുനർലേലം നടത്തുമ്പോൾ നഗരസഭയ്ക്കുണ്ടായ നഷ്ടം പൂർണ്ണമായും ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കേണ്ടതും, പുനർലേലം ആദ്യ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ നടത്തുകയും വേണം. ലേല തുകയിൽ വന്ന കുറവ് 4,60,000/- രൂപ ശ്രീ.രമീസിൽ നിന്നും റവന്യൂ റിക്കവറി വഴി ഈടാക്കാൻ 23/03/19 ലെ ലേല ഫയലിന്റെ നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാളിൽ നിന്നും കുറവ് വന്ന തുക ഈടാക്കിയെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/29.01.22 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലേല തുകയിൽ വന്ന കുറവ് ശ്രീ.രമീസിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

2) നഗരസഭയിലെ 30-ാം വാർഡിലെ അപകടാവസ്ഥയിലുള്ള പുന്നമരം, മഹാഗണി മരം എന്നിവ 21/03/19-ാം തീയതിയിൽ ലേലം ചെയ്തിരുന്നു. ടി ലേലം 52200/- രൂപയ്ക്ക് കൈക്കൊണ്ടത് തൻസീർ, തൻസീർ മൻസിൽ എന്നയാളാണ്. ടിയാൾ ലേല തുക അടച്ച വിവരങ്ങൾ ലഭ്യമാക്കുക, ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണോ ടി മരങ്ങൾ ലേലം ചെയ്തത്, ടി ലേലത്തിന്റെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുക എന്നുള്ള വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം. 34/29.01.22 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടിയാൾ തുക അടച്ചിട്ടില്ലങ്കിൽ ടിയാളിൽ നിന്നും റവന്യൂറിക്കവറി നടപടികൾ വഴി തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

3)07/03/19 ൽ നടന്ന ലേലത്തിൽ കശാപ്പുശാലയിൽ നിന്നും വേസ്റ്റ് സംഭരിയ്ക്കാനുള്ള ലേലം, 225000/- രൂപയ്ക്ക് കൈക്കൊണ്ടത് മുഹമ്മദ് ഷെഫീക്ക് കുറ്റിയിൽ വടക്കതിൽ ചേരാവള്ളി എന്നയാളാണ്. ടിയാൾ 112500/- രൂപ അടച്ചതായി മാത്രമേ രജിസ്റ്ററിൽ കാണുന്നുള്ളു (രസീത് നം 8010123982/23-03-19). ടിയാളിൽ നിന്നും ബാലൻസ് തുക 112500/-രൂപ ഈടാക്കിയതാണെങ്കിൽ ടി വിവരങ്ങൾ ലഭ്യമാക്കാനും, തുക ഈടാക്കാത്ത പക്ഷം ടി തുക ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/29.01.22 ന് മറുപടി നൽകിയില്ല. ടിയാളിൽ നിന്നും ബാലൻസ് തുകയായ 112500/- രൂപ പലിശസഹിതം റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-24 വാടക ലഭിക്കാത്തതുമൂലം നഗരസഭയ്ക്ക് നഷ്ടം

I. നഗരസഭയുടെ താഴെപ്പറയുന്ന വസ്തു വകകൾ ലേലം ചെയ്യാത്തതു മൂലം നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാകുന്നു. ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1. മുൻസിപ്പിൽ ബസ് സ്റ്റാന്റ്
2. മുൻസിപ്പിൽ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ
3. മേലാദായം (നഗരസഭ വക ഫലവൃക്ഷങ്ങളിൽ നിന്നും)

II. കോവിഡ് സാഹചര്യം പരിഗണിച്ച് 2020 ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക 24.02.20 ലെ കൌൺസിൽ തീരുമാന പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. മറ്റു മാസങ്ങളിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട ലേലത്തുക പൂർണ്ണമായും ഈടാക്കാത്തതു മൂലം നഗരസസഭയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം താഴെച്ചേർക്കുന്നു.

| ക്രമ നം | സ്ഥാപനങ്ങൾ | ലേലത്തിൽ പിടിച്ച ആൾ | അടയ്ക്കേണ്ട തുക | അടച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| 1 | പൊതു മാർക്കറ്റ് ഫീസ് | നാസർ വലിയപറമ്പിൽ | 7,50,000 | 7,10,625 | 39,375 |
| 2 | കശാപ്പ്ശാല | നിധിൻ ഷാ കാറ്റാണിശ്ശേരിൽ | 10,40,000 | 8,42,666 | 1,97,334 |
| 3 | മുക്കട മാർക്കറ്റ് | ഉദയകുമാർ പ്ലാമൂട്ടിൽ | 1,57,700 | 1,27,418 | 30,282 |
| 4 | ടെർമിനൽ ബസ് സ്റ്റാൻറ് കംഫർട്ട് സ്റ്റേഷൻ | അശോക് കുമാർ തുളസീദളം | 25,000 | 12,500 | 12,500 |
| 5 | പേ & പാർക്ക് റെയിൽവേ ടെർമിനൽ സബ് സ്റ്റേഷൻ | മാത്യു.ജെ.ജെ ജോടശ്ശേരിൽ | 6,02,223 | 3,01,112 | 3,01,111 |

| | | | | | |
|---|---|---|---|---|---|
| 6 | കശാപ്പ്ശാലയിൽ നിന്നും വേസ്റ്റ് | ബിജു കൊച്ചാല്യംമൂട്ടിൽ ചേരാവള്ളി | 2,70,000 | 2,48,625 | 21,375 |
| ആകെ | | | | | 6,01,977 |

തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-25 കായംകുളം മാസ്റ്റർ പ്ലാൻ

ഫയൽ നം.PW3-12501/15

കായംകുളം നഗരത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 1979ൽ തുടക്കമിട്ടതാണ് കായംകുളം മാസ്റ്റർ പ്ലാൻ

കായംകുളം നഗരസഭാ കൗൺസിലിന്റെ 29.10.2019 ലെ 21-ാം നമ്പർ തീരുമാന പ്രകാരം അന്തിമാനുമതി ലഭിച്ച കായംകുളം മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് സ.ഉ.(കൈ) നം.8/2020/തസ്വഭവ/04.01.2020 പ്രകാരം സർക്കാർ അനുമതി നല്കിയിട്ടുണ്ട്.

കായംകുളം നഗരത്തിന്റെ എല്ലാ ഭാവി വികസന പ്രവർത്തനങ്ങളും പ്ലാനിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുമെന്നതിനാൽ മാസ്റ്റർ പ്ലാനിലെ നിർദ്ദേശങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിനായി പദ്ധതി ഉൾപ്പെട്ട പ്രദേശത്തെ റസിഡൻഷ്യൽ, റസിഡൻഷ്യൽ മിക്സ്, കൊമേഴ്സ്യൽ, പബ്ലിക്ക് & സെമി പബ്ലിക്ക്, ടൂറിസം പ്രൊമോഷൻ ട്രാഫിക്ക് ട്രാൻസ്പോർട്ടേഷൻ, റിക്രിയേഷൻ ഏരിയ, പാഡി & ലോ ലൈയിംഗ്, വാട്ടർ ബോഡീസ്, സ്പെഷ്യൽ സോൺ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

2020-ൽ അംഗീകാരം ലഭിച്ച മാസ്റ്റർ പ്ലാനിന് അനുസൃതമയി നഗരസഭയിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 20/20-21/21.01.22 ന് റോഡ് വികസനത്തിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും, നഗരസഭാ സ്റ്റേഡിയം, ഗവ.ഐ.ടി.ഐ തുടങ്ങിയവയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നതായും, സെൻട്രൽ പ്രൈവറ്റ് ബസ് സ്റ്റാന്റിനുള്ള സ്ഥലം സൗജന്യമായി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതായും മറുപടി നല്കി.

മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്ത രീതിയിൽ നഗരസഭയുടെ ഭാവി വികസന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

## 1-26 ക്യാന്റീൻ വാടക കുടിശ്ശിക ഈടാക്കിയില്ല-168946/-രൂപ നഷ്ടം

കായംകുളം നഗരസഭയിലെ ക്യാന്റീൻ വാടക സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ക്യാന്റീൻ വാടകയ്ക്ക് നൽകാനായി 30/08/2018 ൽ നടത്തിയ ലേലത്തിൽ മൂന്ന് വർഷത്തേയ്ക്ക് 115000 രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റിൽ ലേലം കൈക്കൊണ്ടത് സുഷമ.എ.പിള്ള, വല്ലാറ്റൂർ, എരുവ, കായംകുളം എന്ന വ്യക്തിയാണ്. ടിയാൾ 13/09/18 ൽ 01/118010110139 നം രസീത് പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് മുനിസിപ്പൽ ഫണ്ടിൽ ഒടുക്ക് വരുത്തി എഗ്രിമെന്റ് ഹാജരാക്കിയിട്ടുള്ളതുമാണ്. എന്നാൽ 21/11/18 ൽ ശ്രീമതി സുഷമ വ്യക്തിപരമായ കാരണങ്ങളാൽ ക്യാന്റീൻ തുടർന്ന് നടത്തിക്കൊണ്ട് പോകാൻ ബുദ്ധിമുട്ടാണെന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകണമെന്നാവശ്യപ്പെട്ടും കൊണ്ട് കത്ത് നൽകുകയും ചെയ്തു. നഗരസഭയുടെ ലേല നിബന്ധനകൾ പ്രകാരം ലേല നിബന്ധനകളിൽ വീഴ്ച വരുത്തുന്നതായാൽ ലേലാവകാശം നഷ്ടപ്പെടുന്നതും ആദ്യ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതും പുനർലേലം ചെയ്യുമ്പോഴുണ്ടാവുന്ന നഷ്ടം പൂർണ്ണമായും ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കേണ്ടതുമാണ്. ഇവിടെ ആദ്യ ലേലക്കാരൻ ലേലം കൈക്കൊണ്ട് 3 മാസത്തിനകം ക്യാന്റീൻ നടത്തിപ്പ് ഉപേക്ഷിക്കുകയും 15/12/2018 ൽ പുനർലേലം നടത്തുകയും ചെയ്തു. എന്നാൽ പുനർലേലം നടത്തിയതിന്റെ ചെലവ് (10361 രൂപ പത്രപ്പരസ്യം നൽകിയത്) ആദ്യലേലക്കാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കിയോ ഇല്ലയോ എന്നുള്ള വിവരം ഫയലിൽ നിന്നും ലഭ്യമല്ല. ടി തുക ഈടാക്കാതെയാണ് സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നൽകിയതെങ്കിൽ പുനർലേലം നടത്തിയതിന്റെ ചെലവ് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

നഗരസഭാ കൗൺസിലിന്റെ 05/12/2018 ലെ തീരുമാന പ്രകാരം 15/12/2018 ൽ ക്യാന്റീൻ പുനർലേലം ചെയ്യുകയും ടി ലേലത്തിൽ ശ്രീ.അനീഷ് കുമാർ.കെ, നിലയ്ക്കൽ തറയിൽ കണ്ണമ്പള്ളിഭാഗം എന്നയാൾ 1.35,000 രൂപ സെക്യൂരിറ്റിയും, 4830+ജിഎസ്.ടി-യും കറന്റ്ചാർജ്ജും, വാട്ടർചാർജ്ജും ചേർത്ത് പ്രതിമാസം 6700/- രൂപ വാടകയ്ക്കാണ് ലേലം കൈക്കൊണ്ടത്. ടിയാൾ സെക്യൂരിറ്റി തുക മുനിസിപ്പൽ ഫണ്ടിലേയ്ക്ക് അടച്ചതായി ഫയൽ നോട്ടുണ്ടെങ്കിലും തുക അടച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മാത്രമല്ല ടി യാൾ 01/19 മുതൽ 01/20 വരെ വാടക മുനിസിപ്പൽ ഫണ്ടിലേയ്ക്ക് അടച്ചിട്ടില്ല. വാടക കുടിശ്ശിക പിഴപ്പലിശയും ചേർത്ത് 92552/- രൂപ മുനിസിപ്പൽ ഫണ്ടിലേയ്ക്ക് അടയ്ക്കാൻ 01/01/20 ലെ ആർ4/3683/15 നം നോട്ടീസ് പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും കുടിശ്ശിക അടച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ടി കുടിശ്ശിക തുക സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കാമായിരുന്നുവെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

കായംകുളം മുനിസിപ്പാലിറ്റിയിലെ സി.ഡി.എസ് 29/11/2019 ലെ കത്ത് പ്രകാരം നഗരസഭയിലെ 12-ാം വാർഡിൽ പ്രവർത്തിക്കുന്ന കോമ്പിനേഷത്ത് അയൽക്കൂട്ടത്തിലെ വത്സല എന്നയാൾ ഉൾപ്പെടുന്ന ഗ്രൂപ്പിന് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നഗരസഭ കൗൺസിൽ 10/01/19 ൽ എടുത്ത 10-ാം നമ്പർ തീരുമാന പ്രകാരം ലേല നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ കാലാവധി ഒരു വർഷമാക്കികൊണ്ട് കാലാവധിയ്ക്ക് ശേഷം കുടുംബശ്രീയ്ക്ക് നൽകുന്നത് പരിഗണിയ്ക്കാമെന്നും കൗൺസിൽ വീണ്ടും ചർച്ച ചെയ്യാമെന്നും തീരുമാനിച്ചിട്ടുള്ളതായിരുന്നു. എന്നാൽ അയൽക്കൂട്ട ഗ്രൂപ്പിനെ പരിഗണിയ്ക്കാതെ 23-01-20 ന് വീണ്ടും ക്യാന്റീൻ ലേലം ചെയ്യുകയും ടി ലേലത്തിൽ മുൻപ് ക്യാന്റീൻ ലേലം പിടിച്ചിരുന്ന അനീഷ്കുമാർ വീണ്ടും 1,60,000/- രൂപയ്ക്ക് ലേലം പിടിയ്ക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03/08/2018ലെ 2143/2018 നം ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടെണ്ടർ നടപടികളില്ലാതെ തന്നെ വാർഷിക കരാറിടിസ്ഥാനത്തിൽ ക്യാന്റീൻ നടത്താനുള്ള അനുവാദം കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകികൊണ്ട് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി നിർദ്ദേശ പ്രകാരവും, മേൽ 10/01/19 ൽ എടുത്ത 10-ാം നമ്പർ തീരുമാന പ്രകാരവും ഒരു വർഷം കഴിയുമ്പാൾ കുടുംബശ്രീയ്ക്ക് നൽകുന്ന കാര്യം പരിഗണിയ്ക്കാമെന്നിരിയ്ക്കെ ഇവർക്ക് നൽകാതെയാണ് ക്യാന്റീൻ പുനർലേലം ചെയ്തത്.

23-01-20 ന് നടത്തിയ ലേലത്തിൽ ക്യാന്റീൻ ലേലം പിടിച്ചിരുന്ന അനീഷ്കുമാർ തന്നെയാണ് 1,60,000/- രൂപ സെക്യൂരിറ്റി തുകയും 5315+ജി.എസ്.ടി+1000(കറന്റ് ചാർജ്ജ്+വാട്ടർ ചാർജ്ജ്) ചേർത്ത് പ്രതിമാസം 7272/- രൂപയ്ക്ക് പിന്നെയും ക്യാന്റീൻ ലേലം കൈക്കൊണ്ടത്. ടി യാൾ വീണ്ടും 2/21 മുതൽ 3/21 വരെ വാടക അടയ്ക്കുകയോ എഗ്രിമെന്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഇതേതുടർന്ന് 23/03/21 ലെ ആർ4/3683/15 നമ്പർ നോട്ടീസ് പ്രകാരം എഗ്രിമെന്റ് ഹാജരാക്കാനും 79725/- രൂപ വാടക കുടിശ്ശികയും, 14350 രൂപ ജി.എസ്.ടി യും, 14000 രൂപ കറന്റ് ചാർജ്ജും, വാട്ടർ ചാർജ്ജും ചേർത്ത് ആകെ 113868 രൂപ നൽകാൻ ആവശ്യപ്പെട്ടുവെങ്കിലും ടി യാൾ തുക അടയ്ക്കുകയുണ്ടായില്ല. തുടർന്ന് 09/12/21 ൽ R4/3683/15 നമ്പർ നോട്ടീസ് പ്രകാരം 7 ദിവസത്തിനുള്ളിൽ ഈടാക്കുവാൻ അറിയിച്ചിരുന്നെങ്കിലും കുടിശ്ശിക ഈടാക്കിയിട്ടില്ല. വിവരം ഫയലിൽ ലഭ്യമല്ല,

ലേല നിബന്ധനകൾ പ്രകാരം കീഴ്ക്കാല കുത്തകയിലെ കിസ്തുക്കൾ അടയ്ക്കാതെ വീഴ്ചവരുത്തുന്നവരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിയ്ക്കാൻ പാടുള്ളതല്ല, എന്നാൽ ഇവിടെ 02/19 മുതൽ 01/20 വരെ വാടക അനീഷ് കുമാർ മുനിസിപ്പൽ ഫണ്ടിലേയ്ക്ക് അടച്ചിട്ടില്ല എന്നിട്ടും ടിയാളെ 23-01-20 നടന്ന ലേലത്തിൽ പങ്കുടക്കാൻ അനുവദിച്ചു. ടി ലേല കുടിശ്ശിക നിലനിൽക്കുമ്പോൾ തന്നെയാണ് കുടുംബശ്രീ യൂണിറ്റിന് നൽകാതെ ടിയാളെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിച്ചത്. ടിയാളുടെ വാടക കുടിശ്ശിക സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നും ഈടാക്കാമായിരുന്നിട്ടും അത് ഈടാക്കാനുള്ള നടപടികൾ ഉണ്ടായില്ല. മാത്രല്ല ലേലം കൈക്കൊണ്ട ടിയാൻ വീണ്ടും 2/21 മുതൽ 3/21 വരെ വാടക അടയ്ക്കുകയുണ്ടായില്ല. 2019 ഫെബ്രുവരി മുതൽ 2021 നവംബർ മാസം വരെയുള്ള കുടിശ്ശികയായ 168946/-രൂപ ടിയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റായ 1,60,000/- രൂപയിൽ നിന്നും ഈടാക്കിയിരുന്നെങ്കിൽ ബാലൻസ് തുകയായ 8946/- രൂപ മാത്രമേ കുടിശ്ശിക ഉണ്ടാകുമായിരുന്നുള്ളു. കരാറുകാരനെ സഹായിക്കുന്ന സമീപനമാണ് അധികാരികളുടെ ഭാഗത്ത് നിന്നും ഉണ്ടായത്. 2019 ഫെബ്രുവരി മുതൽ വാടക കുടിശ്ശിക നിലവിലുള്ളപ്പോൾ ടിയാൾക്ക് പിന്നെയും 23-01-20 ന് ലേലത്തിൽ പങ്കെടുക്കാൻ അനുവദിച്ചതും വാടക കുടിശ്ശിക ഈടാക്കാതെ ടി യാൾക്ക് തന്നെ വീണ്ടും ക്യാന്റീൻ വാടകയ്ക്ക് നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 49/20-21/31.01.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടിയാളിൽ നിന്ന് വാടക കുടിശ്ശികയായ 168946/- രൂപ ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-27 നിയമ വിരുദ്ധമായി തസ്തിക സൃഷ്ടിച്ച് നിയമനം-അന്വേഷണവും തുടർ നടപടിയും അനിവാര്യം

2011ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങളിടെ ചട്ടം 3(8)പ്രകാരം നഗരസഭയ്ക്ക് സേവനം വിട്ടു കൊടുക്കപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മൂലമോ അവധി മൂലമോ മറ്റേതെങ്കിലും കാരണം കൊണ്ടോ പഞ്ചായത്തിനോ മുനിസിപ്പാലിറ്റിക്കോ സേവനം വിട്ടുകൊടുക്കപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥന്റെയോ ജീവനക്കാരന്റെയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റെയോ ജീവനക്കാരന്റെയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ സർക്കാരിന്റെ പൊതു മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻ കൂട്ടി അറിയിച്ചുകൊണ്ട് ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു ഉദ്യോഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താല്ക്കാലികമായി നിയമിക്കാവുന്നതാണ്. എന്നാൽ സർക്കാർ അനുവദിച്ച

തസ്തികകൾ, പ്രത്യേക ഉത്തരവുകൾ എന്നിവ കൂടാതെ ഭരണസമിതി തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ കായംകുളം നഗരസഭയിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

1. ഫയൽ നം. G2/25059 / 18 ഡാറ്റാ എൻട്രി ഓപ്പറേറ്റർ

നഗരസഭയിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ (ടൈപ്പിസ്റ്റ്) അംഗീകൃതമായ ഒരു തസ്തികയാണ് നിലവിൽ ഉള്ളത്. പി.എസ്.സി മുഖേന നിയമിതനായ ഒരാൾ ടൈപ്പിസ്റ്റ് തസ്തികയുടെ ചുമതല വഹിക്കെ അതേ തസ്തികയിൽ താല്ക്കാലിക നിയമനം എന്ന നിലയിൽ നഗരസഭ കൗൺസിലിന്റെ 23.04.2018 ലെ IV(3) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. നിയമ വിരുദ്ധമായ ഈ നിയമനത്തിന് സാധൂകരണം ലഭിയ്ക്കുന്നതിനായി നഗരകാര്യ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി എന്നിവർക്ക് G2/ 25059/25.01.2021 നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയത് ലഭിച്ചിട്ടില്ല. അനധികൃത നിയമനത്തിന് സാധൂകരണം ലഭിക്കുക എന്നത് സാധ്യമല്ലെന്നിരിക്കെ സർക്കാർ സാധൂകരണത്തിന് അപേക്ഷിയ്ക്കുന്നത് ക്രമ പ്രകാരമുള്ള നടപടിയല്ല.

2. ഫയൽ നം.PH1-17621/18 ഇലക്ട്രീഷൻ കം പ്ലംബർ

നഗരസഭയ്ക്ക് അനുവദിച്ച അംഗീകൃത തസ്തികളിൽ ഉൾപ്പെടാത്തതാണ് ഇലക്ട്രീഷൻ കം പ്ലംബർ. എങ്കിലും നഗരസഭ കൗൺസിലിന്റെ 01.03.2019 ലെ 6-ാം നമ്പർ തീരുമാന പ്രകാരം കായംകുളം നഗരസഭയിലെയും വിട്ടു കിട്ടിയ സ്ഥാപനങ്ങളിലെയും ഇലക്ട്രിക്കൽ/പ്ലംബിംഗ് വർക്കുകൾ ചെയ്യുന്നതിനായി അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഇലക്ട്രീഷൻ കം പ്ലംബറെ നിയമിച്ചു. നഗരസഭയ്ക്ക് അനുവദിച്ച തസ്തികയിൽ ഉൾപ്പെടാത്ത ഈ നിയമനം ക്രമ വിരുദ്ധമാണ്.

3. G2/6617/12 ജനന മരണ വിഭാഗത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ

നഗരസഭ കൗൺസിലിന്റെ 02.07.2012 ലെ 17-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനന മരണ വിഭാഗത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ 24.12.2012 ൽ നിയമിച്ചു. 2012 മുതൽ ഒരേ വ്യക്തി ജനന മരണ വിഭാഗത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടും ഈ തസ്തികയിൽ സ്ഥിര നിയമനം അനിവാര്യമെന്ന വിവരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെയും സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടു വന്നിട്ടില്ല .

4. മേൽ പരാമർശിത തസ്തികയിൽ നിയമിതരായവർ ആരും തന്നെ നഗരസഭയുമായി സേവന-വേതന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കരാറിൽ ഏർപ്പെട്ടിട്ടുമില്ല .

നിയമ വിരുദ്ധമായി തസ്തികകൾ സൃഷ്ടിച്ച് അതിൽ നിയമനം നടത്തുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 20-21/25.01.22 ന് പി.എസ്.സി മുഖേന നിയമിതനായ ടൈപ്പിസ്റ്റ് ബധിരനും മൂകനും ആയതിനാലും ടൈപ്പിംഗിൽ പ്രാവീണ്യം കുറഞ്ഞ ആൾ ആയതിനാലുമാണ് താല്ക്കാലിക നിയമനം നടത്തിയതെന്നും മേൽപ്പറഞ്ഞ മൂന്നു തസ്തികകളിലെ നിയമനത്തിനും സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ലെന്നും അറിയിച്ചു.

ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ മുഖേന നടത്തിയ പരിശോധനയിൽ കരാർ/ദിവസ വേതന നിയമനങ്ങളെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നികത്താവൂ എന്നും നിലവിൽ ജോലി ചെയ്യുന്നവരെ പിരിച്ചു വിട്ട് ഒഴിവുകൾ നിയമാനുസൃതം നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കണമെന്നും Lr.no. DEE-ALP/515 /2021-E1-17/17.12.21 എന്ന കത്ത് മുഖേന നിർദ്ദേശിച്ചിട്ടുണ്ട് .

സർക്കാരിന്റെ അനുമതിയില്ലാതെ അനധികൃത നിയമനം നടത്തി നഗരസഭ ഫണ്ടിൽ നിന്നും വേതനം നല്കുന്നത് അനുവദനീയമല്ല. നഗരസഭയിലെ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുമ്പോൾ പ്രസ്തുത നിയമനങ്ങൾക്ക് നിയമനാധികാരിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം വേതനമിനത്തിലെ അധികച്ചെലവ് ഇപ്രകാരമുള്ള അനധികൃത നിയമനത്തിന് തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, അക്കൗണ്ട്സ് വിഭാഗം എന്നിവരുടെ ബാധ്യതയായി നിർണ്ണയിച്ച് തുടർ നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 1-28 ബയോകെമിസ്ട്രി അനലൈസറിനായി ലക്ഷങ്ങൾ കെ.എം.എസ്.സി.എൽ -ൽ അടച്ചു -പദ്ധതി ആസൂത്രണത്തിൽ ഗുരുതരമായ വീഴ്ച

പ്രോജക്ട് നം. /പേര്. 343/താലൂക്ക് ഹോസ്പിറ്റലിൽ ലാബ് ഉപകരണം

അടങ്കൽ . 33,00,000
ചെലവ് . 32,13,317

ബിൽ നം. 4/20-21/14.05.20

താലൂക്ക് ആശുപത്രി ലാബ്-ഇൻ ചാർജ്ജിന്റെ 13.03.2020ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ താലൂക്ക് ആശുപത്രി ലാബിൽ സ്ഥാപിക്കുന്നതിനായി Fully Automated Random Access Clinical Chemistry Analyzer

കെ.എം.എസ്.സി.എൽ-ൽ നിന്നും വാങ്ങുവാൻ ആവിഷ്കരിച്ച പദ്ധതിയാണിത്. ഇതിനൊപ്പം Electrolyte Analyzer എന്ന ഉപകരണം കൂടി വാങ്ങുന്നതിനായി പ്രഫോർമ ഇൻവോയിസ് നം. 309/2019-20/27.03.2020 ന്റെ അടിസ്ഥാനത്തിൽ ആകെ 3213317/- രൂപ കെ.എം.എസ്.സി.എൽ- ന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുക നിക്ഷേപിച്ച് 8 ആഴ്ചയ്ക്കുള്ളിൽ ഉപകരണങ്ങൾ ലഭ്യമാക്കുമെന്നാണ് പ്രഫോർമ ഇൻവോയിസിൽ കെ.എം.എസ്.സി.എൽ ഉറപ്പു നല്കിയിട്ടുള്ളത്

വിശദാംശം ചുവടെ ചേർക്കുന്നു.

| ഉപകരണത്തിന്റെ പേര് | സപ്ലൈയർ | യൂണിറ്റ് കോസ്റ്റ് |
|---|---|---|
| Electrolyte Analyzer | M/s AGD Biomedicals Private Limited | 56817 |
| Fully Automated Random Access Clinical Chemistry Analyzer | M/s Lab X | 3156500 |

Electrolyte Analyzer എന്ന ഉപകരണം മാത്രമാണ് കൃത്യമായി താലൂക്ക് ആശുപത്രിക്ക് ലഭിച്ചത്.

Fully Automated Random Access Clinical Chemistry Analyzer വിതരണം ചെയ്യേണ്ടിയിരുന്ന കമ്പിനിയായ Lab X കെ.എം.എസ്.സി.എൽ മാനേജിംഗ് ഡയറക്ടർക്ക് 28.10.2020ൽ നല്കിയ കത്തിൽ പ്രസ്തുത അനലൈസർ ഉയർന്ന തരത്തിലുള്ള റീ-ഏജന്റ് ഉപയോഗിച്ച് മാത്രം പ്രവർത്തിക്കുന്നതും, അത് സ്ഥാപിക്കുവാൻ മാത്രമുള്ള വർക്ക് ലോഡ് കായംകുളം താലൂക്ക് ആശുപത്രിക്ക് ഇല്ലായെന്നും നിലവിലെ സാഹചര്യത്തിൽ അത് സ്ഥാപിച്ചാൽ കുറഞ്ഞ ടെസ്റ്റ് ക്വാളിറ്റി മാത്രമേ അതിനു കാഴ്ചവയക്കുവാൻ സാധിക്കൂ എന്നും അറിയിച്ചിരുന്നു. അതിനാൽ ഉപകരണം ലഭ്യമാക്കുന്നതിനുള്ള കാലപരിധി നീട്ടിത്തരണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം. 12/20-21/19.01.22 ന് അനലൈസർ ലഭിച്ചിട്ടില്ലാത്ത വിഷയം കെ.എം.എസ്.സി.എൽ അധികൃതരെ കത്ത് മുഖേന അറിയിച്ചിട്ടുണ്ടെന്നും അനലൈസർ വിതരണം ചെയ്യുന്ന കരാർ കമ്പനിയുടെ കാലാവധി അവസാനിച്ച പോയതിനാൽ റീ-എൻഡർ നടത്തി കരാറിൽ ഏർപ്പെട്ടാലുടൻ ആവശ്യപ്പെട്ട ഉപകരണം ലഭ്യമാക്കാമെന്ന് കെ.എം.എസ്.സി.എൽ അറിയിച്ചിട്ടുണ്ടെന്ന് മറുപടി നല്കി.

യാതൊരു മുന്നൊരുക്കവും പദ്ധതിയുടെ പ്രയോഗികതയും വിലയിരുത്താതെയാണ് Fully Automated Random Access Clinical Chemistry Analyzer പോലെ വില കൂടിയ ഉപകരണം വാങ്ങുവാൻ പദ്ധതി രൂപീകരിച്ചതെന്ന് മേൽ വസ്തുതകളിൽ നിന്നും വ്യക്തമാണ്.

പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിക്കാത്തതിനാൽ അതിനാൽ ആകെ ചെലവഴിച്ച 32,13,317/-രൂപയിൽ Electrolyte Analyzer ന്റെ വിലയായ 56817/- രൂപയുടെ ബാക്കി 3156500/- രൂപ തടസ്സപ്പെടുത്തുന്നു. അനലൈസർ ലഭിയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതിയുടെ പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയം ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 മുന്നൊരുക്കമോ ഉപയോഗ സാധ്യതയോ വിലയിരുത്താതെ ലിഫ്റ്റ് സ്ഥാപിച്ചു

ഫയൽ നം. P-82426/19

| | |
|---|---|
| പ്രോജക്ട് നം. | 421/21 |
| പേര് | നഗരസഭ ഓഫീസിൽ ലിഫ്റ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 1200000 |
| ചെലവ് | 1074034 |
| ബിൽ നം. | 90/13.11.20-644420/-<br>126/23.02.21-409614 /- |

| നിർവ്വഹണം | സെക്രട്ടറി |
|---|---|

കായംകുളം നഗരസഭയുടെ മൂന്നാം നിലയിലെ പുതിയ കൗൺസിൽ ഹാളിലേക്ക് സൗകര്യം ഏർപ്പെടുത്തൽ എന്ന ലക്ഷ്യത്തോടെ 2019 - 20 ൽ ആവിഷ്കരിച്ച പദ്ധതിയാണ് നഗരസഭ ഓഫീസിലേക്ക് ലിഫ്റ്റ് സ്ഥാപിയ്ക്കൽ (528/ 20). ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട ചെയ്ത അറ്റ്ലസ് എലവേറ്റേഴ്സ് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നല്കി.

2020-21ൽ ഈ പദ്ധതി സ്പിൽ ഓവറായി പ്രോജക്ട് നം.421/21 ആയി നടപ്പാക്കിയതിൽ, കരാർ സ്ഥാപനം 10/2020ൽ ലിഫ്റ്റ് സ്ഥാപിച്ച് പൂർണ്ണമായും പ്രവർത്തന ക്ഷമമെന്ന് ഉറപ്പു നല്കി ഇൻവോയിസ് നം. AEIPL/45/20-21/29.10.2020 പ്രകാരം ക്വാട്ട് ചെയ്ത തുകയായ 910200/-രൂപയുടെ 18% ജിഎസ്.ടി ഉൾപ്പടെ ആകെ 1074036/- രൂപയുടെ ബില്ല് സമർപ്പിച്ചിരുന്നു . തുക രണ്ടു ഘട്ടമായി നല്കി . നഗരസഭ തന്നെ നിയമിച്ച ഇലക്ട്രീഷൻ ലിഫ്റ്റിന്റെ പ്രവർത്തനം തൃപ്തികരം എന്ന് റിപ്പോർട്ട് ചെയതിട്ടുമുണ്ട്.

ലിഫ്റ്റിന്റെ പ്രവർത്തനം നേരിൽ പരിശോധിച്ചതിൽ അത് നിലവിൽ ഉപയോഗിക്കാതെ, അതിന്റെ എൻട്രി /എക്സിറ്റ് ഏരിയയിൽ നിറയെ നിർമ്മാണ സാമഗ്രികൾ, പഴയ ട്യൂബ് ലൈറ്റുകൾ എന്നിവ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. 10/2020ൽ പ്രവർത്തന ക്ഷമമെന്ന് അറ്റ്ലസ് എലവേറ്റേഴ്സ് ഉറപ്പു നല്കിയ ലിഫ്റ്റ് നിലവിലും ഉപയോഗിക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയഓഡിറ്റ് അന്വേഷണം

നം. 51/20-21/31.01.22 ന് ലിഫ്റ്റിന്റെ പ്രവർത്തനത്തിന് ത്രീ ഫേസ് കണക്ഷൻ ആവശ്യമാണെന്നും 2021-22 ൽ പ്രോജക്ട് രൂപീകരിച്ച് പിഡബ്ല്യുഡി ഇലക്ട്രിക്കൽ ഡിവിഷൻ മുഖേന നഗരസഭിൽ ത്രീഫേസ് കണക്ഷൻ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നതായി മറുപടി നല്കി.

പദ്ധതി രൂപീകരണ സമയത്ത് പദ്ധതിയുടെ പ്രായോഗികത വിലയിരുത്തിയിരുന്നില്ല എന്ന് നഗരസഭ നല്കിയ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. ലിഫ്റ്റിന്റെ പ്രവർത്തനത്തിന് ത്രീ ഫേസ് ആവശ്യമാണെന്നിരിക്കെ ലിഫ്റ്റ് പ്രവർത്ത ക്ഷമമെന്ന് കരാർ സ്ഥാപനവും ഇലക്ട്രീഷനും ഉറപ്പു നല്കിയതെങ്ങനെയെന്ന് വ്യക്തമല്ല. ഉപയോഗം ആരംഭിച്ചിട്ടില്ലാത്ത ലിഫ്റ്റിന് എ.എം.സി നടപടികൾ 2021-22 ൽ ചെയ്തിട്ടുണ്ട്.



ലിഫ്റ്റ് നിലവിൽ പ്രയോജന രഹിതമായി കിടക്കുന്നതിനാൽ അതിനായുള്ള 2020-21 പദ്ധതി വർഷത്തിലെ ചെലവ് 1074034/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവർത്തിയുടെ പൂർത്തീകരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 ബയോസേഫ്റ്റി ക്യാബിൻ സ്ഥാപിച്ചിട്ടില്ല

പ്രോജക്ട് നം./പേര് - 619/21/താലൂക്ക് ഹോസ്പിറ്റലിൽ ബയോ സേഫ്റ്റി ക്യാബിൻ സ്ഥാപിക്കൽ

അടങ്കൽ - 200000( ധനകാര്യ കമ്മീഷൻ അവാർഡ്)

400000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് - 165645( ധനകാര്യ കമ്മീഷൻ അവാർഡ്)

400000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ബിൽ നം. 12/20-21/20.11.20


13/20-21/20.11.20

കായംകുളം താലൂക്ക് ആശുപത്രിയിൽ ആർ.എൻ.ടി.പി.സി പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ട്രൂനാറ്റ് മെഷീൻ സ്ഥാപിക്കുന്നതിന് കെ.എം.എസ്.സി.എൽ വഴി ബയോ സേഫ്റ്റി ക്യാബിൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. കെ.എം.എസ്.സി.എൽ-ന്റെ പ്രൊഫോർമ ഇൻവോയിസ് നം. 227/20-21/06.11.2020 പ്രകാരം 5655645/- രൂപ അടച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ യൂണിവേഴ്സൽ ഏജൻസീസ് എന്ന സ്ഥാപനം ഇൻവോയിസ് നം.UA-18/2021 /05.04.2021 പ്രകാരം മുഖേന Bio Safety Cabinet Class II Type താലൂക്ക് ആശുപത്രി ലാബിൽ എത്തിച്ചിരുന്നു .

ക്യാബിൻ സ്ഥാപിച്ചത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 12/20-21/19.01.22 ന് നിലവിൽ ലാബ് പ്രവർത്തിരുന്ന കെട്ടിടം കിഫ്ബി മാസ്റ്റർ പ്ലാൻ പ്രകാരം പൊളിച്ചു മാറ്റുന്ന സാഹചര്യത്തിൽ എം.എൽ.എ ഫണ്ട് വഴി പുതുതായി പണി കഴിപ്പിച്ച ലാബ് കെട്ടിടത്തിൽ ക്യാബിൻ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കുന്നതാണെന്ന് മറുപടി

നല്കി.

01.02.2022 താലൂക്ക് ആശുപത്രിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ക്യാബിൻ അതിന്റെ കവറിനുള്ളിൽ സൂക്ഷിച്ചിട്ടുള്ളതായും ട്രൂനാറ്റ് മെഷീൻ ആലപ്പുഴ മെഡിക്കൽ കോളജിന് കൈമാറിയിട്ടുള്ളതായും വ്യക്തമായി.




അടിയന്തിര പ്രാധാന്യത്തോടെ വാങ്ങിയ ബയോസേഫ്റ്റി ക്യാബിൻ നാളിതുവരേയും സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അതിനായി ചെലവഴിച്ച 5655645/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്യാബിൻ സ്ഥാപിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-31 സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിട്ടും സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ സർക്കാർ ഉത്തരവിനു വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസി മുഖേന നടത്തുന്നു

ഫയൽ നം.P-11983/20

പ്രോജക്ട് നം. 109/21

പേര് -നഗരസഭ കൗൺസിൽ ഹാൾ നവീകരണം

അടങ്കൽ – 52,00,000

ചെലവ് – 26,68,702

ബിൽ നം. 155/29.3.21-338926

156/29.3.21-2329776

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ നഗരസഭ കൗൺസിൽ ഹാൾ നവീകരണം എന്ന പദ്ധതിയ്ക്കായി അക്രഡിറ്റഡ് ഏജൻസികളായ ARTCO, SIDCO, KADCO എന്നിവിടങ്ങളിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത SIDCO യ്ക്ക് 05.010.2020ലെ 6-ാം നമ്പർ തീരുമാന പ്രകാരം സെലക്ഷൻ നോട്ടീസ് നല്കുകയും SIDCO മുഖേന പ്രവൃത്തി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കായംകുളം നഗരസഭയുടെ പുതിയ കൗൺസിൽ ഹാളിൽ രണ്ടു നിരകളിൽ മേശയും കസേരയും ഇട്ടിരിക്കുന്നതിൽ കൗൺസിലർമാർക്കുള്ള ഇരിപ്പിടത്തിൽ സജ്ജീകരിച്ചിട്ടുള്ളത് 35 ഡെലിഗേറ്റ് മൈക്കുകളാണെന്നാണ് കൗൺസിൽ ഹാൾ പരിശോധിച്ചതിൽ കണ്ടത്. ഏതാനും മേശകളിൽ രണ്ടു കൗൺസിലർമാർക്ക് ഒരു മൈക്ക് എന്ന രീതിയിലുള്ള അറേഞ്ചേമെന്റിൽ 35 ഡെലിഗേറ്റ് മൈക്കുകളുടെ ആവശ്യകത മാത്രമേ നിലവിൽ ഉള്ളൂ എന്നിരിക്കെ സിഡ്ക്കോ സമർപ്പിച്ച Invoice No.TVM21-22/50/30.10.2020 പ്രകാരം 43 മൈക്കുകൾ വാങ്ങിയിട്ടുണ്ട്.

കായംകുളം നഗരസഭ സെക്രട്ടറിയും, സിഡ്ക്കോ സെയിൽസ് എംപോറിയം മാനേജരും തമ്മിൽ ഏർപ്പെട്ട 30.10.2020 ലെ കരാറിലെ 11-ാം നമ്പർ വ്യവസ്ഥ പ്രകാരം എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങൾക്കും ഒരു വർഷ റീപ്ലേസ്മെന്റ് വാറന്റിയും രണ്ടു വർഷ മെയിന്റനൻസ് ഗ്യാരന്റിയും ഉറപ്പു നല്കുന്നു. കേടായ ഉപകരണങ്ങൾക്ക് റീപ്ലേസ്മെന്റ് ഗ്യാരന്റി ഉറപ്പുള്ള സാഹചര്യത്തിൽ 8 മൈക്കുകൾ അധികമായി വാങ്ങുന്നതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. ഒരു മൈക്കിന്റെ വില 6950/- രൂപ പ്രകാരം 8 മൈക്കുകൾക്കുമായി 55600/- അധികമായി ചെലവഴിച്ചിട്ടുണ്ട്.

2. 19800/-രൂപ വിലയുള്ള ഒരു ഡയസ് ടേബിൾ, 11850/- രൂപ വീതം വിലയുള്ള 40 കോൺഫറൻസ് ഹാൾ ടേബിൾ എന്നിവ ലെഗ് റെസ്റ്റോടു കൂടിയത് എന്നാണ് ഇൻവോയിസിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ ലെഗ് റെസ്റ്റില്ലാത്ത മേശകളാണ് വാങ്ങിയിട്ടുള്ളതെന്ന് കാണുന്നു.

3.സിഡ്ക്കോ സെയിൽസ് മാനേജർ സമർപ്പിച്ച Sidco/SSETVM/Geenl-2021-22/29.07.2021 നമ്പർ പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് പ്രകാരം സിഡ്ക്കോ കരാർ പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിച്ച് ഹാൾ നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നവീകരിച്ച ഹാൾ ഉപയോഗിക്കാത്ത നിലയിലാണ് കാണപ്പെട്ടത്.

4. കൗൺസിൽ ഹാളിന്റെ ഫർണിഷിംഗ് പ്രവർത്തികൾക്ക് പുറമേ ഹാളിൽ ടൈൽ ഇടൽ, ഇലക്ട്രിക്കൽ വർക്ക് തുടങ്ങി നിരവധി സിവിൽ വർക്കുകൾ സിഡ്‌ക്കോ മുഖേന ചെയ്തിട്ടുണ്ട്. സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ 2020-21ൽ ഫർണിഷിംഗ് പ്രവർത്തികൾ 2021-22 ലുമാണ് നടത്തിയിട്ടുള്ളത്. എന്നാൽ ഈ പ്രവർത്തികളുടെ മൂല്യമോ, അളവോ ആരും തിട്ടപ്പെടുത്തിയിട്ടില്ല, എം.ബുക്ക് തയ്യാറാക്കിയില്ല.

5. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന വർക്കുകൾ സംബന്ധിച്ച് സർക്കാർ പുതുക്കിയ വിശദമായ മാർഗരേഖ GO(P)311/2014/Fin Dated 30.07.2014 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ Annexure 11 ആദ്യ പാരഗ്രാഫിൽ തന്നെ വ്യക്തമാക്കുന്നത് സ്വന്തമായ എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്ത വകുപ്പുകൾക്ക് മാത്രമാണ് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ അക്രഡിറ്റഡ് ഏജൻസികൾക്ക് വർക്ക് ഏൽപിച്ച് നൽകാൻ അനുമതിയുള്ളു എന്നാണ്. മാത്രമല്ല, സ്വന്തമായി എഞ്ചിനീയറിംഗ് വിംഗ് ഉള്ള വകുപ്പുകൾക്ക്, തങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാറിന്റെ മുൻകൂർ അനുമതിയോടെ മാത്രം അക്രഡിറ്റഡ് ഏജൻസികൾക്ക് ഏൽപിച്ച് നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നഗരസഭക്ക് സ്വന്തമായി മുനിസിപ്പൽ എഞ്ചിനീയറുടെ കീഴിൽ വിപുലമായ എഞ്ചിനീയറിംഗ് വിംഗ് നിലവിലുണ്ട്. എന്നാൽ മേൽ പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതി നൽകിയതും സിഡ്‌ക്കോയാണ്

6.ഈ വർക്കുകളുടെ അളവുകൾ രേഖപ്പെടുത്തിയത് നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗമല്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി നൽകുകയും ചെയ്ത സിഡ്‌ക്കോയുടെ അതേ എഞ്ചിനീയറാണ് അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. 1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ ചട്ടം 14 (1) പ്രകാരം മുനിസിപ്പാലിറ്റി ഏറ്റെടുത്തിട്ടുള്ള ഏതൊരു പൊതുമരാമത്ത് പണിയും മുനിസിപ്പൽ എഞ്ചിനീയറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റു സാങ്കേതിക ഉദ്യോഗസ്ഥരുടെയോ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടത്തേണ്ടതും ജോലിയുടെ പുരോഗതിയും ഗുണമേൻമയും അവർ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടേണ്ടതും അപ്രകാരം നടത്തപ്പെടുന്ന ഏതൊരു ജോലിയുടെയും ഗുണമേന്മയോട് കൂടിയ പൂർത്തീകരണത്തിന് അവർ വ്യക്തിപരമായോ കൂട്ടായോ ഉത്തരവാദിയായിരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രവർത്തി നടപ്പാക്കിയതിലെ അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 57/20-21/31.01.22 ന് പ്രവർത്തി പൂർത്തീകരിച്ചത് 2021-22 ലാണെന്നും പിഡബ്ല്യുഡി ഇലക്ട്രിക്കൽ മുഖേന നടപ്പാക്കുന്ന ത്രീ ഫേസ് കണക്ഷൻ പ്രവർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് കൗൺസിൽ ഹാൾ പ്രവർത്തനം തുടങ്ങുന്നതാണെന്നും വാങ്ങിയ ഉപകരണങ്ങളെല്ലാം സ്റ്റോക്കിൽ എടുത്തിട്ടുണ്ട് എന്നും മറുപടി നല്കി. എന്നാൽ ഡെലിഗേറ്റ് മൈക്കുകൾ അധികമായി വാങ്ങിയതിന് വിശദീകരണം നല്കിയിട്ടില്ല.

സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കുമ്പോഴും സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്നത് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-32 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം -ന്യൂനതകൾ

സാമൂഹ്യ സുരക്ഷ പെൻഷനുകൾ പെൻഷനറുടെ മരണാനന്തരവും സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവായി തുടർന്നതിനാൽ ബാങ്ക് മുഖാന്തിരം പെൻഷൻ ലഭിച്ചുപോരുന്ന പെൻഷനറുടെ അക്കൌണ്ടിലേക്ക് മരണശേഷവും തുക ക്രഡിറ്റാകുന്നു. സഹകരണബാങ്കുകൾ മുഖേന/ഡയറക്ട് ടു ഹോം ആയി പെൻഷൻ ലഭിക്കുന്ന പെൻഷനേഴ്സിന് മസ്റ്ററിങ് പൂർത്തീകരിക്കുകയോ/ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞുവച്ചിരിക്കുമ്പോഴും നിലവിലും ഇവരുടെ അക്കൌണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്യുന്നതായി കാണുന്നു.

പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറും 2020 വർഷം രജിസ്റ്റർ ചെയ്യപ്പെട്ട നഗരസഭയിലെ മരണ റിപ്പോർട്ടും ഒത്തുനോക്കിയപ്പോൾ ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് തുക അനുവദിച്ചതായും, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് തുക ലഭിച്ചതായും ശ്രദ്ധയിൽ പെട്ടു.

ഇപ്രകാരം തുക ട്രാൻസ്ഫർ ചെയ്ത ഇടപാടുകളിൽ - തിരിച്ചുവരുന്ന തുകയുടെ കൃത്യത, കൈപ്പറ്റാത്ത തുക പൂർണ്ണമായും തിരിച്ച് അടയ്ക്കപ്പെടുന്നുണ്ടോ എന്നിവ പരിശോധിക്കപ്പെടുന്നില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

| ഗുണഭോക്താ | പെൻഷൻ | മരിച്ച | മരണം | പെൻഷൻ | അനർഹമായ | അനർഹമായ |
|---|---|---|---|---|---|---|

| വിന്റെ പേര് | ഐ.ഡി. | തീയതി | രജിസ്റ്റർ ചെയ്ത തീയതി | വിതരണ കാലയളവ് | കാലയളവ് | കാലയളവിൽ വിതരണത്തിനായി നൽകിയ തുക |
|---|---|---|---|---|---|---|
| പൊടിയമ്മ | 101840203457 | 18.03.2020 | 22.05.2020 | 12/2021 വരെ | 04/20 -12/21 | 33900/- Corporation Bank A/C No. 162402101000924 06/21 വരെ അക്കൗണ്ടിൽ നിക്ഷേപിച്ചു 07/21 മുതൽ12/21 വരെ നിക്ഷേപിക്കാനായില്ല (A/C Closed Or Transfered) |
| നാരായണൻ | 101840200516 | 09.05.2020 | 22.05.2020 | 12/2021 വരെ | 06/20-12/21 | 30900/- KAYAMKULAM C B S 421 KRISHNAPURAM (തുക കൈമാറാൻ കഴിഞ്ഞില്ല) |
| ഗോപിനാഥ കമ്മത്ത് | 101840206410 A/C | 10.03.2020 | 26.05.2020 | 12/2021 വരെ | 04/20 - 12/21 | 33900/- State Bank Of India AC No.10590546096 തുക കൈപ്പറ്റി) |
| തങ്കമ്മ | 101840200775 | 09.07.2020 | 11.09.2020 | 12/2021 വരെ | 08/20-12/21 | 27900/- KAYAMKULAM C B S 421 (തുക കൈമാറാൻ കഴിഞ്ഞില്ല) |

(ബി) വിധവാ പെൻഷൻ

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | പെൻഷൻ വിതരണ കാലയളവ് | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണത്തിനായി നൽകിയ തുക |
|---|---|---|---|---|---|---|
| കുഞ്ഞുകുഞ്ഞമ്മ | 101840601026 | 22.05.20 | 24.06.20 | 12/2021 വരെ | 06/2020-12/2020 | 29700 |
| സതിയമ്മ പിള്ള | 101840601067 | 03.05.20 | 06.06.20 | 12/2021 വരെ | 06/2020-12/2020 | 29700 |
| തങ്കകുട്ടി | 101840600128 | 18.04.20 | 16.06.20 | 12/2021 വരെ | 05/20-12/21 | 31000 |
| രാധാമണി | 101840600595 | 07.06.20 | 24.08.20 | 12/2021 വരെ | 07/20-12/21 | 28400 |

ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാത്രവുമല്ല, കായംകുളം നഗരസഭയുടെ മരണ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ മാത്രമാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് ടി കാലയളവിൽ

മരണപ്പെട്ട, കായംകുളം നഗരസഭയിൽ നിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരുന്ന ഗുണഭോക്താക്കളുടെ കാര്യത്തിലും ഈ രീതിയിൽ അനർഹമായി പെൻഷൻ വിതരണം നടത്തിയിട്ടുണ്ടാവാനുള്ള സാധ്യത ഏറെയാണ്.

സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്ത് വരുന്ന സാമൂഹിക സുരക്ഷാ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, മരിച്ചുപോയവരുടെ പേര് വിവരങ്ങൾ വാർഡ് ക്രമത്തിൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ലഭ്യമാക്കിക്കൊണ്ട് അനർഹരായ മുഴുവൻ വ്യക്തികളെയും കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ടി വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/27.01.2022) മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-33 വെള്ളക്കര കുടിശ്ശിക നാൾക്കുനാൾ വർദ്ധിക്കുന്നു- നഗര സഭയ്ക്ക് വൻബാദ്ധ്യത

നഗരസഭയിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം യഥാസമയം വാട്ടർ അതോറിറ്റിയിൽ അടക്കാതിരിക്കുന്നതിനാൽ നഗരസഭയുടെ ബാദ്ധ്യത വൻ തോതിൽ വർദ്ധിച്ചു വരുന്നു. നഗരസഭയിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച ഫയൽ നമ്പർ PW3-510/1993 പരിശോധിച്ചതിൽ വാട്ടർ അതോറിറ്റിയുടെ 50135/08.03.2021 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 712 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2021 മാർച്ചിൽ 116657631/-രൂപയാണ് നഗരസഭ അടയ്ക്കേണ്ടത്. ഇതിൽ 467784/-രൂപ മാത്രമാണ് പ്രതിമാസ ഡിമാന്റ്, ഫൈൻ 2235420/-രൂപയും 113954427/-രൂപ നാളിതുവരെയുള്ള കുടിശ്ശികയുമാണ്.
തുക കൃത്യമായി അടയ്ക്കാതിരിക്കുന്നതിനാൽ ഓരോ മാസവും 2% വീതം പലിശ വർദ്ധിക്കുകയും നഗരസഭയുടെ ബാദ്ധ്യത വർദ്ധിക്കുകയും ചെയ്യുന്നു. കുടിശ്ശിക ഒടുക്കുന്നതു സംബന്ധിച്ച് വാട്ടർ അതോറിറ്റിക്ക് കത്ത് നല്കുകയും, നഗരസഭ ചെയർപേഴ്സൺ-ന്റെ അദ്ധ്യക്ഷതയിൽ 07.12.2021 ൽ മീറ്റിംഗ് വച്ചുവെങ്കിലും വാട്ടർ അതോറിറ്റി അധികൃതർ കത്തിനു മറുപടി നല്കുകയോ മീറ്റിംഗിൽ പങ്കെടുക്കുകയോ ചെയ്തില്ല.

15.08.2019 ൽ വാട്ടർ അതോറിറ്റിയുമായി പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ ഒന്നും നടന്നിട്ടില്ല. ടാപ്പുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അടവാക്കാനുള്ള വെള്ളക്കരത്തിന്റെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. പ്രവർത്തന ക്ഷമമമായ ടാപ്പുകളുടെ മാത്രം തുക അടയ്ക്കുകയും കുടിശ്ശിക നിവാരണത്തിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-34 ചെയ്ത പ്രവൃത്തിയുടെ മൂല്യത്തേക്കാൾ അധികം നൽകിയത് 2.85 ലക്ഷം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കാഷ്യൂ ഫാക്ടറി റോഡ് മെയിന്റനൻസ് |
| പ്രോജക്ട് നമ്പർ | S0397/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അബ്ദുൾ റഹിം |
| അളവു പുസ്തകം | 127/19-20, 19/20-21 |
| ചെലവ് വിവരം | ബിൽ നമ്പർ 8/15-04-20 രൂപ 182933/-<br>ബിൽ നമ്പർ 91/20-05-20 രൂപ 50062/- |
| | ബിൽ നമ്പർ 163/11-11-20രൂപ 345472/- |

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 54.9 % കോസ്റ്റ് ഇൻഡക്സ് നൽകിയാണ്. അതിനാൽ GST പ്രൊവിഷൻ നൽകിയിരുന്നില്ല. എന്നാൽ 3rd പാർട്ട് ബിൽ നൽകിയപ്പോൾ GST യിനത്തിൽ 10% (31407/-) ഉൾപ്പെടെയുള്ള തുക അനുവദിച്ചു കൂടാതെ മൂന്നാം പാർട്ട് ബിൽ പ്രകാരം വരുന്ന തുകയായ 81070/- രൂപയ്ക്കു പകരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യമായ 314065/- രൂപ ഉൾപ്പെടെ കരാറുകാരന് നൽകിയതിനാൽ 2.85 ലക്ഷം രൂപ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

അനുവദിച്ച തുക

| | | |
|---|---|---|
| ഒന്നാമത്തെ പാർട്ട് ബിൽ പ്രകാരം പിൻവലിച്ച തുക | 182933 | ബിൽ നമ്പർ 8/15-04-20 |

| | | |
|---|---|---|
| രണ്ടാമത്തെ പാർട്ട് ബിൽ പ്രകാരം പിൻവലിച്ച തുക | 50062 | ബിൽ നമ്പർ 91/20-05-20 |
| മൂന്നാമത്തെ പാർട്ട് ബിൽ പ്രകാരം പിൻവലിച്ച തുക | 345472 | ബിൽ നമ്പർ 163/11-11-20 |
| ആകെ | 578467 | |

അനുവദിക്കേണ്ട തുക

| | |
|---|---|
| 3rd പാർട്ട് ബിൽ പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം | 314065 |
| കുറയ്ക്കുക | |
| ആദായ നികുതി (1%) - 3141 | |
| KCWWF(1%) - 3141 | |
| CGST(1%) - 3141 | |
| SGST(1%) - 3141 | |
| റിടെൻഷൻ (2.5%) - 7852 | (-) 20416 |
| | 293649/- |

അധികം നൽകിയത് 578467 – 293649 = 284818/- ടി തുക കരാറുകാരനിൽ നിന്നും 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

ടാറിംഗ് ഉൾപ്പെട്ടിട്ടുള്ള മേൽപ്രവൃത്തിയിൽ മെറ്റലിംഗ് (WMM) ചെയ്തതിനു ശേഷം തുടർ പ്രവൃത്തികൾ കരാറുകാരൻ ചെയ്തതിന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തൽ ഇല്ല. തന്നെയുമല്ല ബാക്കി പ്രവൃത്തികൾ നടത്തുന്നതിനായി സ്പിൽഓവറായി പ്രോജക്ടും തുടർന്നുള്ള വർഷം ഏറ്റെടുത്തിട്ടില്ല. പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 വളയിക്കകത്ത് റോഡ് മെയിന്റനൻസ്-54.9% കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തിക്ക് GST അനുവദിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വളയിക്കകത്ത് റോഡ് മെയിന്റനൻസ് |
| പ്രോജക്ട് നമ്പർ | S0454/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അഷറഫ്.ഇ.എം. |
| അളവു പുസ്തകം | 167/19-20 |
| കരാർ തുക | 658739.49 |
| ചെലവ് വിവരം | ബിൽ നമ്പർ 202/27-02-21 രൂപ 500000/-<br>ബിൽ നമ്പർ 210/27-02-21 രൂപ 118897/- |

ടി പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് അനുസരിച്ച് നിലവിലുള്ള ഓട പൊളിച്ച് പുതിയ ഓട നിർമ്മിക്കുക എന്നതാണ്. ഇതിന് 54.9% കോസ്റ്റ് ഇൻഡക്സ് നൽകി GST പ്രൊവിഷൻ ഇല്ലാതെ 671000 രൂപയുടെ അടങ്കലിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ഇത് ഇ-ടെണ്ടർ ചെയ്തപ്പോൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. അഷറഫ് ആണ് ടി പ്രവൃത്തിക്ക് കരാർ വെച്ചിട്ടുള്ളത്. നിലവിൽ ടി സ്ഥലത്ത് പ്രവൃത്തി ഏറ്റെടുക്കുവാൻ സാധിക്കാത്തതിനാൽ ടി സ്ഥലത്തോട് ചേർന്ന് പുതിയ ഓട നിർമ്മിക്കേണ്ട പ്രവൃത്തി ഏറ്റെടുക്കേണ്ടത് അനിവാര്യമാകയാൽ പുതിയ ഓട നിർമ്മാണത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. ഈ എസ്റ്റിമേറ്റിലെ നിരക്കും 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് കൂടാതെ GST തുകയും കൂടി ഉൾപ്പെടുത്തിയാണ് അടങ്കലിന് സാങ്കേതികാനുമതി വാങ്ങിയിരിക്കുന്നത്. 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയിരിക്കുന്നതിനാൽ GST അനുവദനീയമല്ല. എന്നാൽ GST ഉൾപ്പെടെയുള്ള തുകയാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. ഇത് അധികം നൽകാനിടയാക്കി.

വിശദാംശം ചുവടെ കൊടുക്കുന്നു.

| | അനുവദിച്ചത് | അനുവദനീയമായ തുക |
|---|---|---|
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 549059.60 | 549059.60 |
| (+)GST 12% | 65887.15 | 0 |
| ആകെ | 614946.75 | 549059.60 |
| (-) ആദായ നികുതി | 6149 | 5491 |
| (-)KCWWF | 6149 | 5491 |
| (-)CGST | 6149 | 5491 |
| (-)SGST | 6149 | 5491 |
| (-)ഫൈൻ 2% | 12299 | 13175(കരാർ തുകയുടെ 2%) |
| | 578051.75 | 513920.60 |
| | | |

അധികം നൽകിയത് - 578052 – 51392 = 64129/-അധികം നൽകാനിടയായ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാദ്ധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 36/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-36 GST തുക രണ്ടു തവണ പിൻവലിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഇല്ലിക്കുളത്ത് റോഡ് കോൺക്രീറ്റിംഗും സ്ലാബ് നിർമ്മാണവും |
| പ്രോജക്റ്റ് നമ്പർ | S0253/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ഷാത്രൂൺഷ |
| അളവു പുസ്തകം | 32/19-20 |
| ചെലവ് വിവരം | ബിൽ നമ്പർ 118/09-11-20 രൂപ 652292/-<br>ബിൽ നമ്പർ 189/27-01-21 രൂപ 119539/- |

മേൽ പ്രവൃത്തിയുടെ GST 12% ഉൾപ്പെടെ വരുന്ന മൂല്യം 712532/- രൂപയാണ്. എന്നാൽ മേൽ സൂചിപ്പിച്ച രണ്ടു ബില്ലുകളിലായി 771831/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചു. അധികമായി പിൻവലിച്ചത് 59299/- രൂപ (771831-712532). ടി തുക ഒന്നാം പാർട്ട് ബിൽ പ്രകാരമുള്ള പ്രവൃത്തിയുടെ മൂല്യമായ 592993 രൂപയുടെ GST 10% ആണ്. ടി തുക ഒന്നാംപാർട്ട് ബിൽ പ്രകാരം ട്രഷറിയിൽ നിന്നുംപിൻവലിച്ച് Sale Of Empties And Waste എന്ന ഇനത്തിൽ നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ ( അക്കൗണ്ട് നമ്പർ 707031400000005)നിക്ഷേപിച്ചിരിക്കുന്നു. ഇത് കൂടാതെയാണ് രണ്ടാം പാർട്ട് ബില്ലിൽ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യമായ 636190/- രൂപയുടെ 12% GST 76343/- രൂപ ഉൾപ്പെടെ വീണ്ടും പിൻവലിച്ചത്. ഇക്കാരണത്താലാണ് 59299/- രൂപ അധികം പിൻവലിക്കാനിടയായത്. ടി തുക ഗവൺമെന്റിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 35/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-37 സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വാർഡ് 25ലെ അംഗൻവാടി നിർമ്മാണം |
| അടങ്കൽ | 15 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| കരാറുകാരൻ | ഷാനവാസ് |
| ക്വോട്ടുചെയ്ത നിരക്ക് | 1247499.80 (0.69% കുറവ്) |
| അളവു പുസ്തകം | 131/19-20 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 1251159 (12% GST ഉൾപ്പെടെ) |
| ചെലവ് വിവരം | ചെക്ക് നമ്പർ711557/08-03-21 രൂപ 1251159/- |

ശ്രീ. എ.കെ. ആന്റണി എം.പി (രാജ്യസഭ) എംപി ലാഡ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തിയാണ് വാർഡ് 25ലെ അംഗൻവാടി നിർമ്മാണം

എ) ഇതിൽ 9 കോളങ്ങൾ 0.30 X0.20 X 2.25 മീറ്റർ വലിപ്പത്തിൽ ലിൻറൽ വരെ നിർമ്മിച്ചിട്ടുണ്ട്. (അളവു പുസ്തകം പേജ് 16). കെട്ടിടത്തിന്റെ ഭിത്തി നിർമ്മിച്ചിരിക്കുന്നത് 30x20x20 സ്പെസിഫിക്കേഷനിലുള്ള സോളിഡ് ബ്ലോക്ക് മേസനറിയിലാണ്. ഇത് 21.83 $M^3$ ചെയ്തതിന് @6575/$m^3$ നിരക്കിൽ 143532/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഭിത്തിയുടെ ഭാഗമായി വരുന്ന 9 കോളങ്ങളുടെ അളവ് കുറവു ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം നൽകാനിടയായി.

കുറവു ചെയ്യേണ്ടിയിരുന്ന അളവ് -- 9 X0.30 X0.20 X2.10 = 1.134$m^3$

അധികം നൽകിയ തുക – 1.134 $M^3$ @6575 = 7456 +895(12% GST) = 8351/-ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി)ലിന്റൽ നിർമ്മിച്ചതിന് മുകളിൽ ബാക്കി വരുന്ന കോളങ്ങളുടെ ഭാഗം നിർമ്മിക്കുന്നതിനായി താഴെപ്പറയും വിധം സ്റ്റീൽ റീഇൻഫോഴ്സ്മെന്റും സെന്ററിംഗ് & ഷട്ടറിംഗും ചെയ്തിതിന് തുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| സ്റ്റീൽ റീഇൻഫോഴ്സ്മെന്റ് (അളവു പുസ്തകം പേജ് -27) | 198.25 Kg @83 = 16455 |
| സെന്ററിംഗ് & ഷട്ടറിംഗ് (അളവു പുസ്തകം പേജ് -28) | 9$m^2$ @695.50 = 6260 |
| ആകെ | 22715 + 2726 (12%GST) = 25441/- |

എന്നാൽ കോളങ്ങളുടെ ബാക്കി ഭാഗം RCC ചെയ്തതിന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തൽ ഇല്ല. അതിനാൽ ടി തുകയും (25441/-)കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

സി) ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം (ഇനം 16) സ്പെസിഫിക്കേഷൻ കോഡ് 50.6.1.6 പ്രകാരമുള്ള Solid Block Masonary Of Size 30x20x20 For Superstructure Above Floor Two Level Up To Floor Five Level Thickness 20cm And Above In Cm 1:6 എന്നതിനുള്ള 6601.60/$m^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തത്. ഇതനുസരിച്ച് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കായ 6575/$m^3$ ആണ് മേൽ ഇനത്തിന് അനുവദിച്ചിരിക്കുന്നത്. അംഗൻവാടി കെട്ടിട നിർമ്മാണം ഒറ്റ നിലയിലാണ് ചെയ്യാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയതും നിർമ്മിച്ചിട്ടുള്ളതും. അതിനാൽ ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം (ഇനം 16) സ്പെസിഫിക്കേഷൻ കോഡ് 50.6.1.5 പ്രകാരമുള്ള Solid Block Masonary Of Size 30x20x20 For Superstructure Up To Floor Two Level Thickness 20cm And Above In Cm 1:6 എന്നതിനുള്ള 5883.33/$m^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കരാറുകാരൻ ക്വോട്ടുചെയ്ത നിരക്ക് | 0.69% കുറവ് |
| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ട നിരക്ക് | 5883.33/$m^3$ |
| അനുവദിക്കേണ്ട നിരക്ക് | 5842.73 [5833.33 – 40.69 (0.69% കുറവ്)} |
| അനുവദിച്ച തുക | 21.83 M3 @6575 = 143532 |
| അനുവദനീയമായ തുക | 21.83 M3 @5842.73 = 127547 |

| | |
|---|---|
| അധികം നൽകിയത് | 15985 (143532 – 127547)<br>(+) GST 10% --1598<br>ആകെ 17583 |

അധികം നൽകാനിടയായ ആകെ തുക – 8351 + 25441 + 17583 = 51375/- കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 38/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-38 ടാർവീപ്പയുടെ വില ഈടാക്കിയില്ല.

താഴെപ്പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബിൽ പ്രകാരം തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില ബില്ലിൽ നിന്നും കുറവു ചെയ്തില്ല. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) രൂപയാണ്. ടാർ വീപ്പയുടെ വില ഈടാക്കാതിരുന്നനാൽ കരാറുകാർക്ക് അധികം നൽകാനിടയായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച SS1, RS1, ബിറ്റുമിന്റെ അളവ് | ഈടാക്കേണ്ട വില @281 | കരാറുകാരൻ | ചെലവു വിവരം |
|---|---|---|---|---|---|
| 1 | ചെമ്പകപ്പള്ളി - നൈനൈരേത്ത റോഡ് കോൺക്രീറ്റിംഗ് | SS1-1534kg<br>RS1-262kg<br>ബിറ്റുമിൻ - 2627 Kg | 19 @281 =5339 | മുഹമ്മദ് സാദിക്ക് | 117/09-11-20<br>രൂപ 716624/- |
| 2 | ഐക്യജംഗ്ഷൻ ഒതനാകുളം റോഡ് പുനരുദ്ധാരണം | SS1-635kg<br>RS1-280kg<br>ബിറ്റുമിൻ - 2175kg | 20 @281 = 5620 | ഷൗക്കത്ത് | 98/09-06-20<br>രൂപ 747851/- |
| 3 | ആലക്കമുറി- പട്ടാശ്ശേരിൽ റോഡ് റീടാറിംഗ് | RS1-80kg<br>ബിറ്റുമിൻ - 839 Kg | 6 @281 =1686 | സുരേഷ് | 139/13-11-20<br>രൂപ 170529/- |
| 4 | ഒറക്കാശ്ശേരി പടികവാതിക്കൽ റോഡ് , മച്ചാൻകുളങ്ങര റോഡ് റീടാറിംഗ് | SS1-644kg<br>RS1-269kg<br>ബിറ്റുമിൻ - 2124 Kg | 19 @281 = 5339 | അബ്ദുൾ ലത്തീഫ് | 104/16-10-20<br>രൂപ 612158/- |
| 5 | ചേരാവള്ളി ക്ഷേത്രത്തിന് കിഴക്ക് റോഡ് ടാറിംഗ് റീടാറിംഗ് | SS1-242kg<br>RS1-159kg<br>ബിറ്റുമിൻ - 1530 Kg | 13 @281 = 3653 | ശശിധരൻപിള്ള | 377/23-10-20<br>രൂപ 585255/- |
| 6 | പിച്ചനാട്ട് ചിറയിൽ റോഡ് റീടാറിംഗ് | SS1-179kg<br>RS1-90kg<br>ബിറ്റുമിൻ - 802 Kg | 7 @281 =1967 | അഷറഫ് .ഇ.എം | 22/15-04-20<br>രൂപ 229098/- |
| 7 | ഷഹിദർ പള്ളി റോഡ് നവീകരണം | RS1-202kg<br>ബിറ്റുമിൻ - 2234 Kg | 15 @ 281 = 4215 | അഷറഫ് .ഇ.എം | 24/15-04-20<br>രൂപ 291880/- |
| 8 | കുറ്റിയിൽ കുളങ്ങര റോഡ് റീടാറിംഗ് | SS1-188kg<br>RS1-95kg | 7@281 =1967 | അഷറഫ് .ഇ.എം | 20/15-04-20<br>രൂപ 241765/- |

| | | | | | |
|---|---|---|---|---|---|
| | | ബിറ്റുമിൻ - 816 Kg | | | |
| 9 | കളിയക്കൽ ജംഗ്ഷൻ റയിൽവേ സ്റ്റേഷൻ റോഡ് റീടാറിംഗ് | RS1-257kg<br>ബിറ്റുമിൻ - 781 Kg | 7 @281 = 1967 | അഷറഫ് .ഇ.എം | 131/13-11-20 രൂപ 122415/- |
| 10 | കാര്യാത്ത് ഗുരുമന്ദിരം റോഡ് റോഡ് റീടാറിംഗ് | SS1-102kg<br>RS1-74kg<br>ബിറ്റുമിൻ - 988 Kg | 9 @281 = 2529 9വീപ്പയുടെ വില കുറവു ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും കുറവു ചെയ്തില്ല | അഷറഫ് .ഇ.എം | 132/13-11-20 രൂപ 194062/- |
| 11 | ഊടത്തിൽ കിഴക്കേതിൽ റോഡ് റീടാറിംഗ് | SS1-242kg<br>RS1-111kg<br>ബിറ്റുമിൻ - 959 Kg | 9 @281 = 2529 | അഷറഫ് .ഇ.എം | 116/27-10-20 രൂപ 287216/- |
| 12 | മട്ടപ്പള്ളിൽ റോഡ് റീടാറിംഗ് | SS1-179kg<br>RS1-76kg<br>ബിറ്റുമിൻ - 679 Kg | 6 @281 = 1686 | അഷറഫ് .ഇ.എം | 114/27-10-20 രൂപ 180308/- |
| 13 | നിറയിൽമുക്ക് റയിൽവേ സ്റ്റേഷൻ റോഡ് റീടാറിംഗ് | RS1-139kg<br>ബിറ്റുമിൻ - 1435 Kg | 10 @281 = 2810 | അഷറഫ് .ഇ.എം | 129/13-11-20 രൂപ 194979/- |
| 14 | കണ്ടാളനട ഗവേഷണം റോഡ് റീടാറിംഗ് | SS1-204kg<br>RS1-64kg<br>ബിറ്റുമിൻ - 687 Kg | 6 @281 = 1686 | അഷറഫ് .ഇ.എം | 115/27-10-20 രൂപ 287216/- |
| 15 | കൻകാലിക്കൽ മന്നംപള്ളി റോഡ് റീടാറിംഗ് | SS1-175kg<br>RS1-57kg<br>ബിറ്റുമിൻ - 434 Kg | 4 @281 = 1124 | അബ്ദുൾ ലത്തീഫ് | 64/13-05-20 രൂപ 200464/- |
| 16 | റെയിൽവേ ഓവർബ്രിഡ്ജ് തൊണ്ടിയാത്ത് റോഡ് മെയിന്റനൻസ് | RS1-91kg<br>ബിറ്റുമിൻ - 959 Kg | 7 @281 = 1967 | അബ്ദുൾ ലത്തീഫ് | 13/13-11-20 രൂപ 192238/- |
| | ആകെ | | 46084 | | |
| | | | | | |

കുറവു വന്ന തുക 46084/- കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-39 നായ്ക്കൻ പറമ്പ് മൂലയിൽ റോഡ് റീടാറിംഗ് - 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന് GST നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | നായ്ക്കൻ പറമ്പ് മൂലയിൽ റോഡ് റീടാറിംഗ് |
| പ്രോജക്ട് നമ്പർ | S0396/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |

| | |
|---|---|
| കരാറുകാരൻ | അബ്ദുൾ റഹിം |
| അളവു പുസ്തകം | 441/20-21 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം<br>അനുവദിച്ച GST (12%)<br>ആകെ | 446260<br>53551<br>499811 |
| ചെലവ് വിവരം | ബിൽ നമ്പർ 163/30-1120 രൂപ 499811/- |

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയാണ്. അതിനാൽ ഒറിജിനൽ എസ്റ്റിമേറ്റിൽ GST പ്രോവിഷൻ ഉൾപ്പെടുത്തിയിരുന്നില്ല. ഇതനുസരിച്ചാണ് ടെണ്ടർ ചെയ്ത് കരാർ വെച്ചിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ എക്സ്ട്രാ ഇനങ്ങളുടെ നിരക്ക് 54.9% കോസ്റ്റ് ഇൻഡക്സ് നൽകി തയ്യാറാക്കുന്നതിന് പകരം 48.71% കോസ്റ്റ് ഇൻഡക്സ് നൽകിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഫൈനൽ ബിൽപ്രകാരം കരാറുകാരന് തുക നൽകിയപ്പോൾ 12% GST ഉൾപ്പെടെ തുക അനുവദിച്ചു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന് GST നൽകേണ്ടതില്ല. എന്നാൽ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന് മൊത്തമായിGST അനുവദിച്ചത് അധികം നൽകാനിടയാക്കി. അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തികൾ | ഒറിജിനൽ, പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട നിരക്ക് | കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് | പ്രവൃത്തിയുടെ മൂല്യം |
|---|---|---|---|
| പ്ലാസ്റ്റിക്ക് റോഡ് ചിപ്പിംഗ് കാർപ്പെറ്റ് | 192.09/$m^2$ | 192.09/$m^2$ | 792$M^2$ @192.09 = 152135.28 |
| സീൽ കോട്ട് | 81.16/$m^2$ | 81.16/$m^2$ | 792$m^2$ @ 81.16 = 64278.78 |
| ആകെ | | | 216414. |
| 48.71%കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യം | | | 229846 |
| അനുവദിച്ച GST (12%) | | | 53551 |
| അർഹമായ GST<br>(229846 @12%) | | | 27582 |
| അധികം നൽകിയത് | | | 25969 |

അധികം നൽകിയ 25969/- രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 36/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-40 GST സ്രോതസിൽ നിന്നും ഈടാക്കിയില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | 5ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 495000/- |
| ചെലവ് വിവരം | ബിൽ നമ്പർ 126/11-11-20രൂപ 495000/- |

നഗരസഭയിൽ സ്ഥിതി ചെയ്യുന്ന പ്രവർത്തന ക്ഷമമല്ലാത്ത 4 ഹൈമാസ്റ്റ് ലൈറ്റുകൾ 200w LED ആക്കി മാറ്റുന്നതിന്

സെറ്റ് ഒന്നിന് 123750/- രൂപ പ്രകാരം മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷന് നൽകിയിട്ടുണ്ട്. CGST Act, 2017 ലെ വകുപ്പ് 5(1) ൽ വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടേയോ സേവനങ്ങളുടേയോ രണ്ടിന്റെയുമോ കരാറുകളിലും കരാറുകാരുടെ ബില്ലിൽ നിന്നും 2% തുക GST ഇനത്തിൽ സ്രോതസിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് നൽകിയപ്പോൾ GST കുറവു ചെയ്തില്ല. ഈടാക്കേണ്ട GST തുക 2% - 8818/- (440885@2%). ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 56/31-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-41 നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

ഒരു പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കി (മിനിമം 1000 പരമാവധി 25000) കരാർ വെക്കുവാൻ അനുവദിക്കാവുന്നതാണ്. (PWD മാന്വൽ ഖണ്ഡിക 2009-6). താഴെപ്പറയുന്ന പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

എ)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കാഷ്യു ഫാക്ടറി റോഡ് മെയിന്റനൻസ് |
| പ്രോജക്ട് നമ്പർ | S0397/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അബ്ദുൾ റഹിം |
| സെലക്ഷൻ നോട്ടീസ് നമ്പർ , തീയതി | DB1/397/2018-19/07-11-19 |
| കരാറുകാരൻ കൈപ്പറ്റിയ തീയതി | 08-11-19 |
| കരാർ വെക്കേണ്ടതീയതി | 22-11-19 |
| കരാർ വെച്ച തീയതി | 13-01-20 |
| കരാർ നമ്പർ | 13/19-20 തീയതി 13-01-20 |
| കരാർ തുക | 669472 |
| ഈടാക്കേണ്ടുന്ന ഫൈൻ | 6695 |
| അളവു പുസ്തകം | 127/19-20 , 19/20-21 |
| ചെലവ് വിവരം | ബിൽ നമ്പർ 8/15-04-20 രൂപ 182933/-<br>ബിൽ നമ്പർ 91/20-05-20 രൂപ 50062/-<br>ബിൽ നമ്പർ 163/11-11-20രൂപ 345472/- |

ബി)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഒറക്കശ്ശേരി പടിക വാതിക്കൽ റോഡ് മച്ചാൻ കുളങ്ങര റോഡ് റീടാറിംഗ് |
| പ്രോജക്ട് നമ്പർ | S0541/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അബ്ദുൾ ലത്തീഫ് |
| സെലക്ഷൻ നോട്ടീസ് നമ്പർ , തീയതി | DB1/541/20/2019-20 തീയതി 30-11-19 |

| | |
|---|---|
| കരാറുകാരൻ കൈപ്പറ്റിയ തീയതി | 01-12-19 |
| കരാർ വെക്കേണ്ടതീയതി | 15-12-19 |
| കരാർ വെച്ച തീയതി | 20-12-19 |
| കരാർ നമ്പർ | 117/19-20 തീയതി 20-12-19 |
| കരാർ തുക | 556972 |
| ഈടാക്കേണ്ടുന്ന ഫൈൻ | 5570 |
| അളവ് പുസ്തകം | 160/19-20 |
| ചെലവ് വിവരം | ബിൽ നമ്പർ 104/16-10-20രൂപ 612158/- |

ഫൈൻ ഇനത്തിൽ കുറവ് വന്ന തുക 12265/- (6695+5570) കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 35/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-42 നിർദ്ദിഷ്ട സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന പ്രവത്തികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഫൈൻ ഈടാക്കിയിരിക്കുന്നത് പാർട്ട് & ഫൈനൽ ബിൽ പ്രകരമുള്ള തുകയ്ക്കാണ്. കരാർ തുകയെ (PAC) അടിസ്ഥാനമാക്കിയാണ് ഫൈൻ ഈടാക്കേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ഫൈൻ ഇനത്തിൽ കുറവ് സംഭവിച്ചു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | കരാർ തുക | പാർട്ട് & ഫൈനൽ ബിൽ പ്രകരമുള്ള തുക | ഈടാക്കിയ ഫൈൻ @1% | ഈടാക്കേണ്ടുന്ന ഫൈൻ @1% | കുറവ് | ചെലവ് വിവരം (ബിൽ നമ്പർ) |
|---|---|---|---|---|---|---|---|---|
| 1 | കാവിൽ കുന്നുമേൽ റോഡ് കോൺക്രീറ്റിംഗ് | നാസർ | 1338195 | 394519 | 3945 | 13382 | 9437 | 156/25-11-20 രൂപ 552659/-<br>125/10-11-20 രൂപ 500000/-<br>490/13-03-20 രൂപ 423315/- |
| 2 | കൃഷ്ണപുരം പാലസിന് പടിഞ്ഞാറ് വശം ഓടയും കവറിംഗ് സ്ലാബും | ബാഷ സി. എസ് | 532637 | 233557 | 2396 | 5326 | 2930 | 29/15-04-20 രൂപ 244994/-<br>99/10-06-20 രൂപ 263513/- |
| 3 | പുതുവൽപാലം ജംഗ്ഷൻ കൃഷ്ൻപുരം ഹൈവേ റോഡ് റീടാറിംഗ് ഓട കവറിംഗ് സ്ലാബ് നിർമ്മാണം | ഷഹിൻഷ | 1249612 | 655263 | 6553 | 12496 | 5943 | 123/09-11-20 രൂപ 519337/-<br>134/13-11.20 രൂപ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | 720789/- |
| 4 | രണ്ടാം കുറ്റി വിളയിൽ വയൽ റോഡ് കോൺക്രീറ്റിംഗ് | അബ്ദുൾ ലത്തീഫ് | 787192 | 399562 | 3091 | 7872 | 4781 | 85/13-05-20 രൂപ 444534/-<br>159/25-11-20 രൂപ 399562/- |
| | ആകെ | | | | | | 23091 | |

കുറവ് വന്ന തുക 23091/- കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 35/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-43 കാന നിർമ്മാണം - കവറിംഗ് സ്ലാബ് കൂടുതൽ വീതിയിൽ സ്ലാബ് നിർമ്മിച്ചിരിക്കുന്നത് അധികച്ചെലവിനിടയാക്കി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പുതുവൽപാലം ജംഗ്ഷൻ കൃഷ്ണപുരം ഹൈവേ റോഡ് റീടാറിംഗ് ഓട കവറിംഗ് സ്ലാബ് നിർമ്മാണം |
| പ്രോജക്റ്റ് നമ്പർ | S0032/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ഷഹിൻഷ |
| അളവ് പുസ്തകം | 103/19-20 |
| ചെലവ് വിവരം | ബിൽ നമ്പർ 123/09-11-20 രൂപ 519337/-<br>ബിൽ നമ്പർ 134/13-11-20 രൂപ 720789/- |

ടി പ്രവൃത്തിയിൽ ഓട നിർമ്മിച്ചിരിക്കുന്നത് 0.90 മീറ്റർ വീതിയിലാണ്. (എർത്ത് വർക്ക് എക്സ്കവേഷൻ, ബെഡ് കോൺക്രീറ്റിംഗ് --0.90 മീറ്റർ വീതി ,അളവ് പുസ്തകം പേജ് 1,2) എന്നാൽ ഇത് കവർ ചെയ്യുന്നതിന് നിർമ്മിച്ചിരിക്കുന്ന സ്ലാബിന്റെ വീതി ശരാശരി ഒരു മീറ്ററാണ്. കൂടുതൽ വീതിയിൽ സ്ലാബ് നിർമ്മിച്ചിരിക്കുന്നത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| അനുവദിച്ചിരിക്കുന്ന അളവ് | ആവശ്യമാകുന്ന അളവ് |
|---|---|
| 69.05x 1x 0.12 = 8.286 $M^3$ | 69.05x 0.90x 0.12 = 7.4574$m^3$ |
| 13 X0.98 X 0.12 = 1.5288 | 13 X0.90 X 0.12 = 1.404 |
| 6.95 X 0.95 X 0.12 = 0.7923 | 6.95 X 0.90x 0.12 = 0.7506 |
| 10.35 X 1.15 X 0.12 = 1.4283 | 10.35 X 0.90 X 0.12 = 1.1178 |
| 6.35 X 0.90 X 0.12 = 0.6858 | 6.35 X 0.90 X 0.12 = 0.6858 |
| ആകെ 12.7212 $M^3$ | ആകെ 11.4156 $M^3$ |
| അനുവദിച്ച തുക 12.7212 @ 7740/$m^3$ = 98462 | അനുവദിക്കേണ്ടിയിരുന്ന തുക - 11.4156 $M^3$ @7740/$m^3$ = 88357/- |
| അധികം നൽകിയ തുക | 98462 – 88357= 10105<br>(+) GST 10%= 1010<br>11115 |

അധികം നൽകാനിടയായ തുക (11115/-)കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറി നം 33/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-44 കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിച്ചു.

നഗരസഭയിൽ തൻവർഷം ചെയ്ത താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/$m^3$ (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 259.29/$m^3$ (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1)) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർക്ക് ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ | കരാറുകാരൻ | അനുവദിച്ച തുക /അളവു പുസ്തകം | അനുവദ നീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം (ബിൽ നം) |
|---|---|---|---|---|---|---|
| 1 | കൊച്ചുവീട്ടിൽ റോഡ് പുനരുദ്ധാരണം | നാസർ കെ | 65.92 $M^3$@553.17 = 36465<br>146/19-20 | 65.92 $M^3$ @259.29 =17092 | 19373 | 135/ 13-11-20 രൂപ 980351 |
| 2 | MSMHS റോഡ് ഇന്റർലോക്ക് ഓട നിർമ്മാണം | അബ്ദുൾ അസീസ് | 165.89 $M^3$@ 553.17 = 91765<br>74/20-21 | 165.89 $M^3$ @259.29 =43014 | 48751 | 230 /25-03-21 രൂപ1474812/- |
| 3 | കമലാലയം റോഡിൽ ഓട കവറിംഗ് സ്ലാബ് | അബ്ദുൽ ലത്തീഫ് | 85.44$m^3$ @544.32=46506<br>65/20-21 | 85.44 $M^3$ @259.29 =22154 | 24352 | 224 /25-03-21 രൂപ 590156/- |
| 4 | കാവിൽ ഡ്രെയിനേജ് മെയിന്റനൻസ് | സുന്ദരേശൻ | 42.79$m^3$ @553.17 =23670/-<br>59/19-20 | 42.79 $M^3$ @259.29 =11095 | 12575 | 56 /13-05-20 രൂപ 272799/- |
| 5 | കാവിൽ കുന്നുമേൽ റോഡ് കോൺക്രീറ്റിംഗ് | നാസർ കെ | 43.08$m^3$ @553.17 = 23830/-<br>77/19-20 | 43.08 $M^3$ @259.29 =11170 | 12660 | 156 /15-11-20 രൂപ 552659/-<br>125 /10-11-20 രൂപ 500000/- |
| 6 | കൃഷ്ണപുരം പാലസിന് പടിഞ്ഞാറ് വശം ഓടയും കവറിംഗ് സ്ലാബും | ബാഷ C.s | 51.55$m^3$ @553.17 = 28515<br>29/19-20 | 51.55$m^3$ @ 259.29 = 13366 | 15149 | 29 /15-04-20 രൂപ 244994/-<br>99 /10-06-20 രൂപ 263513/- |
| 7 | ചെമ്പകപ്പള്ളിൽ മുണ്ടകത്തിൽ റോഡ് | ഷൗക്കത്ത് | 23.10$m^3$ @553.04 = 12775/-<br>73/19-20 | 23.10$m^3$ @259.29 =5990 | 6785 | 120 /19-11-20 രൂപ 911041/- |

| | | | | | | |
|---|---|---|---|---|---|---|
| 8 | പുതുവൽപ്പാലം ജംഗ്ഷൻ കൃഷ്ണപുരം ഹൈവേ റോഡ് റീടാറിംഗ് കവറിംഗ് സ്ലാബ് നിർമ്മാണം | ഷഹിൻഷ | $66.81m^3$ @500= 33405/- 103/19-20 | $66.81m^3$ @259.29 =17323 | 16082 | 134 /13-11-20 രൂപ 519337/- |
| 9 | കുട്ടങ്കൽ തോട്ടംപള്ളി റോഡ് കോൺക്രീറ്റിംഗ് | ഷൗക്കത്ത് | $12.53m^3$ @513.17=6430 149/19-20 | $12.53m^3$ @259.29 =3249 | 3181 | 149 /13-11-20 രൂപ 1472544/- |
| 10 | ചേരാവള്ളി ടെമ്പിൾ റോഡ് റീടാറിംഗ് | ശശിധരൻപിള്ള | $11.39m^3$ @553 = 6299/- 245/19 144/19-20 | $11.39m^3$ @259.29 = 2953 | 3346 | 111 /27-10-20 രൂപ 585255/- |
| 11 | ലബ്ബ റോഡിൽ ഓട സ്ലാബ് | അബ്ദുൾ അസീസ് | $92.22m^3$ @550 = 50721/- 85/19-20 | 92.22m3 @259.29 = 23912 | 26809 | 50 /13-05-20 രൂപ 441873/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 33/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല. നഗരസഭയിൽ ചെയ്തിരിക്കുന്ന മറ്റു കാന നിർമ്മാണപ്രവൃത്തികളിൽ CPWD സ്പെസിഫിക്കേഷൻ കോഡ്-2.8.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിരിക്കുന്നത്. ഒരേ സമയം ഒരേയിനം പ്രവൃത്തിക്ക് രണ്ടുതരം നിരക്കുകൾ അനുവദിക്കുന്നത് ഉചിതമല്ല. അതിനാൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അധികം നൽകാനിടയായ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-45 സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു.പെയിന്റിംഗിന് ആവശ്യമില്ലാത്ത ഇനം ചെയ്ത് അധികച്ചെലവു വരുത്തി. അധികം ചെലവഴിച്ചത് 86320/- രൂപ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കായംകുളം BEd സെന്ററിന്റെ ഒന്നാം നില നിർമ്മാണം |
| അടങ്കൽ | 33ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| കരാറുകാരൻ | അബ്ദുൾ ലത്തീഫ് |
| ക്വോട്ടുചെയ്ത നിരക്ക് | 2816286.26 (11.70% കുറവ്) |
| അളവു പുസ്തകം | 234/18-19 , 23/19-20 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 2448449 |
| ചെലവ് വിവരം | ചെക്ക് നമ്പർ 2106735/14-10-19 രൂപ 1443320/- ചെക്ക് നമ്പർ 2112786/01-06-20 രൂപ 1005129/- |

ശ്രീ. സോമപ്രസാദ് എം.പി (രാജ്യസഭ) പ്രാദേശിക വികസന ഫണ്ടിൽഉൾപ്പെടുത്തി ചെയ്ത കായംകുളം BEd സെന്ററിന്റെ ഒന്നാം നില നിർമ്മാണം എന്ന പ്രവൃത്തിക്ക് 33 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി പ്രവൃത്തിയിലെ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള ഇനങ്ങൾക്ക് ഇ- ടെണ്ടർ നടത്തുകയും അതിൽ സമർപ്പിക്കപ്പെട്ട കുറഞ്ഞ തുക (2816286/- 11.70% കുറവ്) ക്വോട്ടുചെയ്ത ശ്രീ. അബ്ദുൾ ലത്തീഫിന് കരാർ നൽകുകയും ചെയ്തു.

എ) നിലവിലുള്ള ഗ്രൗണ്ട് ഫ്ളോറിന് മുകളിൽ ഒന്നാം നില (Up Stair) നിർമ്മിക്കുന്നതിന് ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം (ഇനം 6) സ്പെസിഫിക്കേഷൻ കോഡ് 50.6.2.3 പ്രകാരമുള്ള Solid Block Masonary Of Size 30x20x15 Cm For Superstructure Above Floor Two Level Up To Floor Five Level Thickness 15cm In

Cm 1:6 എന്നതിനുള്ള 6966.73/$m^3$ (കോസ്റ്റ് ഇൻഡക്സ് 54.9%)നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തത്. ഇതനുസരിച്ച് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കായ 6151.62/$m^3$ ആണ് മേൽ ഇനത്തിന് അനുവദിച്ചിരിക്കുന്നത്. ടി കെട്ടിട നിർമ്മാണം ഒന്നാം നില വരെയാണ് ചെയ്യാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയതും നിർമ്മിച്ചിട്ടുള്ളതും. അതിനാൽ ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം സ്പെസിഫിക്കേഷൻ കോഡ് 50.6.2.2 പ്രകാരമുള്ള Solid Block Masonary Of Size 30x20x15 For Superstructure Up To Floor Two Level Thickness 15cm In Cm 1:6 എന്നതിനുള്ള 6218.57/$m^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കരാറുകാരൻക്വോട്ടുചെയ്ത നിരക്ക് | 11.70% കുറവ് |
| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ട നിരക്ക് | 6218.57/$m^3$ |
| അനുവദിക്കേണ്ട നിരക്ക് | 5491 [6218.57 – 727.57 (11.70% കുറവ്)} |
| അനുവദിച്ച തുക | 37.18 $M^3$ @6151.62 $M^3$ = 228717 |
| അനുവദനീയമായ തുക | 37.18 $M^3$ @5491 = 204155 |
| അധികം നൽകിയത് | 24562 (228717 – 204155) |

അധികം നൽകാനിടയായ തുക (24562/-)എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി)ആലപ്പുഴ ജില്ലാ കലക്ടറുടെ 13-12-19 ലെ നടപടി ക്രമ ഉത്തരവ് നമ്പർ 2595/2018-19 /DPO/ALP/MPLADS/SP പ്രകാരം ടി പ്രവൃത്തി 31-08-19 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ ജില്ലാ കലക്ടറുടെ 27-12-18ലെ നടപടി ക്രമ ഉത്തരവ് നമ്പർ 2595/2018-19 /DPO/ALP /MPLADS/SP പ്രകാരമുള്ള പിഴ ഈടാക്കുന്നതിന് വിധേയമായി 30-12-19 വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. മേൽ ഉത്തരവു പ്രകാരമുള്ള ഫൈൻ ആദ്യ മൂന്നു മാസത്തേക്ക് കരാർ തുകയുടെ @1% (കുറഞ്ഞത് 300 പരമാവധി 15000) ആണ്. പ്രവൃത്തി പൂർത്തീകരിച്ചത് 30-11-19 ലാണ്. അതിനാൽ ഈടാക്കേണ്ടുന്ന ഫൈൻ 15000/- (കരാർ തുക 2816286 @1% = 28162/- ക്ലിപ്തപ്പെടുത്തി നൽകുന്നത് 15000).ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

സി)ടി പ്രവൃത്തിയുടെ 24-ാം ഇനം സ്പെസിഫിക്കേഷൻ കോഡ് 13.47.1 Finishing Walls With Premium Acrylic Smooth Exterior Paint With Silicone Additives Of Required Shade New Work (Two Or More Coats Applied @1.43 Litre/10sqm Over And Including Priming Coat Of Exterior Primer Applied @2.20/10sqm) ആണ്. ഈയിനം 1093.81 $M^2$ ചെയ്തതിൽ എസ്റ്റിമേറ്റ് അളവായ 890m $^2$ ൽ ക്ലിപ്തപ്പെടുത്തി @132.39/m $^2$ നിരക്കിൽ 117827/- രൂപ കരാറുകാരന് അനിവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ 18-ാം ഇനം സ്പെസിഫിക്കേഷൻ കോഡ് 13.43.1 Applying One Coat Of Water Thinnable Cement Primer Of Approved Brand And Manufacture On Wall Surface Water Thinnable Cement Primer ആണ്. ഈയിനം 1093.83 M $^2$ ചെയ്തതിൽ എസ്റ്റിമേറ്റ് അളവായ 925.16m $^2$ ൽ ക്ലിപ്തപ്പെടുത്തി @50.54/m2 നിരക്കിൽ 46758/- രൂപ കരാറുകാരന് അനിവദിച്ചിട്ടുണ്ട്. 24-ാം ഇനത്തിൽ പ്രൈമർ അടിക്കുന്ന ഇനം ഉൾപ്പെട്ടിട്ടുള്ളതിനാൽ 18-ാം ഇനത്തിന്റെ ആവശ്യമില്ല. അതിനാൽ 18-ാം ഇനത്തിന് അനുവദിച്ച തുക(46758/- രൂപ)

അധികം നൽകിയ തുക ആകെ - 24562 + 15000 + 46758 = 86320/- എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഡി) ടി കെട്ടിടത്തിന്റെ ഒന്നാം നില 31 പോയിന്റ് വയറിംഗ് നടത്തുന്നതിന് ഇലക്ട്രിക്കൽ കരാറുകാരിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിച്ചതനുസരിച്ച് (നോട്ടീസ് നം PW3 -13518/30-11-19) എ.ആർ ഇലക്ട്രിക് സെന്റർ, കായംകുളം 110000/- രൂപ ക്വോട്ട് ചെയ്തത് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അളവു പുസ്തകത്തിൽ പ്രവൃത്തി ചെയ്ത കരാറുകാരന്റെ പേരോ, ചെയ്ത ഇനങ്ങളുടെ വിശദാംശങ്ങളോ രേഖപ്പെടുത്താതെ വയറിംഗ് നടത്തി ഫാൻ, LED എന്നിവ ഫിറ്റ് ചെയ്യുന്ന ഇലക്ട്രിഫിക്കേഷൻ വർക്കിന് 110000 രൂപയുടെ മൂല്യം അസി. എഞ്ചിനിയർ രേഖപ്പെടുത്തിയത് പ്രകാരമാണ് (അളവ്

പുസ്തകം 13/19-20) ശ്രീ.അബ്ദുൾ ലത്തീഫിന് തുക അനുവദിച്ചിരിക്കുന്നത്. സിവിൽ വർക്കിന് മാത്രം കരാർവെച്ചിരുന്നയാൾക്ക് ഇലക്ട്രിക്കൽ വർക്കിന്റേയും തുക അനുവദിച്ചിരിക്കുന്നു. ടി പ്രവൃത്തിക്ക് ക്വട്ടേഷൻ അംഗീകരിച്ച് എ.ആർ ഇലക്ട്രിക് സെന്ററിന് തുക അനുവദിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 55/31-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-46 റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കാതെ തുക ചെലവഴിച്ചു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കൊപ്രപ്പുര മുണ്ടകത്തിൽ റോഡിൽ ഓടയും ഇഞ്ചക്കൽ റോഡ് ഓടയ്ക്ക് കവറിംഗ് സ്ലാബും |
| അടങ്കൽ | 7.13ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ഷൗക്കത്ത് |
| അളവു പുസ്തകം | 74/19-20 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 697926 |
| ചെലവ് വിവരം | ബിൽനമ്പർ10/15-04-20 രൂപ 434109/-<br>ബിൽനമ്പർ9/15-04-20 രൂപ 263817/- |

ടി പ്രവൃത്തിയുടെ ഒന്നാംഇനം നിലവിലുള്ള ഓടയുടെ ഒരു സൈഡ് ഭിത്തി പൊളിച്ചുമാറ്റുക എന്നതാണ്. ഇത് 74 മീറ്റർ നീളം 0.15 മീറ്റർ വീതി 0.40 മീറ്റർ ഉയരത്തിൽ ഡിസ്മാന്റിൽ ചെയ്തിട്ടുണ്ട്. നിലവിലുള്ള കാനയുടെ മറ്റുഭാഗങ്ങളൊന്നും പൊളിച്ചു നീക്കിയിട്ടില്ലെങ്കിലും 74 മീറ്റർ നീളം പുതിയതായി ചെയ്തതിനാണ് തുക അനുവദിച്ചിരിക്കുന്നത്. 74 മീറ്റർ നീളം പുതിയതായി ചെയ്തതിന് അനുവദിച്ചിരിക്കുന്ന ഇനങ്ങളും തുകയും ചുവടെ കൊടുക്കുന്നു

| ഇനം | ചെയ്ത പ്രവൃത്തി |
|---|---|
| ഡിസ്മാന്റലിംഗ് | 1x 74x 0.15x 0.40 =4.44 $M^3$ |
| എർത്ത് വർക്ക് എക്സ്കവേഷൻ | 74 X0.80 X0.45 = 26.64 $M^3$ |
| ബെഡ് കോൺക്രീറ്റിംഗ് | 74 X 0.80 X0.10 = 5.92 $M^3$ |
| ഡ്രെയിൻ വാൾ | 1 X 40 X 0.25 X 0.40 = 4 $M^3$<br>1 X 40x 0.15 X 0.40 = 2.4 $M^3$<br>1 X 34 X 0.25 X 0.55 = 4.68$m^3$<br>1 X 40 X 0.25 X 0.40 =2.81 $M^3$ |
| സെന്ററിംഗ് & ഷട്ടറിംഗ് | 2 X 40 X0.40 = 32$m^2$<br>2x34 X0.55 = 37.40 $M^2$ |
| വിയറിംഗ് കോട്ട് | 1 X74x 0.40x 0.05 = 1.48 $M^3$ |

എ)നിലവിലുള്ള കാനയുടെ 74 മീറ്റർ നീളത്തിൽ 0.15 മീറ്റർ വീതിയിൽ 0.40 മീറ്റർ ഉയരത്തിൽ ഡിസ്മാന്റിൽ ചെയ്തിട്ടുള്ളത് മാത്രം പുനർ നിർമ്മിക്കുന്നതിന് പകരം ഓട പുതിയതായി നിർമ്മിച്ചതിനുള്ള അളവ് രേഖപ്പെടുത്തി തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

ബി) ഓട നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാദേശിക വാസികളിൽ നിന്നുമുണ്ടായ എതിർപ്പിനെ തുടർന്ന് നിർമ്മാണം റോഡിന്റെ മറു തലയ്ക്കലേക്ക് മാറ്റാൻ ധാരണയായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ 23-01-20 ലെ 9(3) നമ്പർ കൗൺസിൽ തീരുമാന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കാതെ ചെലവഴിച്ച 697926/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 56/31-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-47 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | നായ്ക്കൻ പറമ്പ് - മൂടയിൽ റോഡ് | 4215 | മെയിന്റനൻസ് ഗ്രാന്റ് | 163/30-11-20 രൂപ 499811/- |
| 2 | അശോക ജംഗ്ഷൻ മൂടയിൽ ജംഗ്ഷൻ റോഡ് പുനരുദ്ധാരണം | 2810 | വികസനഫണ്ട് ( CFC) | 184/19-01-21 രൂപ 698789/- |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 54/31-01-21 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-48 പെയിന്റിംഗ് - ആവശ്യമില്ലാത്ത ഇനം ചെയ്ത് അധികച്ചെലവു വരുത്തി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അംഗൻവാടി കെട്ടിട നിർമ്മാണം വാർഡ് - 6 |
| അടങ്കൽ | 10ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സി. എസ്. ബാഷ |
| അളവു പുസ്തകം | 204/18-19 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 873734/- |
| ചെലവ് വിവരം | ബിൽ നമ്പർ 56/30-07-19 രൂപ 600380/-<br>ബിൽ നമ്പർ 42/13-05-20 രൂപ 273354/- |

ടി പ്രവൃത്തിയുടെ 24-ാം ഇനം സ്പെസിഫിക്കേഷൻ കോഡ് 13.47.1 Finishing Walls With Premium Acrylic Smooth Exterior Paint With Silicone Additives Of Required Shade New Work (Two Or More Coats Applied @1.43 Litre/10sqm Over And Including Priming Coat Of Exterior Primer Applied @2.20/10sqm) ആണ്. ഈയിനം 281.64 $M^2$ ചെയ്തതിൽ എസ്റ്റിമേറ്റ് അളവായ 259.70$m^2$ ൽ ക്ലിപ്തപ്പെടുത്തി @137.92/$m^2$ നിരക്കിൽ 35818/- രൂപ കരാറുകാരന് അനിവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ 22-ാം ഇനം സ്പെസിഫിക്കേഷൻ കോഡ് 13.43.1 Applying One Coat Of Water Thinnable Cement Primer Of Approved Brand And Manufacture On Wall Surface Water Thinnable Cement Primer ആണ്. ഈയിനം 281.64 $M^2$ ചെയ്തതിൽ എസ്റ്റിമേറ്റ് അളവായ 259.70$m^2$ ൽ ക്ലിപ്തപ്പെടുത്തി @53.06/$m^2$ നിരക്കിൽ 13780/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 24-ാം ഇനത്തിൽ പ്രൈമർ അടിക്കുന്ന ഇനം

ഉൾപ്പെട്ടിട്ടുള്ളതിനാൽ 22-ാം ഇനത്തിന്റെ ആവശ്യമില്ല. അതിനാൽ 22-ാം ഇനത്തിന് അനുവദിച്ച തുക (13780/- രൂപ) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-49 വിത്തുകളുടെ സ്റ്റോക്കിലും വിതരണത്തിലും അപാകതകൾ

I.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S13/20-21, ഇടവിള കൃഷി |
| അടങ്കൽ | വികസന ഫണ്ട്-35,20,000 |
| ചെലവ് | ബിൽ നം.13/20-21/19.02.21- 1100000<br>14/20-21/19.02.21- 1100000<br>15/20-21/20.02.21-1320000<br>-----------------------------------------------------------<br>3520000 |

പ്രോജക്റ്റിന്റെ ഭാഗമായി മുതുകുളംഅഗ്രോ സർവീസ് സെന്ററിൽ നിന്ന് ഇൻവോയ്സ് നം.ASC/J/EVK/KYLM /06/20-21/08.02.21 പ്രകാരം 2200 കിറ്റുകൾ 500 രൂപ നിരക്കിലും, ASC/J/EVK/KYLM/09/20-21/15.02.21 പ്രകാരം 2200 കിറ്റുകൾ 500 രൂപ നിരക്കിലും, ASC/J/EVK/KYLM/10/20-21/19.02.21 പ്രകാരം 2640 കിറ്റുകൾ 500 രൂപ നിരക്കിലും വാങ്ങിയിട്ടുണ്ട്. ആകെ 7040 കിറ്റുകൾ. ചേന 4കിലോ, ചേമ്പ് 2കിലോ, കാച്ചിൽ 2 കിലോ, ഇഞ്ചി 1 കിലോ, മഞ്ഞൾ 1 കിലോ എന്നിവയടങ്ങിയ കിറ്റിന് ഒരെണ്ണത്തിന് 500 രൂപ വച്ച് 7040 കിറ്റിന് 35,20,000 രൂപ നൽകി.

പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ (സബ്സിഡി മാർഗ്ഗരേഖ), 6.1 കൃഷി, ക്രമ നമ്പർ 4 പ്രകാരം പച്ചക്കറി വിത്തുകൾ, തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ടിഷ്യൂ കൾച്ചർ വാഴ എന്നിവ കൃഷി ഭവൻ / ഇക്കോ ഷോപ്പുകൾ വഴി വിതരണം ചെയ്യണം എന്നാൽ നഗരസഭയിൽ കൌൺസിലർമാരാണ് കിറ്റ് വിതരണം ചെയ്തത്. എന്നാൽ പല വാർഡുകളിലെയും വിതരണ രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഓതെന്റിക്കേറ്റ് ചെയ്തിട്ടില്ല. വിതരണത്തിന് മേൽനോട്ടം വഹിക്കാത്തതിനാൽ സ്റ്റോക്ക് വേണ്ട രീതിയിൽ കൌൺസിലർമാർ സൂക്ഷിക്കുകയോ, വിത്തുകൾ പൂർണ്ണമായി വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല.

2. കൗൺസിലർമാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ, ലഭിച്ച സ്റ്റോക്കിന്റെയോ ഓരോ ദിവസവും വിതരണം ചെയ്തതിനുശേഷം അവശേഷിക്കുന്ന സ്റ്റോക്കിന്റെയോ വിവരങ്ങളില്ല, അവ വിതരണ രജിസ്റ്റർ മാത്രമാണ്. ഈ വിതരണ രജിസ്റ്റർ അപൂർണ്ണമാണ്. പല വാർഡുകളിലെ രജിസ്റ്ററുകളിലും കിറ്റ് ലഭിച്ചതായി കാണിച്ചിട്ടുള്ള ആളുകൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം വാർഡിലെ വിതരണ രജിസ്റ്ററിലെ പല ഒപ്പുകളും ഒരു പോലെയുള്ളതും ഒറ്റ നോട്ടത്തിൽ തന്നെ പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് മനസ്സിലാകുന്നതുമാണ്. പല വാർഡുകളിലെയും സ്റ്റോക്ക് രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഒപ്പിട്ട് അധികൃതമാക്കിയിട്ടില്ല. ഉദാഹരണം വാർഡുകൾ 1 , 16,40,35,27,17,20,04,05,06,19,39 ലെ രജിസ്റ്ററുകൾ

3. വിതരണത്തിനു ലഭിച്ച കിറ്റുകളുടെ എണ്ണത്തിലും വിതരണം ചെയ്ത കിറ്റുകളുടെ എണ്ണത്തിലും വലിയ വ്യത്യാസം കാണുന്നു. 2248കിറ്റുകൾ (7040-4792) വിതരണം ചെയ്തതിന്റെ രേഖകളില്ല. വിശദ വിവരം താഴെച്ചേർക്കുന്നു.

| വാർഡ് നമ്പർ | വിതരണം ചെയ്ത കിറ്റുകളുടെ എണ്ണം |
|---|---|
| 30 | 180 |
| 10 | 160 |
| 25 | 160 |
| 11 | 160 |
| 13 | 122 |
| 34 | 102 |
| 33 | 160 |
| 15 | 158 |

| | |
|---|---|
| 16 | 160 |
| 40 | 160 |
| 32 | 160 |
| 31 | 153 |
| 22 | 45 |
| 01 | 129 |
| 24 | 156 |
| 21 | 0 |
| 02 | 160 |
| 07 | 160 |
| ആകെ | 2485 |

ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരമുള്ളവ. ഇവ വിതരണ സമയത്ത് തയ്യാറാക്കിയ രേഖകളല്ല. മറിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം തയ്യാറാക്കിയവയാണ്.

| വാർഡ് നമ്പർ | വിതരണം ചെയ്ത കിറ്റുകളുടെ എണ്ണം |
|---|---|
| 37 | 0 (കിറ്റ് ലഭിച്ചവർ ഒപ്പിട്ടിട്ടില്ല) |
| 35 | 0 (കിറ്റ് ലഭിച്ചവർ ഒപ്പിട്ടിട്ടില്ല) |
| 27 | 202 |
| 17 | 160 |
| 23 | 160 |
| 20 | 160 |
| 18 | 160 |
| 12 | 160 |
| 04 | 182 |
| 06 | 160 |
| 29 | 160 |
| 05 | 160 |
| 39 | 160 |
| 19 | 160 |
| 28 | 163 |
| 41 | 160 |
| ആകെ | 2307 |

ആകെ വിതരണം ചെയ്ത കിറ്റുകൾ (2485+2307) = 4792

വിതരണം ചെയ്യാത്ത 2248 കിറ്റുകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/28.01.22) മറുപടി ലഭിച്ചില്ല. ഇവയുടെ വിലയായ 1124000 രൂപ(2248x500) അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. കൃഷി കൈകാര്യം ചെയ്യുന്ന വികസന സ്റ്റാന്റിംഗ് കമ്മിററിയും കൃഷിയും അനുബന്ധ മേഖലയും എന്ന വർക്കിംഗ്/മോണിട്ടറിംഗ് ഗ്രൂപ്പും സ്റ്റോക്ക് പരിശോധിച്ച് വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തിയിട്ടില്ല. ഇത് ഗുരുതരമായ കൃത്യ വിലോപമാണ്.

II.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S405/21, പച്ചക്കറി വിത്ത് പാക്കറ്റ് |
| അടങ്കൽ | വികസന ഫണ്ട്- 2,55,000 |
| ചെലവ് | ബിൽ നം10/20-21/21.11.21- 2,55,000 |

പ്രോജക്ടിന്റെ ഭാഗമായി ഓണാട്ടുകര അഗ്രോ ഫാമിൽ നിന്ന് ഇൻവോയ്സ് നമ്പർ 376/തീയതി ഇല്ല പ്രകാരം 15000 പച്ചക്കറി വിത്ത് പാക്കറ്റുകൾ പാക്കറ്റൊന്നിന് 17 രൂപ നിരക്കിൽ വിതരണത്തിന് ലഭ്യമാക്കി

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ (സബ്സിഡി മാർഗ്ഗരേഖ), 6.1 കൃഷി, ക്രമ നമ്പർ 4 പ്രകാരം പച്ചക്കറി വിത്തുകൾ, തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ടിഷ്യൂ കൾച്ചർ വാഴ എന്നിവ കൃഷി ഭവൻ/ഇക്കോ ഷോപ്പുകൾ വഴി വിതരണം ചെയ്യണം എന്നാൽ നഗരസഭയിൽ കൗൺസിലർമാരാണ് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുള്ളത്. പല വാർഡുകളിലെയും വിതരണ രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഓതെന്റിക്കേറ്റ് ചെയ്തിട്ടില്ല. വിതരണത്തിന് മേൽനോട്ടം വഹിക്കാത്തതിനാൽ സ്റ്റോക്ക് വേണ്ട രീതിയിൽ സൂക്ഷിക്കുകയോ, വിത്തുകൾ പൂർണ്ണമായി വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല.

2. കൗൺസിലർമാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ലഭിച്ച സ്റ്റോക്കിന്റെയോ ഓരോ ദിവസവും വിതരണം ചെയ്തതിനുശേഷം അവശേഷിക്കുന്ന സ്റ്റോക്കിന്റെയോ വിവരങ്ങളില്ല, അവ വിതരണ രജിസ്റ്റർ മാത്രമാണ്. ഈ വിതരണ രജിസ്റ്റർ അപൂർണ്ണമാണ്. പല വാർഡുകളിലെ രജിസ്റ്ററുകളിലും പച്ചക്കറി വിത്ത് പാക്കറ്റുകൾ ലഭിച്ചതായി കാണിച്ചിട്ടുള്ള ആളുകൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം വാർഡിലെ വിതരണ രജിസ്റ്ററിലെ പല ഒപ്പുകളും ഒരു പോലെയുള്ളതും ഒറ്റ നോട്ടത്തിൽ തന്നെ പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് മനസ്സിലാകുന്നതുമാണ്.

3. വിതരണത്തിനു ലഭിച്ച പച്ചക്കറി വിത്ത് പാക്കറ്റുകളുടെ എണ്ണത്തിലും വിതരണം ചെയ്ത പച്ചക്കറി വിത്ത് പാക്കറ്റുകളുടെ എണ്ണത്തിലും വലിയ വ്യത്യാസം കാണുന്നു. 3785 പച്ചക്കറി വിത്ത് പാക്കറ്റുകൾ (15000-11215) വിതരണം ചെയ്തതിന്റെ രേഖകളില്ല. വിശദ വിവരം താഴെച്ചേർക്കുന്നു.

| വാർഡ് നമ്പർ | വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത പച്ചക്കറി വിത്ത് പാക്കറ്റുകളുടെ എണ്ണം |
|---|---|
| 30 | 109 |
| 10 | 318 |
| 25 | 370 |
| 11 | 241 |
| 13 | 167 |
| 34 | 350 |
| 33 | 190 |
| 15 | 323 |
| 16 | 117 |
| 40 | 375 |
| 32 | 315 |
| 31 | 325 |
| 22 | 327 |
| 01 | 400 |
| 24 | 519 |
| 21 | 0 (ആരുടെയും ഒപ്പില്ല) |
| 02 | 310 |
| 07 | 370 |
| ആകെ | 5126 |

ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരമുള്ളവ. ഇവ വിതരണ സമയത്ത് തയ്യാറാക്കിയ രേഖകളല്ല. മറിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം തയ്യാറാക്കിയവയാണ്.

| വാർഡ് നമ്പർ | വിതരണം ചെയ്ത പച്ചക്കറി വിത്ത് പാക്കറ്റുകളുടെ എണ്ണം) |
|---|---|
| 37 | 344 |
| 35 | 85 |
| 27 | 358 |
| 17 | 450 |
| 23 | 475 |
| 20 | 454 |
| 18 | 351 |
| 12 | 451 |
| 04 | 136 |
| 06 | 550 |
| 29 | 339 |
| 05 | 417 |
| 39 | 359 |
| 19 | 425 |
| 28 | 388 |
| 41 | 507 |
| ആകെ | 6089 |

ആകെ വിതരണം ചെയ്ത പച്ചക്കറി വിത്തുകൾ 5126+6089=11215. 3785 പച്ചക്കറി വിത്ത് പാക്കറ്റുകൾ വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/28.01.22) മറുപടി ലഭിച്ചില്ല. ഇവയുടെ വിലയായ 64,345(3785x17) രൂപ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. കൃഷി കൈകാര്യം ചെയ്യുന്ന വികസന സ്റ്റാന്റിംഗ് കമ്മിററിയും കൃഷിയും അനുബന്ധ മേഖലയും എന്ന വർക്കിംഗ്/ മോണിട്ടറിംഗ് ഗ്രൂപ്പും സ്റ്റോക്ക് പരിശോധിച്ച് വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തിയിട്ടില്ല.

III.

| പ്രോജക്ട് നം, പേര് | S404/21, അഗത്തി ചീരത്തൈ വിതരണം |
|---|---|
| അടങ്കൽ | വികസന ഫണ്ട്-2,55,000 |
| ചെലവ് | ബിൽ നം.12/ 20-21/02.02.21 |

പ്രോജക്ടിന്റെ ഭാഗമായി ഓണാട്ടുകര അഗ്രോ ഫാമിൽ നിന്ന് ഇൻവോയ്സ് നമ്പർ 376/20.01.21 പ്രകാരം 15000 അഗത്തി ചീരത്തൈ 17 രൂപ നിരക്കിൽ വിതരണത്തിന് ലഭ്യമാക്കി

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ (സബ്സിഡി മാർഗ്ഗരേഖ), 6.1 കൃഷി, ക്രമ നമ്പർ 4 പ്രകാരം പച്ചക്കറി വിത്തുകൾ, തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ടിഷ്യു കൾച്ചർ വാഴ എന്നിവ കൃഷി ഭവൻ / ഇക്കോ ഷോപ്പുകൾ വഴി വിതരണം ചെയ്യണം എന്നാൽ നഗരസഭയിൽ കൗൺസിലർമാരാണ് അഗത്തി ചീരത്തൈ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ പല വാർഡുകളിലെയും വിതരണ രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഓതെന്റിക്കേറ്റ് ചെയ്തിട്ടില്ല. വിതരണത്തിന് മേൽനോട്ടം വഹിക്കാത്തതിനാൽ സ്റ്റോക്ക് വേണ്ട രീതിയിൽ സൂക്ഷിക്കുകയോ, ചീരത്തൈകൾ പൂർണ്ണമായി വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല.

2. കൗൺസിലർമാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ലഭിച്ച സ്റ്റോക്കിന്റെയോ ഓരോ ദിവസവും വിതരണം ചെയ്തതിനുശേഷം അവശേഷിക്കുന്ന സ്റ്റോക്കിന്റെയോ വിവരങ്ങളില്ല, അവ വിതരണ രജിസ്റ്റർ മാത്രമാണ്. വിതരണ രജിസ്റ്റർ

അപൂർണ്ണമാണ്. പല വാർഡുകളിലെ രജിസ്റ്ററുകളിലും അഗത്തി ചീരത്തൈ ലഭിച്ച ആളുകൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം വാർഡിലെ വിതരണ രജിസ്റ്ററിലെ പല ഒപ്പുകളും ഒരു പോലെയുള്ളതും ഒറ്റ നോട്ടത്തിൽ തന്നെ പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് മനസ്സിലാകുന്നതുമാണ്.
ചില വാർഡുകളിലെ സ്റ്റോക്ക് രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഒപ്പിട്ട് അംഗീകൃതമാക്കിയിട്ടില്ല. ഉദാഹരണം വാർഡ് 1,16,40 ലെ രജിസ്റ്ററുകൾ

3. വിതരണത്തിനു ലഭിച്ച അഗത്തി ചീരത്തൈയുടെ എണ്ണത്തിലും വിതരണം ചെയ്ത അഗത്തി ചീരത്തൈയുടെ എണ്ണത്തിലും വലിയ വ്യത്യാസം കാണുന്നു. 4331 അഗത്തി ചീരത്തൈ (15000-10669) വിതരണം ചെയ്തതിന്റെ രേഖകളില്ല. വിശദ വിവരം താഴെച്ചേർക്കുന്നു.

| വാർഡ് നമ്പർ | വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത അഗത്തി ചീരത്തൈയുടെ എണ്ണം |
|---|---|
| 30 | 109 |
| 10 | 318 |
| 25 | 370 |
| 11 | 241 |
| 13 | 167 |
| 34 | 350 |
| 33 | 0 (ആരുടെയും ഒപ്പില്ല) |
| 15 | 336 |
| 16 | 117 |
| 40 | 375 |
| 32 | 315 |
| 31 | 318 |
| 22 | 0 (ആരുടെയും ഒപ്പില്ല) |
| 01 | 400 |
| 24 | 519 |
| 21 | 0 (ആരുടെയും ഒപ്പില്ല) |
| 02 | 310 |
| 07 | 335 |
| ആകെ | 4580 |

ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരമുള്ളവ. ഇവ വിതരണ സമയത്ത് തയ്യാറാക്കിയ രേഖകളല്ല. മറിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം തയ്യാറാക്കിയവയാണ്.

| വാർഡ് നമ്പർ | വിതരണം ചെയ്ത അഗത്തി ചീരത്തൈകളുടെ എണ്ണം |
|---|---|
| 37 | 344 |
| 35 | 85 |
| 27 | 358 |
| 17 | 450 |
| 23 | 475 |
| 20 | 454 |
| 18 | 351 |
| 12 | 451 |

| | |
|---|---|
| 04 | 136 |
| 06 | 550 |
| 29 | 339 |
| 05 | 417 |
| 39 | 359 |
| 19 | 425 |
| 28 | 388 |
| 41 | 507 |
| ആകെ | 6089 |

ആകെ വിതരണം ചെയ്ത അഗത്തി ചീരത്തൈകളുടെ എണ്ണം (4580+6089)=10669. 4331 ചീരത്തൈകൾ വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/28.01.22) മറുപടി ലഭിച്ചില്ല. ഇവയുടെ വിലയായ 73627 (4331x17) രൂപ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. കൃഷി കൈകാര്യം ചെയ്യുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും കൃഷിയും അനുബന്ധ മേഖലയും എന്ന വർക്കിംഗ്/മോണിട്ടറിംഗ് ഗ്രൂപ്പും സ്റ്റോക്ക് പരിശോധിച്ച് വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തിയിട്ടില്ല.

IV

| | |
|---|---|
| പ്രോജക്ട് നം, പേര് | S402/21, ടിഷ്യൂ കൾച്ചർ ഏത്തവാഴ വിതരണം |
| അടങ്കൽ | വികസന ഫണ്ട്-9,00,000 |
| ചെലവ് | ബിൽ നം.16/ 20-21/23.02.21- 4,50,000<br>17/20-21/26.03.21- 4,50,000 |

പ്രോജക്ടിന്റെ ഭാഗമായി KAICO ൽ നിന്ന് ഇൻവോയ്സ് നമ്പർ V-518A/20-21/18.02.21 പ്രകാരം 20 രൂപ നിരക്കിൽ 22,500 ടിഷ്യൂ കൾച്ചർ ഏത്തവാഴകളും ഇൻവോയ്സ് നമ്പർ V-519A/20-21/18.02.21 പ്രകാരം 20 രൂപ നിരക്കിൽ 22,500 ടിഷ്യൂ കൾച്ചർ ഏത്തവാഴകളും വിതരണത്തിന് ലഭ്യമാക്കി. ആകെ 45000 ഏത്ത വാഴകൾ

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ (സബ്സിഡി മാർഗ്ഗരേഖ), 6.1 കൃഷി, ക്രമ നമ്പർ 4 പ്രകാരം പച്ചക്കറി വിത്തുകൾ, തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ടിഷ്യൂ കൾച്ചർ വാഴ എന്നിവ കൃഷി ഭവൻ / ഇക്കോ ഷോപ്പുകൾ വഴി വിതരണം ചെയ്യണം എന്നാൽ നഗരസഭയിൽ കൗൺസിലർമാരാണ് ടിഷ്യൂ കൾച്ചർ ഏത്തവാഴ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ പല വാർഡുകളിലെയും വിതരണ രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഓതെന്റിക്കേറ്റ് ചെയ്തിട്ടില്ല. വിതരണത്തിന് മേൽനോട്ടം വഹിക്കാത്തതിനാൽ സ്റ്റോക്ക് വേണ്ട രീതിയിൽ സൂക്ഷിക്കുകയോ, ഏത്തവാഴകൾ പൂർണ്ണമായി വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല.

2. കൗൺസിലർമാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ലഭിച്ച സ്റ്റോക്കിന്റെയോ ഓരോ ദിവസവും വിതരണം ചെയ്തതിനുശേഷം അവശേഷിക്കുന്ന സ്റ്റോക്കിന്റെയോ വിവരങ്ങളില്ല, അവ വിതരണ രജിസ്റ്റർ മാത്രമാണ്.ഈ വിതരണ രജിസ്റ്റർ അപൂർണ്ണമാണ്. പല വാർഡുകളിലെ രജിസ്റ്ററുകളിലും ടിഷ്യൂ കൾച്ചർ ഏത്തവാഴ ലഭിച്ചതായി കാണിച്ചിട്ടുള്ള ആളുകൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം വാർഡിലെ വിതരണ രജിസ്റ്ററിലെ പല ഒപ്പുകളും ഒരു പോലെയുള്ളതും ഒറ്റ നോട്ടത്തിൽ തന്നെ പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് മനസ്സിലാകുന്നതുമാണ്.

3. വിതരണത്തിനു ലഭിച്ച ടിഷ്യൂ കൾച്ചർ ഏത്തവാഴകളുടെ എണ്ണത്തിലും വിതരണം ചെയ്ത ടിഷ്യൂ കൾച്ചർ ഏത്തവാഴകളുടെ എണ്ണത്തിലും വലിയ വ്യത്യാസം കാണുന്നു. 34,456 ടിഷ്യൂ കൾച്ചർ ഏത്തവാഴകൾ (45000-10544)വിതരണം ചെയ്തതിന്റെ രേഖകളില്ല.വിതരണം ചെയ്ത ഏത്തവാഴകളുടെ വിശദ വിവരം താഴെച്ചേർക്കുന്നു.

| വാർഡ് നമ്പർ | വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത ടിഷ്യൂ കൾച്ചർ ഏത്തവാഴയുടെ എണ്ണം |
|---|---|
| 30 | 109 |
| 10 | 318 |
| 25 | 370 |

| | |
|---|---|
| 11 | 241 |
| 13 | 167 |
| 34 | 341 |
| 33 | 0 (ആരുടെയും ഒപ്പില്ല) |
| 15 | 224 |
| 16 | 117 |
| 40 | 375 |
| 32 | 315 |
| 31 | 318 |
| 22 | 0 (ആരുടെയും ഒപ്പില്ല) |
| 01 | 400 |
| 24 | 519 |
| 21 | 0 (ആരുടെയും ഒപ്പില്ല) |
| 02 | 310 |
| 07 | 335 |
| ആകെ | 4459 |

ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരമുള്ളവ. ഇവ വിതരണ സമയത്ത് തയ്യാറാക്കിയ രേഖകളല്ല. മറിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം തയ്യാറാക്കിയവയാണ്.

| വാർഡ് നമ്പർ | വിതരണം ചെയ്ത ടിഷ്യു കൾച്ചർ വാഴകളുടെ എണ്ണം |
|---|---|
| 37 | 344 |
| 35 | 85 |
| 27 | 358 |
| 17 | 450 |
| 23 | 475 |
| 20 | 450 |
| 18 | 351 |
| 12 | 451 |
| 04 | 136 |
| 06 | 550 |
| 29 | 339 |
| 05 | 417 |
| 39 | 359 |
| 19 | 425 |
| 28 | 388 |
| 41 | 507 |
| ആകെ | 6085 |

ആകെ വിതരണം ചെയ്ത ടിഷ്യുകൾച്ചർ വാഴകളുടെ എണ്ണം 4459+6085=10544. 34456 വാഴകൾ വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/28.01.22) മറുപടി ലഭിച്ചില്ല. ഇവയുടെ വിലയായ 6,89,120 (34456x20) രൂപ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. കൃഷി കൈകാര്യം ചെയ്യുന്ന വികസന സ്റ്റാന്റിംഗ് കമ്മിററിയും കൃഷിയും അനുബന്ധ മേഖലയും എന്ന വർക്കിംഗ്/ മോണിട്ടറിംഗ് ഗ്രൂപ്പും സ്റ്റോക്ക് പരിശോധിച്ച് വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തിയിട്ടില്ല.

V

| പ്രോജക്ട് നം, പേര് | S403/21,പച്ചമുളക് തൈ വിതരണം |
|---|---|
| അടങ്കൽ | വികസന ഫണ്ട്-1,10,250 |
| ചെലവ് | ബിൽ നം.11/ 20-21/02.02.21- 1,10,250 |

പ്രോജക്ടിന്റെ ഭാഗമായി ഓണാട്ടുകര അഗ്രോ ഫാമിൽ നിന്ന് ഇൻവോയ്സ് നമ്പർ 377/20.01.21 പ്രകാരം 2.45 രൂപ നിരക്കിൽ 45000 പച്ചമുളക് തൈകൾ വിതരണത്തിന് ലഭ്യമാക്കി

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ (സബ്സിഡി മാർഗ്ഗരേഖ), 6.1 കൃഷി, ക്രമ നമ്പർ 4 പ്രകാരം പച്ചക്കറി വിത്തുകൾ, തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ടിഷ്യു കൾച്ചർ വാഴ എന്നിവ കൃഷി ഭവൻ / ഇക്കോ ഷോപ്പുകൾ വഴി വിതരണം ചെയ്യണം എന്നാൽ നഗരസഭയിൽ കൗൺസിലർമാരാണ് പച്ചമുളക് തൈ വിതരണം ചെയ്തിട്ടുള്ളത്.എന്നാൽ പല വാർഡുകളിലെയും വിതരണ രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഓതെന്റിക്കേറ്റ് ചെയ്തിട്ടില്ല. വിതരണത്തിന് മേൽനോട്ടം വഹിക്കാത്തതിനാൽ സ്റ്റോക്ക് വേണ്ട രീതിയിൽ സൂക്ഷിക്കുകയോ, പച്ചമുളക് തൈകൾ പൂർണ്ണമായി വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല.

2. കൗൺസിലർമാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ലഭിച്ച സ്റ്റോക്കിന്റെയോ ഓരോ ദിവസവും വിതരണം ചെയ്തതിനുശേഷം അവശേഷിക്കുന്ന സ്റ്റോക്കിന്റെയോ വിവരങ്ങളില്ല, അവ വിതരണ രജിസ്റ്റർ മാത്രമാണ്.ഈ വിതരണ രജിസ്റ്റർ അപൂർണ്ണമാണ്. പല വാർഡുകളിലെ രജിസ്റ്ററുകളിലും പച്ചമുളക് തൈകൾ ലഭിച്ചതായി കാണിച്ചിട്ടുള്ള ആളുകൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം വാർഡിലെ വിതരണ രജിസ്റ്ററിലെ പല ഒപ്പുകളും ഒരു പോലെയുള്ളതും ഒറ്റ നോട്ടത്തിൽ തന്നെ പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് മനസ്സിലാകുന്നതുമാണ്.
ചില വാർഡുകളിലെ സ്റ്റോക്ക് രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഒപ്പിട്ട് അംഗീകൃതമാക്കിയിട്ടില്ല. ഉദാഹരണം വാർഡ് 1,16,40 ലെ രജിസ്റ്ററുകൾ

3. വിതരണത്തിനു ലഭിച്ച പച്ചമുളക് തൈകളുടെ എണ്ണത്തിലും വിതരണം ചെയ്ത പച്ചമുളക് തൈകളുടെ എണ്ണത്തിലും വലിയ വ്യത്യാസം കാണുന്നു. 33377 പച്ചമുളക് തൈകൾ ( 45000-11623)വിതരണം ചെയ്തതിന്റെ രേഖകളില്ല. വിതരണം ചെയ്ത പച്ചമുളക് തൈകളുടെ വിശദ വിവരം താഴെച്ചേർക്കുന്നു.

| വാർഡ് നമ്പർ | വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത പച്ചമുളക് തൈകളുടെ എണ്ണം |
|---|---|
| 30 | 109 |
| 10 | 227 |
| 25 | 370 |
| 11 | 241 |
| 13 | 167 |
| 34 | 347 |
| 33 | 0 (ആരുടെയും ഒപ്പില്ല) |
| 15 | 305 |
| 16 | 117 |
| 40 | 375 |
| 32 | 315 |
| 31 | 325 |
| 22 | 0 (ആരുടെയും ഒപ്പില്ല) |
| 01 | 400 |
| 24 | 519 |
| 21 | 0 (ആരുടെയും ഒപ്പില്ല) |

| | |
|---|---|
| 02 | 310 |
| 07 | 335 |
| ആകെ | 4462 |

ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരമുള്ളവ. ഇവ വിതരണ സമയത്ത് തയ്യാറാക്കിയ രേഖകളല്ല. മറിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം തയ്യാറാക്കിയവയാണ്.

| വാർഡ് നമ്പർ | വിതരണം ചെയ്ത പച്ചമുളക് തൈകളുടെ എണ്ണം |
|---|---|
| 37 | 344 |
| 35 | 85 |
| 27 | 358 |
| 17 | 450 |
| 23 | 475 |
| 20 | 450 |
| 18 | 351 |
| 12 | 451 |
| 04 | 136 |
| 06 | 550 |
| 29 | 339 |
| 05 | 417 |
| 39 | 359 |
| 19 | 425 |
| 28 | 1464 |
| 41 | 507 |
| ആകെ | 7161 |

ആകെ വിതരണം ചെയ്ത പച്ചമുളക് തൈകൾ (4462+7161) 11623. 33377 പച്ചമുളക് തൈകൾ വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/28.01.22) മറുപടി ലഭിച്ചില്ല. ഇവയുടെ വിലയായ (33377X2.45) 81774 രൂപ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.
3. കൃഷി കൈകാര്യം ചെയ്യുന്ന വികസന സ്റ്റാന്റിംഗ് കമ്മിററിയും കൃഷിയും അനുബന്ധ മേഖലയും എന്ന വർക്കിംഗ്/ മോണിട്ടറിംഗ് ഗ്രൂപ്പും സ്റ്റോക്ക് പരിശോധിച്ച് വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തിയിട്ടില്ല.

ഗുണഭോക്താക്കൾ ഒപ്പിടാത്ത പേജ് (വാർഡ് നം.1) മുകളിൽ. ഇതു പോലെയുള്ള വിതരണ രജിസ്റ്ററുകൾ എല്ലാ വാർഡിലുമുണ്ട്.

ഗുണഭോക്താക്കളുടെ ഒപ്പുകൾ ഒരുപോലെയിരിക്കുന്നു.

## 1-50 അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

നഗരസഭയിലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2020-21 വർഷം അഡ്വാൻസ് നല്കിയ ചുവടെ ചേർക്കുന്ന തുകകൾ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | ഫയൽ നം | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | വൗച്ചർ നം/ തുക | ആവശ്യം |
|---|---|---|---|---|
| 1 | PW2.414/2012 | ശ്രീ.അനിൽ, ഡ്രൈവർ | 33-7/20/ 2720 രൂപ | KL29 E-2881 വാഹനത്തിന്റെ പൊല്യൂഷൻ ടെസ്റ്റ് |
| 2 | PW3.12609/20 | ശ്രീമതി. കാർത്തിക സത്യൻ, PWO-III | 41-08/20 /13319 രൂപ | അങ്കണവാടി നം.6 ഇലക്ട്രിക്കൽ വർക്ക് |

| | | | | |
|---|---|---|---|---|
| 3 | PW1-4320/20 | ശ്രീമതി.ഓമന, PWO-II | 18-10/20/7000 രൂപ | റവന്യൂ സെക്ഷനിൽ അറ്റകുറ്റപ്പണി |
| 4 | G1-540/20 | ശ്രീ.നിയാസ്.എം, ക്ലർക്ക് | 73-11/20 /100000 രൂപ | 2020ലെ ഇലക്ഷൻ ചെലവ് |
| 5 | P1-20976/2020 | ശ്രീമതി. കാർത്തിക സത്യൻ ,PWO-III | 6-1/21 /3900രൂപ | KL29 P 1737 വാഹനത്തിന്റെ അറ്റകുറ്റപ്പണി |
| 6 | PW2-17893/19 | ശ്രീമതി. കാർത്തിക സത്യൻ,PWO-III | 44-1/21 /1008രൂപ | KL29 Q 8563 വാഹനത്തിന്റെ അറ്റകുറ്റപ്പണി |
| 7 | TP1-565/2021 | ശ്രീമതി.ഓമന, PWO-II | 56-1/21 /11500രൂപ | KL29 3076 വാഹനത്തിന്റെ അറ്റകുറ്റപ്പണി |
| 8 | R1-97/21 | ശ്രീമതി.ജയ.എൽ .റവന്യൂ ഇൻസ്പെക്ടർ | 57-1/21 /25000രൂപ | വസ്തു നികുതി ക്യാംപ് കളക്ഷൻ അഡ്വാൻസ് |
| 9 | PW3-12609/20 | ശ്രീമതി. കാർത്തിക സത്യൻ ,PWO-III | 62-1/21 /1825രൂപ | അങ്കണവാടിനം.6ഇലക്ട്രിക്കൽ വർക്ക് ബാലൻസ് തുക |
| 10 | PW2-12298/17 | ശ്രീമതി. കാർത്തിക സത്യൻ ,PWO-III | 79-3/21 /10000രൂപ | KL29 E-2881 വാഹനത്തിന്റെ വാർഷിക ട |

അനുവദിക്കുന്ന മുൻകൂറുകൾ മൂന്ന് മാസത്തിനകം ക്രമീകരിച്ച് ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്. അഡ്വാൻസുകൾ ക്രമീകരിക്കാത്ത സാഹചര്യങ്ങളിൽ തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ (പി) 419/11 ഫിൻ /തീയതി 04-10-2011ൽ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ക്രമീകരിക്കാത്ത മുൻകൂറുകൾ, അവ കൈപ്പറ്റിയ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നോ റവന്യൂ റിക്കവറിയിലൂടെയോ ഈടാക്കാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012-ൽ നിർദ്ദേശിക്കുന്നുണ്ട്.

അഡ്വാൻസ് ക്രമീകരിക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.45/20-21 /28.01.22 ന് മുൻകൂർ കൈപ്പറ്റിയ ജീവനക്കാർക്ക് 31.05.2021 തീയതിയിൽ ആയത് ക്രമീകരിക്കണം എന്ന് നോട്ടീസ് നല്കിയിരുന്നുവെന്നും നാളിതു വരെ തുക ക്രമീകരിക്കാത്ത ജീവനക്കാരിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി.

ജീവനക്കാർ മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-51 ആദായ നികുതി ഈടാക്കിയിട്ടില്ല

കായംകുളം നഗരസഭ കക്ഷിയായി ബഹു. ഹൈക്കോടതിയിൽ ഉള്ള കേസുകൾക്കായി ഹാജരായ നഗരസഭ സ്റ്റാന്റിംഗ് കൗൺസിൽ അഡ്വ.ടി.ആർ.രാജന് 2020-21കാലയളവിൽ വക്കീൽ ഫീസ് ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി | തുക | കൗൺസിൽ തീരുമാനം |
|---|---|---|---|
| 52-7/20 | 2112806 | 107500 | 12/26.06.2020 |
| 17-11/20 | 2112910 | 72500 | 17/02.11.2020 |
| | ആകെ | 180000 | |

1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 J പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ 30,000/- രൂപയിൽ അധികം പ്രഫഷണൽ സേവനങ്ങൾക്കുള്ള ഫീസ് നല്കുമ്പോൾ 10% തുക ടി.ഡി.എസ് അതിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ അഡ്വ.ടി.ആർ.രാജന് മേൽ പ്രകാരം വക്കീൽ ഫീസ് അനുവദിച്ചതിൽ നിന്നും നിയമാനുസൃതമുള്ള ആദായ നികുതി ഈടാക്കിയിട്ടില്ല.

ആദായ നികുതി ഈടാക്കാതെ ഫീസ് അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 23/20-21/22.01.22 ന് അഡ്വ.ടി.ആർ.രാജൻ നേരിട്ട് ആദായ നികുതി അടയ്ക്കുമെന്ന് അറിയിച്ചിട്ടുള്ളതിനാലും നഗരസഭയുടെ സ്റ്റാന്റിംഗ് കൗൺസൽ ആയതിനാലുമാണ് ആദായ നികുതി ഈടാക്കാതിരുന്നതെന്നും ആദായ നികുതി ഫയൽ ചെയ്ത രേഖകൾ അയച്ചു തരുന്ന മുറയ്ക്ക് ഫയലിൽ സൂക്ഷിക്കുന്നതാണെന്നും മറുപടി നല്കി.

ടി.ഡി.എസ്. ഇനത്തിൽ സർക്കാരിനു നഷ്ടമായ 18000/- രൂപ അഡ്വ.ടി.ആർ.രാജനിൽ നിന്നും ഈടാക്കി ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നഷ്ടമായ തുക സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

## 1-52 എസ്.എൽ .ഐ പ്രീമിയം അടച്ചിട്ടില്ല

സംസ്ഥാന സർവ്വീസ് ജീവനക്കാരുടെ 2014 ശമ്പള പരിഷ്കരണത്തിന് അനുസൃതമായി അടയ്ക്കേണ്ട എസ്.എൽ.ഐ. പ്രീമിയം തുക ജി.ഒ (പി) നം. 149/2016 ധന/04.10.2016 പ്രകാരം 01.01.2017 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിരുന്നു. ജീവനക്കാരുടെ 2020-21 ലെ ശമ്പള ബില്ലുകൾ പ്രകാരം ചുവടെ പേര് ചേർക്കുന്ന ജീവനക്കാർ എസ്.എൽ.ഐ. പ്രീമിയം അടച്ചിട്ടില്ല.

| ക്രമ നം. | ജീവനക്കാരുടെ പേര്/തസ്തിക | സ്കെയിൽ | അടിസ്ഥാന ശമ്പളം |
|---|---|---|---|
| 1 | ശ്രീമതി.റംലത്ത്.എൻ, സീനിയർ ക്ലർക്ക് | 27800-59400 | 35700 |
| 2 | ശ്രീ.എ.ശ്രീകുമാർ,ക്ലർക്ക് | 26500-56700 | 31500 |
| 3 | ശ്രീമതി.എൽ.മിനിമോൾ, സീനിയർ ക്ലർക്ക് | 27800-59400 | 35700 |
| 4 | ശ്രീ.കെ.മുരളി,ഓഫീസ് അറ്റൻഡന്റ് | 17500-39500 | 33100 |
| 5 | ശ്രീമതി.ദീപ്തി ആനന്ദ്, സീനിയർ ക്ലർക്ക് | 25200-54000 | 28500 |
| 6 | ശ്രീ.ഹരികുമാർ.കെ,സീനിയർ ക്ലർക്ക് | 25200-54000 | 33100 |
| 7 | ശ്രീമതി.ജസീല.ആർ,സീനിയർ ക്ലർക്ക് | 25200-54000 | 27150 |
| 8 | ശ്രീ.സുദീപ്.എസ്,ഹെൽത്ത് സൂപ്പർവൈസർ | 35700-75600 | 49200 |
| 9 | ശ്രീ.എൽ.സലീം, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 | 30700-65400 | 45800 |
| 10 | ശ്രീമതി.ശാന്തി.ആർ,ഓഫീസ് അറ്റൻഡന്റ് | 16500-35700 | 17500 |

ശമ്പളത്തിന് അനുസൃതമായി എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കാഞ്ഞതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 17/20-21/20.01.22 ന് മേൽപ്പറഞ്ഞ പട്ടികയിലെ കായംകുളം നഗരസഭയിൽ നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരിൽ നിന്നും പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ്.എൽ.ഐ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ശ്രീ.ഹരികുമാർ.കെ, സീനിയർ ക്ലർക്ക്, ശ്രീ.സുദീപ്.എസ്, ഹെൽത്ത് സൂപ്പർവൈസർ, ശ്രീമതി.ജസീല.ആർ, സീനിയർ ക്ലർക്ക് എന്നിവർ സ്ഥലം മാറിപ്പോയിട്ടുള്ളതാണെന്നും അറിയിച്ചു.

ജീവനക്കാരുടെ ശമ്പള സ്കെയിലിന് അനുസൃതമായി എസ്.എൽ.ഐ പ്രീമിയം ഈടാക്കേണ്ടതും സ്ഥലം മാറിപ്പോയിട്ടുള്ളവർക്ക് ആവശ്യമായ നിർദ്ദേശം നല്കേണ്ടതുമാണ്.

## 1-53 ലോഗ് ബുക്ക് യഥാവിധി സൂക്ഷിക്കുന്നില്ല

നഗരസഭയിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന KL29 Q-8563, KL29 L-1189, KL29 S-3076, KL29 F-6694 എന്നീ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1. ജി.ഒ.(എം.എസ്) 170/07 തസ്വഭവ 30.06.07 പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതും ആണ്. എന്നാൽ ഇപ്രകാരം ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല.

2. KL29 Q -8563 ഒഴികെ മറ്റു വാഹനങ്ങളുടെ പ്രതിമാസ ഇന്ധന ഉപഭോഗവും നീക്കിയിരിപ്പും കാണിക്കുന്ന സംക്ഷിപ്തം തയാറാക്കി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

3. വാഹനത്തിന്റെ അറ്റകുറ്റപ്പണി സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4. പല തീയതികളിലും വാഹനത്തിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥർ/കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തൽ ലോഗ് ബുക്കിൽ വരുത്തിയിട്ടില്ല.

5. KL29 S-3076 (ചെയർ പേഴ്സൺ-ന്റെ വാഹനം) 13.11.2020 മുതൽ 16.12.2020 വരെ ഇലക്ഷന്റെ ആവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്ന് കാണുന്നു. എന്നാൽ വാഹനം ഇലക്ഷൻ വിഭാഗത്തിന് കൈമാറിയതായോ തിരികെ ഏറ്റെടുത്തതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലിക്കുന്നതിലെ വീഴ്ചയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 18/20-21/20.01.22 ന് മറുപടി ലഭ്യമാക്കിയില്ല

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങളിലെ ചട്ടം 7ലെ വ്യവസ്ഥകൾക്കനുസൃതമായി ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-54 ലൈബ്രറിയുടെ നിലവാരം ഉയർത്തൽ -പദ്ധതി നടത്തിപ്പ് സുതാര്യമല്ല

ഫയൽ നം.R4-20480/19

| | |
|---|---|
| പ്രോജക്ട് നം. | 420/21 |
| പേര് | ഇന്റർ നാഷണൽ ലെവൽ ലൈബ്രറി |
| ബിൽ നം. | 72/30.09.20-307874<br>73/07.10.20-373673<br>74/ 07.10.20-327757<br>84/27.10.20-182593 |

2020-21 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ലൈബ്രറിയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനായി നഗരസഭ ടൌൺ ഹാളിന്റെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന ലൈബ്രറിയിൽ 01.02.2022 തീയതിയിൽ പ്രാദേശിക പരിശോധന നടത്തി. സിഡ്കോ മുഖേന നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വസ്തുതകൾ ബോധ്യപ്പെട്ടു.

1. ഇന്റർ നാഷണൽ ലെവൽ ലൈബ്രറി എന്നാണ് പദ്ധതിയുടെ പേരെങ്കിലും പ്രോജക്ട് നിർവ്വഹണത്തിനു ശേഷവും ലൈബ്രറിയുടെ അടിസ്ഥാന സൗകര്യങ്ങളിൽ പ്രകടമായ പുരോഗതിയൊന്നും കാണുവാൻ സാധിച്ചില്ല. പദ്ധതിയുടെ ഭാഗമായി ലൈബ്രറി ഹാളിന്റെ കുറച്ചു ഭാഗത്ത് മാത്രം വെള്ള നിറമുള്ള ടൈലുകൾ പാകിയിട്ടുണ്ട്. ശേഷിക്കുന്ന ഭാഗം ഇപ്പോഴും പഴക്കം ചെന്ന ചുവന്ന ടൈലുകൾ പാകിയിരുന്നത് നിലനിർത്തിയിരിക്കുന്നു.

2.സിഡ്കോ സമർപ്പിച്ച ഇൻവോയിസ് നമ്പർ CLTVM/20-21/48/07.09.2020ലെ ക്രമ നം. 4 പ്രകാരം വാങ്ങിയ 4 നെയിം ഹോൾഡർന് സപ്ലൈ&ഫിക്സിംഗിനാണ് 550/- രൂപ നിരക്കിൽ ഈടാക്കിയിരിക്കുന്നത് . എന്നാൽ ഇവ നാലും ഒരു പേപ്പറിൽ പൊതിഞ്ഞ് അലമാരയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു .
ഇൻവോയിസിൽ ക്രമ നം.1 പ്രകാരം 45000/- രൂപ നിരക്കിൽ വാങ്ങിയ 3 ബുക്ക് ഷെൽഫുകളും വിലയ്ക്ക് അനുസൃതമായ നിലവാരം ഉള്ളവയാണെന്ന് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. സിഡ്കോയുടെ അംഗീകൃത ബ്രോഷർ പ്രകാരം ബുക്ക് ഷെൽഫിന് കൊടുത്തിരിക്കുന്ന സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Product Id N0 | 3 |
| Name | Amirah With 4 Compartments And Glass Shutter |
| Description | Amirah With 4 Compartments And Glass Shutter |
| Specification : | 180 X 90 X 45 Cm. |
| Teak Wood - | Rs. 35325 + GST |
| Hard Wood | Rs. 20635 + GST |
| Anjili Wood - | Rs. 18667+ GST |

ലൈബ്രറിയിലേക്ക് വാങ്ങിയിട്ടുള്ളത് 120 X 165 X 45 Cm. സ്പെസിഫിക്കേഷൻ ഉള്ള ബുക്ക് ഷെൽഫാണ്. തേക്ക് തടി ഉപയോഗിച്ച് കൂടിയ അളവിൽ നിർമ്മിക്കുന്ന ഷെൽഫിനു പോലും Rs. 35325 + GST ആണ് സിഡ്കോ പ്രസിദ്ധപ്പെടുത്തിയ നിരക്കെന്നിരിക്കെ ഉപയോഗിച്ച തടി ഏതെന്നു ഇൻവോയസിൽ പറഞ്ഞിട്ടില്ലാത്ത ഷെൽഫിന് 45000/- രൂപ എന്ന് വിലയിട്ടിരിക്കുന്നത് എങ്ങനെയെന്ന് വ്യക്തമല്ല.

ഇതേ ഇൻവോയിസിൽ ക്രമ നം. 6 പ്രകാരം വാങ്ങിയ പ്രൊജക്ടർ സ്ക്രീൻ സ്ഥാപിക്കുന്നതുൾപ്പടെയുള്ള നിരക്കായ 6150/-

രൂപ സിഡ്കോ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ സ്ക്രീൻ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യത്തിന്റെ അഭാവത്തിൽ അതിപ്പോഴും അതിന്റെ കവറിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

3. ഇൻവോയിസ് നമ്പർ CLTVM/20-21/61/06.10.2020 ലെ ക്രമ നം.8പ്രകാരം വാങ്ങിയ 33300/- രൂപ വിലയുള്ള Branded PC (Lenovo), ക്രമ നം.9 Multi Function Printer(Canon വില.16200/-) എന്നിവ ഇതുവരേയും ഉപയോഗിക്കാതെ കവറിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

4. ഇൻവോയിസ് നമ്പർ CLTVM/20-21/61/06.10.2020 ക്രമ നം.10 പ്രകാരമുള്ള 2 ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. 06.11.2020ലെ ഉദ്ഘാടനത്തിനു സ്ഥാപിക്കേണ്ടിയിരുന്ന ഇവ ലൈബ്രറിയ്ക്കകത്ത് പേപ്പറിൽ പൊതിഞ്ഞ് ഭിത്തിയിൽ ചാരി വച്ചിരിക്കുന്ന അവസ്ഥയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. പ്രസ്തുത ബോർഡുകൾ നിർമ്മിച്ച്, പ്രിന്റ് ചെയ്ത്, ചുണിൽ സ്ഥാപിക്കുന്നതിനുള്ള നിരക്കായ 14500/- രൂപ സിഡ്കോ കൈപ്പറ്റിയിട്ടുണ്ട്.

5. ഇൻവോയിസ് നമ്പർ CLTVM/20-21/45/06.10.2020പ്രകാരം നിലവിലുള്ള 3 തടി ഷെൽഫുകളിൽ Two Side Masking ചെയ്യുന്നതിനായി 3 എണ്ണത്തിനുമായി 34500/-രൂപ വീതം ആകെ 103500/- രൂപ സിഡ്കോ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തിയുടെ മൂല്യമോ, അളവോ ആരും തന്നെ തിട്ടപ്പെടുത്തിയിട്ടില്ല. നിലവിലുള്ള തടി ഷെൽഫിന് ചുറ്റും ഏകദേശം ഒരിഞ്ച് വീതിയിലുള്ള ചാനൽ പിടിപ്പിച്ച് അതിൽ സുതാര്യമായ സ്ലൈഡിംഗ് ഗ്ലാസ്സുകൾ സ്ഥാപിച്ചതിനാണ് 1 ന് 34500/-രൂപ എന്ന്, ഒറ്റനോട്ടത്തിൽ തന്നെ തോന്നിപ്പിക്കുന്ന അതിശയകരമായ വില രേഖപ്പെടുത്തിയിട്ടുള്ളത്.

6. പദ്ധതിയുടെ ഭാഗമായി വാങ്ങിയ റീഡിംഗ് ടേബിൾ, കസേരകൾ എന്നിവ വായനക്കാർക്കായി വിനിയോഗിച്ചിട്ടില്ല. അവ ലൈബ്രറി ഹാളിന്റെ അലൂമിനിയം പാർട്ടീഷൻ ചെയ്ത തിരിച്ച ഭാഗത്ത് വെറുതെയിട്ടിരിക്കുകയാണ്. ലൈബ്രറി ഹാളിലെ പഴക്കം ചെന്ന മേശകളും കസേരകളും തന്നെയാണ് ലൈബ്രറി ഉപയോഗിക്കുന്നവർക്കായി ഇപ്പോഴും ഉള്ളത്.

| ഡബിൾ സൈഡ് മാസ്കിങ് അലമാര | സ്ഥാപിക്കാതെ സൂക്ഷിച്ചിരിക്കുന്ന ബോർഡ് | 45000/-നിരക്കിൽ വാങ്ങിയ അലമാരകൾ | സ്ഥാപിക്കാതെ സൂക്ഷിച്ചിരിക്കുന്ന പ്രിന്റർ, പ്രോജക്ട് ഡിസ്പ്ലേ ബോർഡ് |
|---|---|---|---|
|  |  |  |  |

7.അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവർത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട ഉത്തരവുകളോ നിർദ്ദേശങ്ങളോ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല .

8.സിവിൽ വർക്കുകൾക്കായി ഇൻവോയിസ് നമ്പർ CLTVM/20-21/44/27.08.2020 പ്രകാരം 327757/- രൂപ സിഡ്കോ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തിയുടെ മൂല്യമോ, അളവോ ആരും തിട്ടപ്പെടുത്തിയിട്ടില്ല. ഈ ഇൻവോയിസ് പ്രകാരമുള്ള ടൈൽ പാകൽ എന്ന പ്രവർത്തിയിൽ 1704sq Feet വിസ്തീർണ്ണത്തിന് 600x600 അളവിലുള്ള ടൈൽ 160 രൂപ/sq Feet നിരക്കിൽ ആണ് ചെയ്തിട്ടുള്ളത്.

2019-20 ൽ അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 392/19 ആയി നടപ്പാക്കിയ വനിതാ സൗഹൃദ കേന്ദ്രം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിലെ 14 നമ്പർ ഇനമായി Providing And Paving Tile............ (Price Code 11.41.2) എന്നതിന് 1733.95/sq.m എന്ന നിരക്ക് ക്വോട്ട് ചെയ്ത് ടെണ്ടർ ക്ഷണിച്ചതിൽ, പ്രവർത്തി ഏറ്റെടുത്ത കരാറുകാരനായ ഇ.എം അഷ്റഫ് ക്വാട്ട് ചെയതിട്ടുള്ളത് 600* 600 അളവിലുള്ള ടൈൽ പാകുന്നതിന് 1492.93/sq.m രൂപയാണ് . ഈ പ്രവർത്തിയിൽ പാകിയിട്ടുള്ള വിട്രിഫൈഡ് ടൈൽസിന്റെ ക്വാളിറ്റി ലൈബ്രറി കെട്ടിടത്തിൽ പാകിയിട്ടുള്ളതിന് ഇല്ലായെന്നും പരിശോധനയിൽ വ്യക്തമാകും. ലൈബ്രറി കെട്ടിടത്തിൽ പാകിയിട്ടുള്ള ടൈൽസിന്റെ ഗുണപരിശോധനാ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. രണ്ടു പ്രവർത്തികളിലെയും ഒരേ ഇനം പ്രവർത്തിക്ക് സ്ക്വയർഫീറ്റിന് 211/- രൂപയാണ് SIDCO അധികം കൈപ്പറ്റിയത്.

| സ്ക്വ.മീ.ന് 1733/-നിരക്കിൽ ഇട്ട ടൈൽ | സ്ക്വ.മീ.ന് 1492/-നിരക്കിൽ ഇട്ട വിട്രിഫൈഡ് ടൈൽ |
|---|---|
|  |  |

ഒരേ നഗരസഭയിലെ അടുത്തടുത്ത കാലയളവിൽ നടപ്പാക്കിയ പദ്ധതികളിൽ ടൈൽ പാകൽ പ്രവർത്തിയിൽ മാത്രമുള്ള ഭീമമായ വില വ്യത്യാസം പ്രകടമാണ്. സമാനമായ സാഹചര്യമാണ് ഇതേ പദ്ധതിയിലെ മറ്റ് പ്രവർത്തികളിലും.

മേൽ പ്രകാരമുള്ള അപാകങ്ങളാൽ പദ്ധതി നിർവ്വഹണം സുതാര്യമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പിന്മേൽ സമഗ്രമായ അന്വേഷണം ശുപാർശ ചെയ്യുന്നതിനൊപ്പം നെയിം ഹോൾഡർ, ബോർഡ് എന്നിവ സ്ഥാപിക്കാത്ത സാഹചര്യത്തിൽ അതിനായി ചെലവഴിച്ച 16700/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-55 സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അവയ്ക്ക് അപേക്ഷിച്ച് സർക്കാർ ഉത്തരവ് (ജി.ഒ(പി)105/2002/തസ്വഭവ, 25.6.2002) പ്രകാരമുള്ള 40മുതൽ 45ദിവസം വരെയുള്ള സമയപരിധിക്കകം (വിവിധ പെൻഷനുകൾക്ക് വ്യത്യസ്ത കാലയളവോടെ) അനുവദിക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം | അപേക്ഷാ തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷ അന്വേഷണത്തിന് ശേഷം തിരികെ ലഭ്യമാക്കിയ തീയതി | കമ്മിറ്റി അംഗീകരിച്ച തീയതി |
|---|---|---|---|---|
| രാധമ്മ പി | വാർദ്ധക്യകാല പെൻഷൻ | 03.02.21 | 18.05.21 | 18.06.21 |
| പൊന്നമ്മ | | 04.02.21 | 21.05.21 | 18.06.21 |
| ശെൽവരാജൻ | | 05.02.21 | 26.05.21 | 18.06.21 |
| സുമതി | | 06.02.20 | 03.09.20 | 11.09.20 |
| രാജു പാപ്പി | | 21.05.20 | 24.06.20 | 11.09.20 |
| കെ.ഒ.രാജൻ | | 21.05.20 | 24.06.20 | 11.09.20 |
| ഭദ്രൻ | കർഷക തൊഴിലാളി പെൻഷൻ | 03.02.20 | ലഭ്യമല്ല | 30.10.20 |
| അഷറഫ് | | 22.03.21 | ലഭ്യമല്ല | 10.08.21 |
| ഭാസുര | | 25.01.21 | 04.03.21 | 18.06.21 |

ഗുണഭോക്താക്കൾക്ക് യഥാസമയം പെൻഷൻ അനുവദിക്കുന്നതിൽ വരുന്ന കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. (നം.58/2020-21/31.01.2022) പെൻഷൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ സമയപരിധി നിർബന്ധമായും പാലിക്കേണ്ടതും തികച്ചും അർഹരായവർക്ക് മാത്രമാണ് പെൻഷൻ ലഭിക്കുന്നത് എന്നും അന്വേഷണ ഉദ്യോഗസ്ഥരും സെക്രട്ടറിയും ഉറപ്പാക്കേണ്ടതുമാണ്.

## 1-56 കുഴൽ കിണർ നിർമ്മാണം - വിനിയോഗ രേഖകളില്ല-

2020-21 വർഷം അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കുഴൽ കിണർ നിർമ്മാണം എന്ന പ്രവർത്തിയ്ക്കായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരങ്ങളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം,പേര് | ബിൽബുക്ക് പ്രകാരം പിൻവലിച്ച തുക | ബില്ലിന്റെ വിശദാംശം |
|---|---|---|
| 322/21 | 361750/- | 87/20-21, 13-05-20 |
| ആകെ | 361750 | |

വിനിയോഗ രേഖകളും, ഈ പദ്ധതിയുടെ നിലവിലെ അവസ്ഥയും അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(31/2019-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 361750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-57 ഹോമിയോ ആശുപത്രി= മരുന്നുകൾ ലഭ്യമാക്കിയില്ല 51050/-രൂപ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ ഹോമിയോ 2020-21 വർഷം നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 800000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി എന്ന സ്ഥാപനത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 31/21 |
| പ്രോജക്റ്റ് | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | 8,00,000(മെയിന്റനൻസ് ഫണ്ട് (റോഡിതരം)) |
| ഇൻവോയ്സ് നമ്പർ | എൽ.എഫ് 2502/31-03-21-2170/-<br>എൽ.എഫ് 486/03-06-21/-273451<br>എൽ.എഫ് 750/21-06-21 173440/-<br>എൽ.എഫ് 1276/09-07-21 299889/- |
| ചെലവ് | 800000/-<br>ബിൽ നമ്പർ01/20-21-/26-08-2020 |

ടി തുക പൂർണ്ണമായും കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും 748950/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിട്ടുള്ളൂ. 51050/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 42/20-21/27.01.22- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിയ്ക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ ഇതിന് വേണ്ടി ചെലവഴിച്ച 51050/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-58 ആട് വളർത്തൽ-പദ്ധതി പൂർണ്ണമായും നടപ്പാക്കിയില്ല,312000/- രൂപ തടസ്സപ്പെടുത്തുന്നു

വെറ്ററിനറി സർജൻ നടപ്പിലാക്കിയ ആട് വളർത്തൽ എസ് സി(വനിത) പദ്ധതി പ്രകാരം ആറു മുതൽ എട്ടു മാസം വരെ പ്രായം ഉള്ളതും 12 കിലോ ഭാരം ഉള്ളതുമായ പെണ്ണാടിനെ 75% സബ്സിഡി(യൂണിറ്റ് കോസ്റ്റ് 6000/-(75% സബ്സിഡി 4500/-,)1500 ഗുണഭോക്തൃവിഹിതം) നിരക്കിൽ 333 ആടുകളെ നൽകാനാണ് വിഭാവനം ചെയ്തത്. ഇപ്രകാരം ശ്രീ.ഗോപി, ജി.ഇ.ഇ ഫാം മഞ്ഞിലക്കാട്ടുവെളിയിൽ വയലാർ പി.ഒ ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും 74 ആടുകളെ വാങ്ങിയിട്ടുണ്ട്. ആടുകളുടെ വിലയായി 312000/- രൂപ മേൽ സ്ഥാപനത്തിലേയ്ക്കു അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക-1

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 231/21 |
| പ്രോജക്റ്റ് | ആട് വളർത്തൽ എസ് സി(വനിത) |
| അടങ്കൽ | 1498500(എസ്.സി.പി)<br>ചെലവഴിച്ച തുക-256500 |
| ചെലവ് | 'ട്രഷറി ബിൽ നമ്പർ 2 GAB 2/20-21/22-03-21 -166500, ട്രഷറി ബിൽ നമ്പർ 3 GAB 3/20-21/29-03-21,-90000/-, 55500/20-03-21 റിക്വിസിഷൻ നം 3018408101200003<br>ആകെ 312000/- |

ടി തുക പൂർണ്ണമായും ശ്രീ.ഗോപി,ജി.ഇ.ഇ ഫാം മഞ്ഞിലക്കാട്ടുവെളിയിൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) ടി ബില്ലുകളുടെ കൈപ്പറ്റ് വിവരങ്ങൾ ഫയലിൽ ലഭ്യമല്ല ഫയലിനൊപ്പം ഹാജരാക്കിയ ജി.ഇ.ഇ ഫാം മഞ്ഞിലക്കാട്ടുവെളിയില് എന്ന സ്ഥാപനത്തിന്റെ ബിൽ പ്രകാരം ആകെ 74 ആടുകളെ വാങ്ങിയിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ

പട്ടിക-2

| ക്രമ നം | ബിൽ നം/തീയതി | എണ്ണം | ബില്ലിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 450/19-03-21 | 37x4500 | 166500 |
| 2 | 451/29-03-21 | 17x3000 | 51000 |
| 3 | 449/29-03-21 | 20x4500 | 90000 |
| | ആകെ | 74 | 307500 |

മേൽ പട്ടികയിലെ ക്രമ നം 2ലെ 17 ആടുകൾക്ക് സബ്സിഡി നിരക്കായ (17x4500= 76500) ന് പകരം 3000x17=51000 രൂപ സബ്സിഡി നിരക്ക് നൽകിയതെന്തെന്ന് വ്യക്തമല്ല.ടി ബില്ലുകളോടൊപ്പം വിവരങ്ങളൊന്നും രേഖപ്പെടുത്താത്ത ശ്രീ.ഗോപി ഒപ്പിട്ട GEEഫാമിന്റെ ഒരു ബ്ളാങ്ക് ബില്ലും(നം383) ഫയലിൽ സൂക്ഷിച്ചിരിയ്ക്കുന്നതായി കണ്ടു. ഇതിൽ നിന്നും ബ്ളാങ്ക് ബില്ലുകൾ നൽകിയിട്ട് തുക നിർവ്വഹണോദ്യാഗസ്ഥൻ തന്നെ എഴുതി നൽകുകയാണോ എന്ന് സംശയിക്കേണ്ടിയിരിയ്ക്കുന്നു.

2) മേൽ പട്ടികയിൽ (പട്ടിക-2) ബില്ലുകൾ ആടുകളുടെ യഥാർത്ഥ വിലയാണെങ്കിൽ ടി ബില്ലുകൾ പ്രകാരം ആകെ നൽകേണ്ട തുക 307500/- രൂപയാണ് എന്നാൽ ടിയാൾക്ക് ആകെ 312000/- രൂപ (പട്ടിക-1) നൽകിയിട്ടുണ്ട്. 4500/-രൂപ അധികമാണ് നൽകിയിരിയ്ക്കുന്നത് ടി ബില്ലുകളിൽ ആടുകളുടെ യൂണിറ്റ് കോസ്റ്റിന്റെ നിരക്കിന്റെ സ്ഥാനത്ത് സബ്സിഡി നിരക്കാണ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്. അത് കൊണ്ട് തന്നെ ആകെ തുക എത്രയെന്നത് സംബന്ധിച്ച് അവ്യക്തതയുണ്ട്. ആടുകൾക്ക് നൽകേണ്ട യഥാർത്ഥ വില എത്രയെന്നത് വ്യക്തല്ല. ആടുകളുടെ യൂണിറ്റ് കോസ്റ്റും ,യഥാർത്ഥ ബിൽ തുക എത്രയാണെന്നതും സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

2)പദ്ധതി ഗുണഭോക്തൃ വിഹിതം രജിസ്റ്ററും രസീതുബുക്കും പരിശോധിച്ചതിൽ നിന്നും 110ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 74 ഗുണഭോക്താക്കൾക്ക് മാത്രമേ ആടുകളെ നൽകിയിട്ടുള്ളൂ. ബാക്കി ഗുണഭോക്താക്കൾക്ക് ആടുകളെ നൽകിയിട്ടില്ല. ഗുണഭോക്താക്കളിൽ നിന്നു ഗുണഭോക്തൃവിഹിതം സ്വീകരിച്ചിട്ട് ഒരു വർഷമായിട്ടും പദ്ധതി പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് ആടുകളെ നൽകാൻ സാധിച്ചില്ലെങ്കിൽ അവരിൽ നിന്നും സ്വീകരിച്ച ഗുണഭോക്തൃവിഹിതം തിരികെ നൽകാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം24/20-21/25.01.22) മറുപടി നൽകിയിട്ടില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖയ്ക്കനുസൃതമായി നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്. പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നത് വരെ ഇതിന് വേണ്ടി ചെലവഴിച്ച 312000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-59 കമ്പ്യൂട്ടർ വാങ്ങൽ & ഇൻവെർട്ടർ വാങ്ങൽ ബില്ലുകൾ ഹാജരാക്കിയില്ല 96770/-രൂപ തടസ്സപ്പെടുത്തുന്നു

മെഡിയ്ക്കൽ ഓഫീസർ ഹോമിയോ, 2020-21 സാമ്പത്തികവർഷം നടപ്പിലാക്കിയ ഹോമിയോ ഹോസ്പിറ്റലിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, ഹോമിയോ ആശുപത്രിയ്ക്ക് ഇൻവെർട്ടർ വാങ്ങൽ എന്ന പദ്ധതികൾ നടപ്പാക്കിയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 234/20 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 50000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 48270/'ട്രഷറി ബിൽ നമ്പർ 4/20-07 /12/20/48270 |
| സ്ഥാപനത്തിന്റെ പേര് | C-Techserv.കൈതനോർത്ത്,ചെട്ടികുളങ്ങര<br>ഇൻവോയിസ് നം -ഇല്ല<br>തുക 48270 |

ടി തുക പൂർണ്ണമായും C-Techserv എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്.

മേൽ സ്ഥാപനത്തിൽ നിന്നുമുള്ള ക്വട്ടേഷൻ ഇൻവോയിസ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. സ്ഥാപനം നൽകിയ ബിൽ ഫയലിൽ ലഭ്യമല്ല. C-Techserv എന്ന സ്ഥാപനത്തിന് ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളതാണോ എന്നും ടി സ്ഥാപനത്തിന്റെ ബില്ലുകൾ ഹാജരാക്കാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി ഇല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് ലഭിയ്ക്കേണ്ട നികുതി പണമാണ് നഷ്ടമാവുന്നത്. ബില്ലുകൾ ഹാജരാക്കുന്നവരെയും കമ്പ്യൂട്ടർ വാങ്ങാൻ

ചെലവഴിച്ച 48270/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

II.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 233/20 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിയ്ക്ക് ഇൻവെർട്ടർ വാങ്ങൽ |
| അടങ്കൽ | 50000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 48500/'ട്രഷറി ബിൽ നമ്പർ 3 /20-21 07/12/20/48500 |
| സ്ഥാപനത്തിന്റെ പേര് | എ.ആർ.എന്റർപ്രൈസസ്, കായംകുളം<br>ഇൻവോയിസ് നം 3/02-11-20<br>ബിൽ തുക 48500 |

ടി തുക പൂർണ്ണമായും എ.ആർ.എന്റർപ്രൈസസ്, കായംകുളം എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

മേൽ സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ ഇൻവോയിസ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. സ്ഥാപനം നൽകിയ ബിൽ ഫയലിൽ ലഭ്യമല്ല. ഫയലിനൊപ്പം ഹാജരാക്കിയിരിക്കുന്ന ഇൻവോയിസിൽ ജി.എസ്.ടി രജിസ്ട്രേഷൻ നം ഉണ്ടെങ്കിലും ജി.എസ്.ടി ഈടാക്കിയ വിവരങ്ങൾ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനത്തിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. ബില്ലുകൾ ഹാജരാക്കുന്നത് വരെയും ഇൻവെർട്ടർ വാങ്ങാൻ ചെലവഴിച്ച 48500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖ.7.52 (ജി.ഒ.(പി)നം 10/2019/എസ്.പി.ഡി, തീയതി 22-08-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും, പൊതുമേഖലാ സ്ഥാപനങ്ങളും 25000/-രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ളതും കേന്ദ്രസർക്കാറിന്റെ കീഴിലുള്ള ഓൺലൈൻ പോർട്ടലായ GeMൽ നിന്നും വാങ്ങേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുള്ളതാണ്.

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടലായ സി.പി.ആർ.സി.എസിൽ നിന്നും സമാഹരിക്കേണ്ടതാണെന്ന് സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.52 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. സർക്കുലർ നം 1/26/2019 ഐ.ടി സെൽ 1/26/2019 പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് സംവിധാനത്തിലൂടെ മാത്രമേ ഐ.ടി ഉപകരണങ്ങൾ വാങ്ങാവൂ എന്നും, C.p.r.c.s കൂടെയല്ലാതെ കമ്പ്യൂട്ടറുകളും മറ്റു ഉപകരണങ്ങളും വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിക്കുന്നതല്ലെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽ വാങ്ങലുകളിൽ ടി സർക്കാർ നിർദ്ദേശങ്ങളൊന്നും തന്നെ പാലിയ്ക്കപ്പെട്ടിട്ടില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്. ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ കേന്ദ്ര-സംസ്ഥാനസർക്കാരിന് ലഭിയ്ക്കേണ്ട നികുതിയാണ് നഷ്ടമാവുന്നത്, നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

## 1-60 കമ്പ്യൂട്ടർ വാങ്ങൽ 37200/-രൂപ തടസ്സപ്പെടുത്തുന്നു

വെറ്ററിനറി സർജൻ നടപ്പിലാക്കിയ വെറ്ററിനറി ഹോസ്പിറ്റലിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 37200/- രൂപ ഐ.ടി പോയിന്റ് സിസ്റ്റംസ് എന്ന സ്ഥാപനത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 229/20 |
| പ്രോജക്ട് | വെറ്ററിനറി ഹോസ്പിറ്റലിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 4,00,00(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 37,200/'ട്രഷറി ബിൽ നമ്പർ 6 GAB 3/19-20/20/04/20 |

ടി തുക പൂർണ്ണമായും ഐ.ടി പോയിന്റ് സിസ്റ്റംസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) മേൽ സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ ഇൻവോയിസ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. സ്ഥാപനം നൽകിയ ബില്ലോ ഇൻവോയിസോ ഫയലിൽ ലഭ്യമല്ല. ടി സ്ഥാപനത്തിൽ നിന്നും എന്തൊക്കെ ഉപകരണങ്ങൾ വാങ്ങിയെന്നോ, ആകെ ബിൽ തുക എത്രയെന്നോ ഉള്ള വിവരം, ടി സ്ഥാപനത്തിന് നൽകിയ തുകയുടെ ട്രഷറി ബില്ലും ഫയലിൽ നിന്നും

ലഭ്യമല്ല. ഐ.ടി പോയിന്റ് സിസ്റ്റംസ് എന്ന സ്ഥാപനത്തിന് ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളതാണോ എന്നും വ്യക്തമല്ല. ബില്ലുകൾ ഹാജരാക്കാത്തതിനാൽ ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 37200/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖ.7.52 (ജി.ഒ.(പി)നം. 10/2019/എസ്.പി.ഡി, തീയതി 22-08-2019) പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും, പൊതുമേഖലാ സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടലായ സി.പി.ആർ.സി.എസിൽ നിന്നും സമാഹരിയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. സർക്കുലർ നം 1/26/2019ഐ.ടി സെൽ 1/26/2019 പ്രകാരം സർക്കാർ പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് സംവിധാനത്തിലൂടെ മാത്രമേ ഐ.ടി ഉപകരണങ്ങൾ വാങ്ങാവൂ എന്നും,c.p.r.c.s കമ്പ്യൂട്ടറുകളും മറ്റു ഉപകരണങ്ങളും വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിയ്ക്കുന്നതല്ലെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-61 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകൾ- ന്യൂനതകൾ

(എ) പ്രോജക്ട് നം.S0028/21 വയോമിത്രം പദ്ധതി

അടങ്കൽ -1158080(വികസനഫണ്ട്)

ചെലവ് - 1000000 (ബിൽ നം.13/19.11.2020)

വയോമിത്രം പദ്ധതിയ്ക്കായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് പ്രസ്തുത ബിൽ പ്രകാരം 1000000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ നൽകിയ എൻക്വയറിക്ക് (നം.48/29.01.2022) കൈപ്പറ്റ് രസീതും ധനവിനിയോഗ സാക്ഷ്യപത്രവും ലഭിക്കുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രേഖകൾ ഹാജരാക്കുന്നതുവരെ 1000000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി)

(1 )പ്രോജക്ട് നം.S0026/21 ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

അടങ്കൽ -2000000 ( വികസനഫണ്ട് )

ചെലവ് -2000000

(2) പ്രോജക്ട് നം.S0347/21 ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്(Spill Over)

അടങ്കൽ -552000(വികസനഫണ്ട്)

ചെലവ് -552000

2020-21 വർഷം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 16779/- രൂപ വീതമാണ് പലർക്കും നൽകിയിട്ടുള്ളത്. ഓരോ കുട്ടിക്കും പരമാവധി 28500/- രൂപ നൽകാമെന്നിരിക്കെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും കൃത്യമായി നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.48/29.01.2022) ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് അവർ പഠിക്കുന്ന ക്ലാസ് അടിസ്ഥാനത്തിൽ തുക നൽകിയിട്ടുണ്ടെന്നും മാനസിക വെല്ലുവിളികൾ നേരിടുന്ന എല്ലാ ഗുണഭോക്താക്കൾക്കും 28500/- നൽകുന്നതിന് ആവശ്യമായ തുക നഗരസഭ വകയിരുത്തിയിരുന്നില്ല എന്നും അതിനാൽ ലഭ്യമായ തുക തുല്യമായി വീതിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത് എന്നും മറുപടി ലഭ്യമാക്കി. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും കൃത്യമായി നൽകേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-62 അംഗൻവാടി പോഷകാഹാര പദ്ധതി- ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പാക്കിയിട്ടില്ല

പ്രോജക്ട് നം.S0025/21 അങ്കണവാടി പോഷകാഹാര പദ്ധതി

നിർവ്വഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ - 4000000 (വികസന ഫണ്ട്)

ചെലവ് - 3967116

ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും 01.02.2010, 05.06.2010.ലെ ഐ.സി.ഡി.എസ് ബി3-312/2010 നമ്പർ കത്തുകൾ മുഖേന സാമൂഹ്യ ക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. പരിശോധനയ്ക്ക് വിധേയമായ ബാച്ചുകളുടെ ലാബ് റിപ്പോർട്ടിൽ തൃപ്തികരമല്ല/ഉപയോഗയോഗ്യമല്ല എന്നാണ് പരിശോധനാ ഫലമെങ്കിൽ, ഭക്ഷ്യ മിശ്രിതത്തിന്റെ വില, ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കേണ്ടതില്ല എന്നും 8.12.2010 ലെ മേൽ നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 വർഷം ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലാബ്ടെസ്റ്റ് ചെയ്യുന്നതിനായി സാബിളുകൾ ശേഖരിച്ചിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി (നം. 47/ തീയതി.29.01.2022)

അംഗൻവാടിയിലെ ശിശുക്കൾക്ക് നൽകുന്ന ന്യൂട്രിമിക്സ് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. വിഷയത്തിലേക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു.

## 1-63 ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്നതിലെ അപാകതകൾ സംബന്ധിച്ച്-

ഓഡിറ്റിന് ലഭ്യമാക്കിയ നഗരസഭയുടെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ജംഗമ വസ്തുക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിൽ യാതൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ചില പേജുകളിൽ മാത്രം ഒന്നോ രണ്ടോ ആസ്തികളുടെ വിവരങ്ങൾ അപൂർണ്ണമായി മാത്രം രേഖപ്പെടുത്തിയിരിക്കുന്നു.
2. ഭൂമി, കെട്ടിടങ്ങൾ ഉടങ്ങിയ സ്ഥാവര ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററും അപൂർണ്ണമാണ്. നിർമ്മാണവർഷം, നിർമ്മാണ ചെലവ്, ആസ്തിയുടെ മൂല്യം എന്നിങ്ങനെ യാതൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.
3. കുടിവെള്ളം, ജലസേചനം, വൈദ്യുതി, മുതലായവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്ററിലും യാതൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.
4. ഓഡിറ്റ് വർഷങ്ങളായ 2019-20, 2020-21 വർഷങ്ങളിലും, അതിന് മുൻപുള്ള വർഷങ്ങളിലും നിരവധി ടാർ, കോൺക്രീറ്റ് റോഡുകളും, മറ്റ് നിരവധി ആസ്തികളും വിവിധ പദ്ധതികളിലുൾപ്പെടുത്തി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. നഗരസഭയിലെ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയർ മുഖേന ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കിയിട്ടില്ല.

മേൽ വിഷയങ്ങളിൽ മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (61/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിൽ നിലവിലുള്ള ആസ്തികളെ സംബന്ധിച്ച് നഗരസഭയ്ക്ക് തന്നെ വ്യക്തതയില്ലായെന്നാണ് ആസ്തി രജിസ്റ്ററിന്റെ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. നഗരസഭയുടെ ആസ്തികൾ അന്യാധീനപ്പെട്ടു പോകാതെ, നഗരസഭയുടെ അധീനതയിലുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-64 സ്ട്രീറ്റ് ലൈറ്റ്-ലൈൻ എക്സ്റ്റൻഷൻ: വിശദാംശങ്ങൾ ലഭ്യമല്ല

സെക്രട്ടറി നിർവ്വഹിച്ച സ്ട്രീറ്റ് ലൈറ്റ്-ലൈൻ എക്സ്റ്റൻഷൻ (പ്രോജ.നം.323/21) പദ്ധതിയിൽ വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ വർക്കിനായി കെ.എസ്.ഇ.ബി-യുടെ ചുവടെ ചേർക്കുന്ന വിവിധ സർക്കിളുകളിലേക്ക് ആകെ 12 ലക്ഷം രൂപ നല്കിക്കാണുന്നു(ബിൽ റഫ.നം.20070347001800152554/11.4.20),

Kseb West- 526828/-

Kseb East- 516806/-

Krishnapuram- 156366/-

പദ്ധതി സംബന്ധിച്ച് കരാറിലേർപ്പെടുന്നതിലേക്ക് കെ.എസ്.ഇ.ബി-യിലേക്ക് കത്ത് നല്കിയതായി കാണുന്നുണ്ടെങ്കിലും കരാറിലേർപ്പെട്ട് കാണുന്നില്ല, പദ്ധതിയുടെ വിശദാംശങ്ങൾ, പദ്ധതി ആരംഭിക്കപ്പെട്ടിട്ടുണ്ടോ/ചെലവായ തുകയുടെ വിനിയോഗ വിവരങ്ങൾ മുതലായ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.31/20-21/25.01.22) മറുപടി നല്കിയിട്ടില്ല. മതിയായ വിവരങ്ങളുടെ അഭാവത്തിൽ 12ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് തടസ്സം മാറുന്നതിലേക്ക് ചെലവ്, വിനിയോഗ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-65 തുല്യതാപരീക്ഷ-വിശദാംശങ്ങൾ ലഭ്യമല്ല, തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹിച്ച തുല്യതാപരീക്ഷ (പ്രോജ.നം.280/21) പദ്ധതിയിൽ 249950/-രൂപ ചെലവഴിച്ചുകാണുന്നു.(ബിൽ റഫ.നം.2007034700180001 1607/11.4.20), ചെലവ് വിശദാംശങ്ങൾ, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ (അപേക്ഷ, പരീക്ഷാ രജിസ്ട്രേഷൻ, ഫീസ് വിവരം മുതലായവ) ഫയലിൽ ലഭ്യമല്ല. വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.31/20-21/25.01.22) മറുപടി നല്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിക്കൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-66 ബക്കറ്റ് കമ്പോസ്റ്റ്, ബയോ ബിൻ വിതരണം വിശദവിവരങ്ങൾ ലഭ്യമല്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹിച്ച ബക്കറ്റ് കമ്പോസ്റ്റ്, ബയോബിൻ വിതരണം പ്രോജക്ടുകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. IRTC മുഖേനയാണ് പ്രോജക്ട് നടപ്പാക്കിക്കാണുന്നത്. ടി പ്രോജക്ടുകളിൽ 31.7% മാത്രമാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉദ്ദേശിച്ചിരുന്നത്. ഇതിന് പുറമേ, കേന്ദ്രാവിഷ്കൃത ഫണ്ട് 35%, സംസ്ഥാനാവിഷ്കൃത ഫണ്ട് 23.3% ഗുണഭോക്തൃവിഹിതം 10% വീതമാണ് അടങ്കലിൽ നിശ്ചയിച്ചിരുന്നത്. എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചതിന്റെ വിവരം മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്, ആനുപാതികമായി മറ്റ് തുകകൾ ലഭിച്ചതിന്റെ വിവരങ്ങൾ ഇല്ല.

ബക്കറ്റ് കമ്പോസ്റ്റ്, നം.40/21-പ്രോജക്ടിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലുള്ള 61299/-രൂപ, ചെലവഴിച്ചുകാണുന്നു. ബയോ ബിൻ, നം.119/21 പ്രോജക്ടിൽ ധനകാര്യമ്മീഷൻ ഗ്രാന്റിനത്തിലുള്ള 207332/-രൂപയും ചെലവഴിച്ചുകാണുന്നു.

ആകെ ചെലവ് വിവരം, ലഭിച്ചത് എത്ര യൂണിറ്റ് ബക്കറ്റ് കമ്പോസ്റ്റ്, അവയുടെ വിതരണം എന്നീ വിവരങ്ങൾ ഒന്നും സംബന്ധിച്ച് ഫയലിൽ വ്യക്തതയില്ല. പ്രോജക്ടിന്റെ വിശദാംശങ്ങളടക്കം ടി വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണത്തിലൂടെ(നം.31/20-21/25.01.22) ആവശ്യപ്പെട്ടിട്ടും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. രണ്ട് പ്രോജക്ടുകളിലായുള്ള ആകെ ചെലവ് 268631/- തടസ്സപ്പെടുത്തുന്നു.

## 1-67 സ്ട്രീറ്റ് ലൈറ്റ് എൽ.ഇ.ഡി ആക്കൽ പ്രോജക്ടുകൾ-വിശദാംശങ്ങൾ സൂക്ഷിക്കപ്പെട്ടിട്ടില്ല,ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹിച്ച ചുവടെ ചേർക്കുന്ന സ്ട്രീറ്റ് ലൈറ്റ് എൽ.ഇ.ഡി ആക്കൽ പ്രോജക്ടുകളിൽ ചെലവ് സാധൂകരിക്കുന്ന വിധമുള്ള രേഖകളോ രജിസ്റ്ററുകളോ സൂക്ഷിക്കപ്പെട്ട് കാണുന്നില്ല. ഇവയുടെ അഭാവത്തിൽ ചെലവ് സാധുവാകുന്നില്ല.

എ. പ്രോജ.നം.612/21 പ്രകാരം വാർഡ് 20-ൽ സ്ട്രീറ്റ് ലൈറ്റ് എൽ.ഇ.ഡി ആക്കൽ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ഇതിലേക്ക് രണ്ട് ലക്ഷം രൂപ ചെലവഴിച്ചുകാണുന്നു. 35വാട്ടിന്റെ 50സെറ്റുകൾ വീതമാണ് മാറിയിട്ടുള്ളതായി വാർഡ് കൗൺസിലറുടെ സാക്ഷ്യപ്പെടുത്തൽ ഉള്ളത്.

ബി. പ്രോജ.നം.424/21 പ്രകാരം വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എൽ.ഇ.ഡി ആക്കുന്നതിന് പ്രോജക്ട് നടപ്പാക്കിക്കാണുന്നു. ഇതിൽ 1760000/-രൂപയാണ് ചെലവ്. ഓരോ വാർഡിലും പത്ത് വീതം ആകെ 440 എൽ.ഇ.ഡികൾ ആണ് ഇട്ടിട്ടുള്ളത്.

മേൽ പ്രോജക്ടുകൾ പ്രകാരം മാറ്റിയിട്ട എൽ.ഇ.ഡി കളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജിൽ വന്നിട്ടുള്ള കുറവ് നിരീക്ഷിക്കപ്പെട്ട് കാണുന്നില്ല.

ഇപ്രകാരം എതെല്ലാം പോസ്റ്റുകളിൽ എൽ.ഇ.ഡി സ്ഥാപിക്കപ്പെട്ടു എന്നത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല.

എൽ.ഇ.ഡി സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി-ക്ക് സൂപ്പർവിഷൻ ചാർജ്ജ്നല്കിയതിന്റെ വിവരം ഫയലിൽ ഇല്ല.

ഉപയോഗ ശൂന്യമായവ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഫയലിൽ ഇല്ല.

പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്/കംപ്ലീഷൻ സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.

വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.31/20-21/25.01.22) മറുപടി നല്കിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് എൽ.ഇ.ഡി ആക്കൽ പ്രോജക്ടുകളിലെ ആകെ ചെലവ് 1960000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം പുനഃപരിശോധിക്കുന്നതാണ്.

## 1-68 പി.എം.എ.വൈ അവലോകനം

2022 വർഷത്തിൽ ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യ ദിനാഘോഷ വേളയിൽ ഭവന രഹിതരായ എല്ലാവർക്കും ഭവനം ലഭ്യമാക്കണം എന്ന ലക്ഷ്യത്തോടെ 2015-16 കാലയളവിൽ കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണിത്. ചേരി വികസനം, ക്രഡിറ്റ് ലിങ്ക്ഡ് സബ്സിഡി, അഫോർഡബിൾ ഹൗസിംഗ് സ്കീം, വ്യക്തിഗത നിർമ്മാണം എന്നീ നാലു

ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. കായംകുളം നഗരസഭയിൽ 2016-17 വർഷം മുതൽ പി.എം.എ.വൈ പദ്ധതി നടപ്പാലാക്കി വരുന്നു.

1.നാലു ഘട്ടങ്ങളിലായി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| ഘട്ടം | ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം | പരിശോധനയ്ക്കു ശേഷം അർഹരായവരുടെ എണ്ണം | കരാറിൽ ഏർപ്പെട്ടവരുടെ എണ്ണം | നിർമ്മാണം പൂർത്തീകരിയ്ക്കാൻ അവശേഷിക്കുന്നവരുടെ എണ്ണം | പൂർത്തീകരിയ്ക്കാത്തതിനു കാരണം |
|---|---|---|---|---|---|
| ഡി.പി.ആർ I | 305 | 248 | 245 | 3 | റെയിൽവേയുടെ അനുമതി,വെറ്റ് ലാന്റ് |
| ഡി.പി.ആർ II | 239 | 183 | 179 | 4 | റെയിൽവേയുടെ അനുമതി ,വെറ്റ് ലാന്റ് |
| ഡി.പി.ആർ III | 160 | 127 | 126 | 1 | വെറ്റ് ലാന്റ് |
| ഡി.പി.ആർ IV | 296 | 252 | 247 | 5 | റെയിൽവേയുടെ അനുമതി,വെറ്റ് ലാന്റ് |

2.ഫണ്ട് വിവരം

ജിഒ.(എം.എസ്) നം.28/2018 എൽ.എസ്.ജി.ഡി/28.02.2018 ഉത്തരവു പ്രകാരം കേന്ദ്ര വിഹിതം 150000/- രൂപയും, സംസ്ഥാന സർക്കാർ വിഹിതം 50000/-രൂപയും മുനിസിപ്പാലിറ്റി വിഹിതം 200000/- രൂപയുമായി ആകെ നാലു ലക്ഷം രൂപയുടെ ധനസഹായമാണ് ഗുണഭോക്താക്കൾക്ക് ലഭിയ്ക്കുന്നത്. ജി.ഒ(ആർ.ടി)നമ്പർ 976/2019 /എൽ.എസ്.ജി.ഡി/14.05.2019 ഉത്തരവു പ്രകാരം പി.എം.എ.വൈ(അർബൺ)പദ്ധതി ഗുണഭോക്താക്കൾക്കായുള്ള വിഹിതം നല്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിന് നഗരസഭകൾക്ക് അനുമതി നല്കി. അതിന്റെ അടിസ്ഥാനത്തിൽ കെ.യു.ആർ.ഡി.എഫ്.സി- യിൽ നിന്നുള്ള വായ്പ നഗരസഭ എടുത്തിട്ടുണ്ട്.

2016-17 മുതൽ 2020-21 വരെ ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| വർഷം | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2016-17 ഡി.പി.ആർ I | പ്ലാൻ ഫണ്ട് (ജനറൽ) | 1,53,00,000 | 1,53,00,000 |
| 2017-18 ഡി.പി.ആർ II | പ്ലാൻ ഫണ്ട് (ജനറൽ) | 1,22,90,000 | 1,22,90,000 |
| 2018-19 ഡി.പി.ആർ III | പ്ലാൻ ഫണ്ട് (ജനറൽ)<br>പ്ലാൻ ഫണ്ട് (എസ്.സി) | 22000000<br>800000 | 22800000 |
| | കെ.യു.ആർ.ഡി.എഫ്.സി (ജനറൽ) | 41600000 | 41600000 |
| 2019-20 | കെ.യു.ആർ.ഡി.എഫ്.സി (ജനറൽ) | | |
| | കെ.യു.ആർ .ഡി.എഫ്.സി(എസ്.സി) | 5400000 | 5400000 |
| | പ്ലാൻ ഫണ്ട് | 17000000 | 17000000 |
| 2020-21 ഡി.പി.ആർ IV | പ്ലാൻ ഫണ്ട് (ജനറൽ) | 19400000 | 19400000 |
| | പ്ലാൻ ഫണ്ട് (എസ്.സി) | 3212000 | 853000 |

മേൽ തുകകൾ കൂടാതെ നാളിതു വരെ ഗുണഭോക്തൃ വിഹിതം 20725000/-രൂപയും കേന്ദ്ര വിഹിതം 115440000/-രൂപയും

സംസ്ഥാന വിഹിതം വിഹിതം 38480000/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

3.പലിശ

പി.എം.എ.വൈ-യുടേതായി യൂണിയൻ ബാങ്ക്, കായംകുളം ശാഖ അക്കൗണ്ട് നമ്പർ 553602010009277ൽ ലഭിച്ച തുകയ്ക്ക് 1363445/- രൂപ പലിശ ലഭിച്ചിട്ടുണ്ട്. എന്നാൽ പലിശയുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതിനാൽ അത് പദ്ധതിയ്ക്കായി വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല .

4.കരാർ ലംഘനത്തിന്മേൽ സ്വീകരിച്ച നടപടികൾ

7 ഗുണഭോക്താക്കൾ കരാർ വച്ച് ആദ്യ ഗഡു കൈപ്പറ്റിയതിനു ശേഷം വീട്ടു പണി ആരംഭിയ്ക്കാതെയും ഒരു ഗുണഭോക്താവ് മുഴുവൻ തുകയും കൈപ്പറ്റിയതിനു ശേഷവും തുക തിരികെ അടച്ചിട്ടുണ്ട്. നഗരസഭാ കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ ഗുണഭോക്തക്കളെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടച്ചത് | രസീത് നമ്പർ |
|---|---|---|---|
| 1 | അനിത, ചിറമേൽ വാർഡ് നം. | 44800/- | 104404/26.06.19 |
| 2 | റഷീദ,മണ്ണാശ്ശേരിൽ വാർഡ് നം. | 40960/- | 109893,94/14.10.19 |
| 3 | നിഷാന, ഇല്ലത്ത് വാർഡ് നം.2 | 40800/- | 110058,59/18.10.19 |
| 4 | സാജിത,കൊപ്രാപ്പുരയിൽ വാർഡ് നം.44 | 47200/- | 106167,68/27.11.20 |
| 5 | ഷാമില, കൊപ്രാപ്പുരയിൽ വാർഡ് നം.44 | 49200/- | 169322/05.02.21 |
| 6 | സുനി,ലൈലാ മൻസിൽ വാർഡ് നം.33 | 54500/- | 107394/02.09.21 |
| 7 | സരസമ്മ,കുന്നേൽ വാർഡ് നം.13 | 52800/- | 114360/30.03.21 |
| 8 | സീനത്ത് ,പച്ചംകുളത്ത് വാർഡ് നം.27 | 382500/- | 108936/14.09.21 |

(ഓഡിറ്റ് അന്വേഷണം നം. 06/20-21/14.01.22 ന്റെ മറുപടി പ്രകാരം തയ്യാറാക്കിയത്)

## 1-69 അഗതി രഹിത കേരളം പദ്ധതി-അവലോകനം

കായംകുളം നഗരസഭയിൽ ആശ്രയ പദ്ധതി 2005ൽ ആരംഭിച്ചു. ഒന്നാം ഘട്ടത്തിൽ 108 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 137 കുടുംബങ്ങളും ഉണ്ടായിരുന്നു. എന്നാൽ രണ്ടാം ഘട്ട പദ്ധതി നടപ്പായില്ല. പിന്നീട് ഈ പദ്ധതി അഗതി രഹിത കേരളം എന്ന് പുനർ നാമകരണം നടത്തി പദ്ധതി പ്രവർത്തനങ്ങൾ വിപുലീകരിച്ചു. അഗതി രഹിത കേരളം പദ്ധതിയിൽ നിലവിൽ 258 ഗുണഭോക്താക്കൾ ആനുകൂല്യങ്ങൾ അനുഭവിയ്ക്കുന്നു. രണ്ടാം ഘട്ട പദ്ധതി നടപ്പാകാതിരുന്നതിനാൽ അതിനായി ലഭിച്ച ചലഞ്ച് ഫണ്ട് വിഹിതം അഗതി കേരളം പദ്ധതിയ്ക്കായി ഉപയോഗിച്ചു.

1. പദ്ധതിയ്ക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ഘട്ടം | ഫണ്ട് | വകയിരുത്തൽ | ചെലവഴിച്ചത് |
|---|---|---|---|
| ഒന്ന് | ചലഞ്ച് ഫണ്ട് | 1200000 | 1201980 (പലിശ ഉൾപ്പടെ) |
| | വികസന ഫണ്ട് | 6914790 | 2389500 |
| രണ്ട് | ചലഞ്ച് ഫണ്ട് | 495667 | അഗതി രഹിത കേരളം പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ലയിപ്പിച്ചു |
| അഗതി രഹിത കേരളം | ചലഞ്ച് ഫണ്ട് | 2071176 | ചെലവ് തുടരുന്നു |

ചലഞ്ച് ഫണ്ട് വിനിയോഗം വിപുലപ്പെടുത്തണം

ഭക്ഷ്യ വസ്തുക്കളുടെ വിതരണത്തിനും കിണർ നിർമ്മാണം, വീട് വാസയോഗ്യമാക്കൽ എന്നിവയ്ക്ക് വേണ്ടിമാത്രമാണ് ഇപ്പോൾ ചലഞ്ച് ഫണ്ട് ഉപയോഗിക്കപ്പെടുന്നത്. അഗതി ആശ്രയ പദ്ധതിയിലെ മിക്ക അംഗങ്ങളും പല രോഗങ്ങൾക്കും അടിമകളാണ്. എങ്കിലും അഗതി രഹിത കേരളം പദ്ധതിയിൽ 2020-21 ൽ ൽ ഗുണഭോക്താക്കൾക്ക് കൗൺസിലിംഗ് നല്കിയതൊഴികെ മറ്റ് ചികിൽസാ സഹായം ലഭിക്കുന്നില്ല. അഗതികുടുംബങ്ങളുടെ ക്ലേശ ഘടകങ്ങൾ പരിശോധിച്ച് അവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ലഭ്യമായഫണ്ട് ചെലവഴിക്കുന്നതിനും ജീവനക്കാരും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

വിലയിരുത്തൽ സമതിയുടെ പ്രവർത്തനം

2019-20,2020-21 കാലയളവിൽ ഒരു പ്രാവശ്യം മാത്രമാണ് വിയയിരുത്തൽ സമിതി യോഗം ചേർന്നിട്ടുള്ളത്. പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിൽ 12.10.21 തീയതിലും. രണ്ടുമാസത്തിൽ ഒരിക്കൽ ഭരണ സമിതി നിർബന്ധമായും ആശ്രയപദ്ധതി നടത്തിപ്പുകൾ വിലയിരുത്തേണ്ടതാണ് എന്ന് നിബന്ധനയുണ്ട് എന്നതിനാൽ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-70 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-നഗരസഭയിൽ

ഓഡിറ്റ് വർഷമായ 2020-21-ന്റെ ആരംഭത്തോടെ ലോകത്തെയാകെ സാരമായി ബാധിച്ച കോവിഡ് 19 മഹാമാരി, നഗരത്തിന്റെ സാമൂഹിക, ആരോഗ്യ, തൊഴിൽ മേഖലകളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കോവിഡ് -പ്രസക്തമായ സ്ഥിതിവിവരങ്ങൾ:

ആകെ 7747 പേരാണ് നഗരപരിധിയിൽ കോവിഡ് ബാധിതരായത്. ഇവരിൽ 127 പേർ മരണപ്പെട്ടു. കോവിഡ് ബാധിതരിൽ 99% പേരും അതിജീവിച്ചിട്ടുണ്ട്. ഓഡിറ്റ് സമയത്ത്(1/2022) നിലവിലുള്ള കോവിഡ് ബാധിതർ 101പേരാണ്.

ഓഡിറ്റ് വർഷം കോവിഡ് പ്രതിരോധത്തിനായി നടപ്പാക്കിയ പ്രത്യേക പ്രോജക്ടുകളുടെ(പ്രോജ.നം.379/21, 416/21, 417/21)ആകെ ചെലവ് 11530602/-രൂപയാണ്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ:

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും നിർദ്ദേശാനുസരണം നഗരപരിധിയിലുള്ള രണ്ട് കൺവെൻഷൻ സെന്ററുകളിലായി സി.എഫ്.എൽ.ടി.സി-യും കമ്മ്യൂണിറ്റി കിച്ചനും നടത്തപ്പെട്ടു. 2020ജനുവരി മാസം മുതൽ അവലോകനയോഗങ്ങൾ കൂടിയിട്ടുണ്ട്. ആശാപ്രവർത്തകർ, വാർഡ് തല ജാഗ്രതാ സമിതികൾ, കമ്മ്യൂണിറ്റി കിച്ചൻ സംവിധാനം എന്നിവയിലൂടെ ആവശ്യമുള്ള രോഗികൾക്കും മറ്റും ഭക്ഷണവും മരുന്നും ലഭ്യമാക്കി, അണുനശീകരണ സംവിധാനവും പ്രവർത്തിപ്പിക്കപ്പെട്ടു. ബോധവത്കരണ പ്രവർത്തനങ്ങൾ, അനൌൺസ്മെന്റ് ഇവ നടത്തി. കണ്ടെയിൻമെന്റ് സോണുകൾക്ക് ബാരിക്കേഡുകൾ ഏർപ്പെടുത്തി. കോൾ സെന്റർ, ഹെൽപ്പ് ഡെസ്ക് ഇവയുടെ സേവനം. സ്വകാര്യ ആംബുലൻസ് സേവനം. ഹോമിയോ, ആയുർവ്വേദ പ്രതിരോധ മരുന്ന് വിതരണം എന്നിവയും നടപ്പിലാക്കി.

വാക്സിനേഷൻ വിവരം:

ആകെ ജനസംഖ്യയായ 76812-ൽ പതിനെട്ട് വയസ്സിന് മുകളിൽ പ്രായമുള്ള 63396 പേർക്ക് വാക്സിൻ എടുക്കാൻ ലക്ഷ്യം വച്ചിരുന്നതിൽ 62108പേർക്ക് പ്രതിരോധ വാക്സിൻ നല്കപ്പെട്ടു. വാക്സിനേഷൻ എടുക്കുന്നത് വിസമ്മതിച്ചിട്ടുള്ളത് 452പേരാണ്. 444വ്യക്തികൾക്ക് ബൂസ്റ്റർ ഡോസും നല്കിയിട്ടുണ്ട്.

(*അവലംബം: ഓഡിറ്റ് എൻക്വയറിയിന്മേൽ നഗരസഭയിൽ നിന്ന് ലഭ്യമാക്കിയ മറുപടി)

## 1-71 പെൻഷൻ കോൺട്രിബ്യൂഷൻ-തനതു ഫണ്ടിന് അധിക ബാദ്ധ്യത

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് -കം -റിട്ടയർമെന്റ് ബെനിഫിറ്റ്)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രൂപീകൃതമായ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭയിലെ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% വീതം പ്രതിമാസം ഒടുക്ക വരുത്തേണ്ടതാണ്. മേൽ ചട്ടത്തിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യം നല്കുന്നതിനു വേണ്ടി സെക്രട്ടറി ട്രഷറിയിലോ, ദേശസാല്കൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന

പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നുള്ള തുക ഈ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതും ഇത് പെൻഷൻ വിതരണത്തിനല്ലാതെ മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. കായംകുളം നഗരസഭ റഗുലർ ജീവനക്കാർക്കായി ഇപ്രകാരം അക്കൗണ്ട് കാനറാ ബാങ്ക് കായംകുളം ശാഖയിൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ കണ്ടിജന്റ് ജീവനക്കർക്കായി പെൻഷൻ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

റഗുലർ ജീവനക്കാർക്കായി പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് തുക അടയ്ക്കുന്നില്ല എന്നാണ് പെൻഷൻ ഫണ്ട് സംബന്ധമായ ഓഡിറ്റ് അന്വേഷണം നം.14/20-21/19.01.22 നുള്ള മറുപടിയായി അറിയിച്ചിട്ടുള്ളത്. തുക കൃത്യമായി അടയ്ക്കാത്തതിനാൽ പെൻഷൻ ഫണ്ട് അനുവദിയ്ക്കുമ്പോൾ നഗരസഭാ വിഹിതം തട്ടിക്കിഴിച്ച് ബാക്കിയുള്ള തുകയാണ് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ലഭിയ്ക്കുന്നത്. തനതുഫണ്ടിൽ നിന്നാണ് റഗുലർ/കണ്ടിജന്റ് ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിയ്ക്കുന്നത്. ഇത് തനതു ഫണ്ടിന് അധിക ബാധ്യതയുണ്ടാക്കുന്നു.

പെൻഷൻ വിതരണം കൃത്യവും കാര്യക്ഷമവുമാക്കുവാനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ മൂലം നഗരസഭയ്ക്ക് നഷ്ടം

നഗരസഭാ കൌൺസിലിന്റെ 20.12.11 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് 120 രൂപയാണ്. എന്നാൽ 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള താഴെപ്പറയുന്ന ഷോപ്പിംഗ് മാളുകൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് 120 രൂപയിലും താഴെയാണ് കണക്കാക്കിയിരിക്കുന്നത്. ഇതു മൂലം നഗരസഭയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ട്.

| ക്രമ നം | കെട്ടിട നമ്പർ ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടത്തിന്റെ വിസ്തീർണ്ണം (പ്ലിന്ത് ഏരിയ) ച.മീ | 120 രൂപ നിരക്കിൽ ഈടാക്കേണ്ടs അടിസ്ഥാന വസ്തു നികുതി | ഇളവ്/ വർദ്ധനവ് ശതമാനം | വർദ്ധനവോട് കൂടിയ വസ്തു നികുതി | 5 ശതമാനം ലൈ ബ്രറി സെസ്സ്, 10 ശതമാനം സേവന നകുതി യോടു കൂടി ഈടാക്കേണ്ട ആകെ നികുതി | ഡിമാന്റ് നോട്ടീസ് തീയതി | ഡിമാന്റ് നോട്ടീസ് പ്രകാരം ഡിമാന്റ് ചെയ്ത വസ്തു നികുതി | ഡിമാന്റി ലുള്ള കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | എ.ജെ.ഷാജഹാൻ അഷ്ടമന പുരയിടത്തിൽ കായംകുളം<br><br>9/941<br>9/942<br>9/943<br>9/944<br>9/945<br>9/946 | 16.5<br>116.58<br>81.05<br>87.75<br>152.11<br>16.5<br>----------<br>470.49 | 56459 | -10 റൂഫ് (87.75)<br>+20 വഴി(470.49)<br>+10 എ.സി(116.58) | 1053(-)<br>11292<br>1399<br>-------------<br>70203 | 80733 | 18.05.20 | 1822<br>13942<br>8950<br>8880<br>16794<br>1822<br>---------------<br>52210 | 28523 |
| 2 | അഹമ്മദ് കുഞ്ഞ് വലിയത്ത് വടക്കേതിൽ 10/444 | 292.89 | 35147 | +20 വഴി | 42176 | 48502 | 15.01.21 | 36378 | 12124 |
| 3 | ഷിഹാബുദ്ദീൻ കിഴക്കേടത്തു കിഴക്കേതിൽ 28/463 | 699.67 | 83960 | -10 റൂഫ്<br>+20 വഴി | 92356 | 106209 | 27.08.20 | 70810 | 35399 |
| 4 | സബാദ്, ആൻസി മാത്തിലയ്യത്ത് കീരിക്കാട് 39/699 | 225.29 (വരാന്ത യുടെ വിസ്തീർണ്ണം ഉൾപ്പടെ) | 27035 | -10 റൂഫ്<br>+20 വഴി | 29738 | 34199 | 15.01.21 | 23524 | 10675 |
| 5 | ബിജു, ബിന, മോഹനൻ 11/614 | 957.99 | 114959 | -10 റൂഫ്<br>+20 വഴി | 126455 | 145423 | 21.01.21 | 48070<br>48070<br>--------- | 49283 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 11/615 | | | | | | | 96140 | |
| 6 | താഹാകഞ്ഞ് 3/389 | 402.15 | 48258 | -10 റൂഫ് +20 വഴി | 53084 | 61046 | 12.01.21 | 40700 | 20346 |
| ആകെ | | | | | | | | | 156350 |

കുറവായി ഡിമാന്റ് ചെയ്ത തുക 156350/- രൂപ ഈടാക്കി നഗരസഭയുടെ നഷ്ടം നികത്തേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 2-2 റോഡ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിലെ അപാകതമൂലം നഗരസഭയ്ക്ക് നഷ്ടം

പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർ റോഡ്സിന്റെ 30.03.19 ലെ സർക്കലർ No.CE/R&B/GL-RC/2/2019 ലെ നിർദ്ദേശ പ്രകാരം ബ്ലാക്ക് ടോപ്പ് സർഫസിന്റെ മിനിമം എക്സ്കവേഷൻ വീതി 1 മീറ്ററായി എടുത്തു വേണം റെസ്റ്റോറേഷൻ ചാർജ് കണക്കാക്കാൻ (In Case Of BT Surface The Minimum Restoration Width Taken For Proper Compaction Shall Be One Meter). GO (RT) No.1366/2019/LSGD Dated 03.07.19 പ്രകാരം റേറ്റിൽ ജി.എസ്.ടി ഉൾപ്പെട്ടിട്ടില്ലെങ്കിൽ എസ്റ്റിമേറ്റിന്റെ 12% ജി.എസ്.റ്റി ചുമത്തേണ്ടതാണ്. താഴെപ്പറയുന്നവർ ഒടുക്കേണ്ട റെസ്റ്റോറേഷൻ ചാർജ് കണക്കാക്കിയപ്പോൾ മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടില്ല. തന്മൂലം നഗരസഭയ്ക്കും കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കുമുണ്ടായ നഷ്ടത്തിന്റെ വിശദാംശം താഴെച്ചേർക്കുന്നു. നഷ്ടം മുനിസിപ്പൽ എൻജിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

| ക്രമ നം | പേര്, മേൽ വിലാസം | ട്രഞ്ച് വിസ്തീർണ്ണം ച.മീറ്റർ | നിരക്ക് | ഈടാക്കേണ്ട റോഡ് റെസ്റ്റോറേഷൻ ചാർജ് | ഈടാക്കിയത് | രസീത് നം/ തീയതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | സുരേഷ്,1/61D തണ്ടശ്ശേരിൽ കീരിക്കാട് | 3.2x1=3.2 | 3179.04 | 10173 | 5090 (3.2x0.5x3179.04) | 120010109082 /02.02.21 | 5083 |
| 2 | നസീമ, 32/287 ബോട്ട് ജെട്ടി, ചിറക്കടവം | 3x1=3 | 3090.57 | 9272 | 4636 (3x0.5x3090.57) | 1200101104489 /27.1020 | 4636 |
| 3 | ഷറഫുദ്ദീൻ, 24/350A, അക്കരവീട്, പുതിയിടം | 2.9x1=209 | 3090.57 | 8963 | 4482 (2.9x0.5x3090.57) | 120010106362 /01.12.20 | 4481 |
| ആകെ | | | | | | | 14200 |

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ചെയ്ത പ്രവൃത്തിയുടെ മൂല്യത്തേക്കാൾ അധികം നൽകിയത് 2.85 ലക്ഷം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കാഷ്യു ഫാക്ടറി റോഡ് മെയിന്റനൻസ് |
| പ്രോജക്ട് നമ്പർ | S0397/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അബ്ദുൾ റഹിം |
| അളവു പുസ്തകം | 127/19-20 , 19/20-21 |
| ചെലവ് വിവരം | ബിൽ നമ്പർ 8/15-04-20 രൂപ 182933/-<br>ബിൽ നമ്പർ 91/20-05-20 രൂപ 50062/-<br>ബിൽ നമ്പർ 163/11-11-20രൂപ 345472/- |

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 54.9 % കോസ്റ്റ് ഇൻഡക്സ് നൽകിയാണ്. അതിനാൽ GST പ്രൊവിഷൻ നൽകിയിരുന്നില്ല. എന്നാൽ 3 Rd & പാർട്ട് ബിൽ നൽകിയപ്പോൾ GST യിനത്തിൽ 10% (31407/-)ഉൾപ്പെടെയുള്ള തുക അനുവദിച്ചു കൂടാതെ മൂന്നാം പാർട്ട് ബിൽ പ്രകാരം വരുന്ന തുകയായ 81070/- രൂപയ്ക്കു

പകരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യമായ 314065/- രൂപ ഉൾപ്പെടെ കരാറുകാരന് നൽകിയതിനാൽ 2.85 ലക്ഷം രൂപ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

എ)അനുവദിച്ച തുക

| | | |
|---|---|---|
| ഒന്നാമത്തെ പാർട്ട് ബിൽ പ്രകാരം പിൻവലിച്ച തുക | 182933 | ബിൽ നമ്പർ 8/15-04-20 |
| രണ്ടാമത്തെ പാർട്ട് ബിൽ പ്രകാരം പിൻവലിച്ച തുക | 50062 | ബിൽ നമ്പർ 91/20-05-20 |
| മൂന്നാമത്തെ പാർട്ട് ബിൽ പ്രകാരം പിൻവലിച്ച തുക | 345472 | ബിൽ നമ്പർ 163/11-11-20 |
| ആകെ | 578467 | |

ബി) അനുവദിക്കേണ്ട തുക

| | |
|---|---|
| 3 Rd & പാർട്ട് ബിൽ പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം | 314065 |
| കുറയ്ക്കുക | |
| ആദായ നികുതി (1%) - 3141 | |
| KCWWF(1%) - 3141 | |
| CGST(1%) - 3141 | |
| SGST(1%) - 3141 | |
| റിടെൻഷൻ (2.5%) - 7852 | (-) 20416 |
| | 293649/- |

അധികം നൽകിയത് 578467 – 293649 = 284818/-ടി തുക കരാറുകാരനിൽ നിന്നും 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

ടാറിംഗ് ഉൾപ്പെട്ടിട്ടുള്ള മേൽപ്രവൃത്തിയിൽ മെറ്റലിംഗ് (WMM) ചെയ്തതിനു ശേഷം തുടർ പ്രവൃത്തികൾ കരാറുകാരൻ ചെയ്തതിന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തൽ ഇല്ല. തന്നെയുമല്ല ബാക്കി പ്രവൃത്തികൾ നടത്തുന്നതിനായി സ്പിൽഓവറായി പ്രോജക്ടും തുടർന്നുള്ള വർഷം ഏറ്റെടുത്തിട്ടില്ല. പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു.പെയിന്റിംഗിന് ആവശ്യമില്ലാത്ത ഇനം ചെയ്ത് അധികച്ചെലവു വരുത്തി. അധികം ചെലവഴിച്ചത് 71320/-രൂപ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കായംകുളം BEd സെന്ററിന്റെ ഒന്നാം നില നിർമ്മാണം |
| അടങ്കൽ | 33ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| കരാറുകാരൻ | അബ്ദുൾ ലത്തീഫ് |
| ക്വോട്ടുചെയ്ത നിരക്ക് | 2816286.26 (11.70% കുറവ്) |
| അളവു പുസ്തകം | 234/18-19, 23/19-20 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 2448449 |
| ചെലവ് വിവരം | ചെക്ക് നമ്പർ 2106735/14-10-19 രൂപ 1443320/-<br>ചെക്ക് നമ്പർ 2112786/01-06-20 |

| | |
|---|---|
| | രൂപ 1005129/- |

ശ്രീ. സോമപ്രസാദ് എം.പി (രാജ്യസഭ) യുടെ പ്രാദേശിക വികസന ഫണ്ടിൽഉൾപ്പെടുത്തി ചെയ്ത കായംകുളം BEd സെന്ററിന്റെ ഒന്നാം നില നിർമ്മാണം എന്ന പ്രവൃത്തിക്ക് 33 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി പ്രവൃത്തിയിലെ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള ഇനങ്ങൾക്ക് ഇ- ടെണ്ടർ നടത്തുകയും അതിൽ സമർപ്പിക്കപ്പെട്ട കുറഞ്ഞ തുക (2816286/- 11.70% കുറവ്) ക്വോട്ടുചെയ്ത ശ്രീ. അബ്ദുൾ ലത്തീഫിന് കരാർ നൽകുകയും ചെയ്തു.

എ) നിലവിലുള്ള ഗ്രൗണ്ട് ഫ്ളോറിന് മുകളിൽ ഒന്നാം നില (Up Stair) നിർമ്മിക്കുന്നതിന് ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം ( ഇനം 6) സ്പെസിഫിക്കേഷൻ കോഡ് 50.6.2.3 പ്രകാരമുള്ള Solid Block Masonary Of Size 30x20x15 Cm For Superstructure Above Floor Two Level Up To Floor Five Level Thickness 15cm In Cm 1:6 എന്നതിനുള്ള 6966.73/$m^3$ (കോസ്റ്റ് ഇൻഡക്സ് 54.9%)നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തത്. ഇതനുസരിച്ച് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കായ 6151.62/$m^3$ ആണ് മേൽ ഇനത്തിന് അനുവദിച്ചിരിക്കുന്നത്. ടി കെട്ടിട നിർമ്മാണം ഒന്നാം നില വരെയാണ് ചെയ്യാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയതും നിർമ്മിച്ചിട്ടുള്ളതും. അതിനാൽ ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം സ്പെസിഫിക്കേഷൻ കോഡ് 50.6.2.2 പ്രകാരമുള്ള Solid Block Masonary Of Size 30x20x15 For Superstructure Up To Floor Two Level Thickness 15cm In Cm 1:6 എന്നതിനുള്ള 6218.57/$m^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കരാറുകാരൻ ക്വോട്ടുചെയ്ത നിരക്ക് | 11.70% കുറവ് |
| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ട നിരക്ക് | 6218.57/$m^3$ |
| അനുവദിക്കേണ്ട നിരക്ക് | 5491 [6218.57 – 727.57 (11.70% കുറവ്)} |
| അനുവദിച്ച തുക | 37.18 $M^3$ @6151.62 $M^3$ = 228717 |
| അനുവദനീയമായ തുക | 37.18 $M^3$ @5491 = 204155 |
| അധികം നൽകിയത് | 24562 (228717 – 204155) |

അധികം നൽകാനിടയായ തുക (24562/-)എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി)ആലപ്പുഴ ജില്ലാ കലക്ടറുടെ 13-12-19 ലെ നടപടി ക്രമ ഉത്തരവ് നമ്പർ 2595/2018-19 /DPO/ALP/MPLADS/SP പ്രകാരം ടി പ്രവൃത്തി 31-08-19 ൽ പൂർത്തികരിക്കേണ്ടതായിരുന്നു. എന്നാൽ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ ജില്ലാ കലക്ടറുടെ 27-12-18ലെ നടപടി ക്രമ ഉത്തരവ് നമ്പർ 2595/2018-19 /DPO/ALP /MPLADS/SP പ്രകാരമുള്ള പിഴ ഈടാക്കുന്നതിന് വിധേയമായി 30-12-19 വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. മേൽ ഉത്തരവു പ്രകാരമുള്ള ഫൈൻ ആദ്യ മൂന്നു മാസത്തേക്ക് കരാർ തുകയുടെ @1% (കുറഞ്ഞത് 300 പരമാവധി 15000) ആണ്. പ്രവൃത്തി പൂർത്തീകരിച്ചത് 30-11-19 ലാണ്. അതിനാൽ ഈടാക്കേണ്ടുന്ന ഫൈൻ 15000/- (കരാർ തുക 2816286 @1% = 28162/- ക്ലിപ്തപ്പെടുത്തി നൽകുന്നത് 15000).ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

സി)ടി പ്രവൃത്തിയുടെ 24-ാം ഇനം സ്പെസിഫിക്കേഷൻ കോഡ് 13.47.1 Finishing Walls With Premium Acrylic Smooth Exterior Paint With Silicone Additives Of Required Shade New Work (Two Or More Coats Applied @1.43 Litre/10sqm Over And Including Priming Coat Of Exterior Primer Applied @2.20/10sqm) ആണ്. ഈയിനം 1093.81$m^2$ ചെയ്തതിൽ എസ്റ്റിമേറ്റ് അളവായ 890$m^2$ ൽ ക്ലിപ്തപ്പെടുത്തി @132.39/$m^2$ നിരക്കിൽ 117827/- രൂപ കരാറുകാരന് അനിവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ 18-ാം ഇനം സ്പെസിഫിക്കേഷൻ കോഡ് 13.43.1 Applying One Coat Of Water Thinnable Cement Primer Of Approved Brand And Manufacture On Wall Surface Water Thinnable Cement Primer ആണ്. ഈയിനം 1093.83 $M^2$ ചെയ്തതിൽ എസ്റ്റിമേറ്റ് അളവായ 925.16$m^2$ ൽ ക്ലിപ്തപ്പെടുത്തി @50.54/$m^2$ നിരക്കിൽ 46758/- രൂപ കരാറുകാരന് അനിവദിച്ചിട്ടുണ്ട്. 24-ാം ഇനത്തിൽ പ്രൈമർ അടിക്കുന്ന ഇനം ഉൾപ്പെട്ടിട്ടുള്ളതിനാൽ 18-ാം ഇനത്തിന്റെ ആവശ്യമില്ല. അതിനാൽ 18-ാം ഇനത്തിന് അനുവദിച്ച തുക (46758/- രൂപ)

അധികം നൽകിയ തുക ആകെ - 24562 + 15000 + 46758 = 86320/- ടി തുകയിൽ 71320/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ഫൈൻ ഇനത്തിലുള്ള 15000/- രൂപ ഫൈനൽ ബിൽ പ്രകാരം തുക നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തിക്ക് GST അനുവദിച്ചു.

അധികം ചെലവഴിച്ചത് 64129/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വളയിക്കകത്ത് റോഡ് മെയിന്റനൻസ് |
| പ്രോജക്റ്റ് നമ്പർ | S0454/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അഷറഫ്. ഇ.എം |
| അളവു പുസ്തകം | 167/19-20 |
| കരാർ തുക | 658739.49 |
| ചെലവ് വിവരം | ബിൽ നമ്പർ 202/27-02-21 രൂപ 500000/-<br>ബിൽ നമ്പർ 210/27-02-21 രൂപ 118897/- |

ടി പ്രവൃത്തിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് അനുസരിച്ച് നിലവിലുള്ള ഓട പൊളിച്ച് പുതിയ ഓട നിർമ്മിക്കുക എന്നതാണ്. ഇതിന് 54.9% കോസ്റ്റ് ഇൻഡക്സ് നൽകി GST പ്രൊവിഷൻ ഇല്ലാതെ 671000 രൂപയുടെ അടങ്കലിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ഇത് ഇ-ടെണ്ടർ ചെയ്തപ്പോൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. അഷറഫ് ആണ് ടി പ്രവൃത്തിക്ക് കരാർ വെച്ചിട്ടുള്ളത്. നിലവിൽ ടി സ്ഥലത്ത് പ്രവൃത്തി ഏറ്റെടുക്കുവാൻ സാധിക്കാത്തതിനാൽ ടി സ്ഥലത്തോട് ചേർന്ന് പുതിയ ഓട നിർമ്മിക്കേണ്ട പ്രവൃത്തി ഏറ്റെടുക്കേണ്ടത് അനിവാര്യമാകയാൽ പുതിയ ഓട നിർമ്മാണത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. ഈ എസ്റ്റിമേറ്റിലെ നിരക്കും 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് കൂടാതെ GST തുകയും കൂടി ഉൾപ്പെടുത്തിയാണ് അടങ്കലിന് സാങ്കേതികാനുമതി വാങ്ങിയിരിക്കുന്നത്. 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയിരിക്കുന്നതിനാൽ GST അനുവദനീയമല്ല. എന്നാൽ GST ഉൾപ്പെടെയുള്ള തുകയാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. ഇത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | അനുവദിച്ചത് | അനുവദനീയമായ തുക |
|---|---|---|
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 549059.60 | 549059.60 |
| (+)GST 12% | 65887.15 | 0 |
| ആകെ | 614946.75 | 549059.60 |
| (-) ആദായ നികുതി | 6149 | 5491 |
| (-)KCWWF | 6149 | 5491 |
| (-)CGST | 6149 | 5491 |
| (-)SGST | 6149 | 5491 |
| (-)ഫൈൻ 2% | 12299 | 13175 (കരാർ തുകയുടെ 2%) |
| | 578051.75 | 513920.60 |

അധികം നൽകിയത് - 578052 – 513921 = 64129/-അധികം നൽകാനിടയായ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 36/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

3-4 GST തുക രണ്ടു തവണ പിൻവലിച്ചു. അധികം പിൻവലിച്ചത് 59299/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഇല്ലിക്കളത്ത് റോഡ് കോൺക്രീറ്റിംഗും സ്ലാബ് നിർമ്മാണവും |

| | |
|---|---|
| പ്രോജക്ട് നമ്പർ | S0253/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ഷാരൂൺഷ |
| അളവു പുസ്തകം | 32/19-20 |
| ചെലവ് വിവരം | ബിൽ നമ്പർ 118/09-11-20 രൂപ 652292/-<br>ബിൽ നമ്പർ 189/27-01-21 രൂപ 119539/- |

മേൽ പ്രവൃത്തിയുടെ GST 12% ഉൾപ്പെടെ വരുന്ന മൂല്യം 712532/- രൂപയാണ്. എന്നാൽ മേൽ സൂചിപ്പിച്ച രണ്ടു ബില്ലുകളിലായി 771831/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചു. അധികമായി പിൻവലിച്ചത് 59299/- രൂപ (771831-712532). ടി തുക ഒന്നാം പാർട്ട് ബിൽ പ്രകാരമുള്ള പ്രവൃത്തിയുടെ മൂല്യമായ 592993 രൂപയുടെ GST 10% ആണ്. ടി തുക ഒന്നാംപാർട്ട് ബിൽ പ്രകാരം ട്രഷറിയിൽ നിന്നുംപിൻവലിച്ച് Sale Of Empties And Waste എന്ന ഇനത്തിൽ നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ ( അക്കൗണ്ട് നമ്പർ 707031400000005)നിക്ഷേപിച്ചിരിക്കുന്നു. ഇത് കൂടാതെയാണ് രണ്ടാം പാർട്ട് ബില്ലിൽ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യമായ 636190/- രൂപയുടെ 12% GST 76343/- രൂപ ഉൾപ്പെടെ വീണ്ടും പിൻവലിച്ചത്. ഇക്കാരണത്താലാണ് 59299/- രൂപ അധികം പിൻവലിക്കാനിടയായത്. ടി തുക ഗവൺമെന്റിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 35/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല

## 3-5 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന് GST നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | നായ്ക്കൻ പറമ്പ് മൂലയിൽ റോഡ് റീടാറിംഗ് |
| പ്രോജക്ട് നമ്പർ | S0396/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | അബ്ദുൾ റഹിം |
| അളവു പുസ്തകം | 441/20-21 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം<br>അനുവദിച്ച GST (12%)<br>ആകെ | 446260<br>53551<br>499811 |
| ചെലവ് വിവരം | ബിൽ നമ്പർ 163/30-1120 രൂപ 499811/- |

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയാണ്. അതിനാൽ ഒറിജിനൽ എസ്റ്റിമേറ്റിൽ GST പ്രോവിഷൻ ഉൾപ്പെടുത്തിയിരുന്നില്ല. ഇതനുസരിച്ചാണ് ടെണ്ടർ ചെയ്ത് കരാർ വെച്ചിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ എക്സ്ട്രാ ഇനങ്ങളുടെ നിരക്ക് 54.9% കോസ്റ്റ് ഇൻഡക്സ് നൽകി തയ്യാറാക്കുന്നതിന് പകരം 48.71% കോസ്റ്റ് ഇൻഡക്സ് നൽകിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഫൈനൽ ബിൽപ്രകാരം കരാറുകാരന് തുക നൽകിയപ്പോൾ 12%GST ഉൾപ്പെടെ തുക അനുവദിച്ചു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന് GST നൽകേണ്ടതില്ല. എന്നാൽ ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന് മൊത്തമായിGST അനുവദിച്ചത് അധികം നൽകാനിടയാക്കി. അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| 54.9% കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തികൾ | ഒറിജിനൽ, പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട നിരക്ക് | കരാറുകാരൻ ക്വോട്ടു ചെയ്ത നിരക്ക് | പ്രവൃത്തിയുടെ മൂല്യം |
|---|---|---|---|
| പ്ലാസ്റ്റിക്ക് റോഡ് ചിപ്പിംഗ് കാർപ്പെറ്റ് | $192.09/m^2$ | $192.09/m^2$ | $792M^2$ @192.09 = 152135.28 |

| | | | |
|---|---|---|---|
| സീൽ കോട്ട് | 81.16/$m^2$ | 81.16/$m^2$ | 792m2 @ 81.16 = 64278.78 |
| ആകെ | | | 216414. |
| 48.71%കോസ്റ്റ് ഇൻഡക്സ് നൽകിയ നിരക്കിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യം | | | 229846 |
| അനുവദിച്ച GST (12%) | | | 53551 |
| അർഹമായ GST (229846 @12%) | | | 27582 |
| അധികം നൽകിയത് | | | 25969 |

അധികം നൽകിയ 25969/- രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 36/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-6 വാർഡ് 25ലെ അംഗൻവാടി നിർമ്മാണം-സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു.പ്രവൃത്തിയിൽ പല ഇനങ്ങളിലായി അധികം ചെലവഴിച്ചത് 51375/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വാർഡ് 25ലെ അംഗൻവാടി നിർമ്മാണം |
| അടങ്കൽ | 15 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| കരാറുകാരൻ | ഷാനവാസ് |
| ക്വോട്ടുചെയ്ത നിരക്ക് | 1247499.80 (0.69% കുറവ്) |
| അളവു പുസ്തകം | 131/19-20 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 1251159 (12% GST ഉൾപ്പെടെ) |
| ചെലവ് വിവരം | ചെക്ക് നമ്പർ 711557/08-03-21 രൂപ 1251159/- |

ശ്രീ. എ.കെ. ആന്റണി എം.പി (രാജ്യസഭ) ലാഡ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത പ്രവൃത്തിയാണ് വാർഡ് 25ലെ അംഗൻവാടി നിർമ്മാണം

എ) ഇതിൽ 9 കോളങ്ങൾ 0.30 X0.20 X 2.25 മീറ്റർ വലിപ്പത്തിൽ ലിന്റൽ വരെ നിർമ്മിച്ചിട്ടുണ്ട്. (അളവു പുസ്തകം പേജ് 16). കെട്ടിടത്തിന്റെ ഭിത്തി നിർമ്മിച്ചിരിക്കുന്നത് 30x20x20 സ്പെസിഫിക്കേഷനിലുള്ള സോളിഡ് ബ്ലോക്ക് മേസനറിയിലാണ്. ഇത് 21.83 $M^3$ ചെയ്തതിന് @6575/$m^3$ നിരക്കിൽ 143532/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഭിത്തിയുടെ ഭാഗമായി വരുന്ന 9 കോളങ്ങളുടെ അളവ് കുറവു ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം നൽകാനിടയായി.

കുറവു ചെയ്യേണ്ടിയിരുന്ന അളവ് -- 9 X0.30 X0.20 X2.10 = 1.134$m^3$

അധികം നൽകിയ തുക - 1.134 $M^3$ @6575 = 7456 +895(12% GST) = 8351/-ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി)ലിന്റൽ നിർമ്മിച്ചതിന് മുകളിൽ ബാക്കി വരുന്ന കോളങ്ങളുടെ ഭാഗം നിർമ്മിക്കുന്നതിനായി താഴെപ്പറയും വിധം സ്റ്റീൽ റീഇൻഫോഴ്സ്മെന്റും സെന്ററിംഗ് & ഷട്ടറിംഗും ചെയ്തിതിന് തുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| സ്റ്റീൽ റീഇൻഫോഴ്സ്മെന്റ് (അളവു പുസ്തകം പേജ് -27) | 198.25 Kg @83 = 16455 |
| സെന്ററിംഗ് & ഷട്ടറിംഗ് (അളവു പുസ്തകം പേജ് -28) | 9$m^2$ @695.50 = 6260 |
| ആകെ | 22715 + 2726 (12%GST) = 25441/- |

എന്നാൽ കോളങ്ങളുടെ ബാക്കി ഭാഗം RCC ചെയ്തതിന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തൽ ഇല്ല. അതിനാൽ ടി തുകയും (25441/-)കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

സി) ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം (ഇനം 16) സ്പെസിഫിക്കേഷൻ കോഡ് 50.6.1.6 പ്രകാരമുള്ള Solid Block Masonary Of Size 30x20x20 For Superstructure Above Floor Two Level Up To Floor Five Level Thickness 20cm And Above In Cm 1:6 എന്നതിനുള്ള 6601.60/$m^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തത്. ഇതനുസരിച്ച് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കായ 6575/$m^3$ ആണ് മേൽ ഇനത്തിന് അനുവദിച്ചിരിക്കുന്നത്. അംഗൻവാടി കെട്ടിട നിർമ്മാണം ഒറ്റ നിലയിലാണ് ചെയ്യാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയതും നിർമ്മിച്ചിട്ടുള്ളതും. അതിനാൽ ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം (ഇനം 16) സ്പെസിഫിക്കേഷൻ കോഡ് 50.6.1.5 പ്രകാരമുള്ള Solid Block Masonaof Size 30x20x20 For Superstructure Up To Floor Two Level Thickness 20cm And Above In Cm 1:6 എന്നതിനുള്ള 5883.33/$m^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കരാറുകാരൻക്വോട്ടുചെയ്ത നിരക്ക് | 0.69% കുറവ് |
| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ട നിരക്ക് | 5883.33/$m^3$ |
| അനുവദിക്കേണ്ട നിരക്ക് | 5842.73 [5833.33 – 40.69 (0.69% കുറവ്)} |
| അനുവദിച്ച തുക | 21.83 M3 @6575 = 143532 |
| അനുവദനീയമായ തുക | 21.83 $M^3$ @5842.73 = 127547 |
| അധികം നൽകിയത് | 15985 (143532 – 127547)<br>(+) GST 10% --1598<br>ആകെ 17583 |

അധികം നൽകാനിടയായ തുക (17583)കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്

അധികം നൽകാനിടയായ ആകെ തുക – 8351 + 25441 + 17583 = 51375/-കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്

അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 38/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-7 ടാർവീപ്പയുടെ വില ഈടാക്കിയില്ല.നഷ്ടം 46084/-

താഴെപ്പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബിൽ പ്രകാരം തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില ബില്ലിൽ നിന്നും കുറവു ചെയ്തില്ല. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) രൂപയാണ്. ടാർ വീപ്പയുടെ വില ഈടാക്കാതിരുന്നതിനാൽ കരാറുകാർക്ക് അധികം നൽകാനിടയായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച SS1, RS1, ബിറ്റ്യുമിന്റെ അളവ് | ഈടാക്കേണ്ട വില @281 | കരാറുകാരൻ | ചെലവു വിവരം |
|---|---|---|---|---|---|
| 1 | ചെമ്പകപ്പള്ളി - നൈനൈരേത്ത റോഡ് കോൺക്രീറ്റിംഗ് | SS1-1534kg<br>RS1-262kg<br>ബിറ്റ്യുമിൻ - 2627 Kg | 19 @281 =5339 | മുഹമ്മദ് സാദിക്ക് | 117/09-11-20<br>രൂപ 716624/- |
| 2 | ഐക്യജംഗ്ഷൻ ഒതനാകുളം റോഡ് പുനരുദ്ധാരണം | SS1-635kg<br>RS1-280kg<br>ബിറ്റ്യുമിൻ - 2175kg | 20 @281 = 5620 | ഷൗക്കത്ത് | 98/09-06-20<br>രൂപ 747851/- |
| 3 | ആലക്കമുറി-പട്ടാശ്ശേരിൽ റോഡ് റീടാറിംഗ് | RS1-80kg<br>ബിറ്റ്യുമിൻ - 839 Kg | 6 @281 =1686 | സുരേഷ് | 139/13-11-20<br>രൂപ 170529/- |
| 4 | ഒറക്കാശ്ശേരി പടികവാതിക്കൽ റോഡ് | SS1-644kg<br>RS1-269kg | 19 @281 = 5339 | അബ്ദുൾ ലത്തീഫ് | 104/16-10-20<br>രൂപ 612158/- |

| | | | | | |
|---|---|---|---|---|---|
| | , മച്ചാൻകുളങ്ങര റോഡ് റീടാറിംഗ് | ബിറ്റുമിൻ – 2124 Kg | | | |
| 5 | ചേരാവള്ളി ക്ഷേത്രത്തിന് കിഴക്ക് റോഡ് ടാറിംഗ് റീടാറിംഗ് | SS1-242kg RS1-159kg ബിറ്റുമിൻ – 1530 Kg | 13 @281 = 3653 | ശശിധരൻപിള്ള | 377/23-10-20 രൂപ 585255/- |
| 6 | പിച്ചനാട്ട് ചിറയിൽ റോഡ് റീടാറിംഗ് | SS1-179kg RS1-90kg ബിറ്റുമിൻ - 802 Kg | 7 @281 =1967 | അഷറഫ് .ഇ.എം | 22/15-04-20 രൂപ 229098/- |
| 7 | ഷഹിദർ പള്ളി റോഡ് നവീകരണം | RS1-202kg ബിറ്റുമിൻ – 2234 Kg | 15 @ 281 = 4215 | അഷറഫ് .ഇ.എം | 24/15-04-20 രൂപ 291880/- |
| 8 | കുറ്റിയിൽ കുളങ്ങര റോഡ് റീടാറിംഗ് | SS1-188kg RS1-95kg ബിറ്റുമിൻ - 816 Kg | 7@281 =1967 | അഷറഫ് .ഇ.എം | 20/15-04-20 രൂപ 241765/- |
| 9 | കളിയക്കൽ ജംഗ്ഷൻ റയിൽവേ സ്റ്റേഷൻ റോഡ് റീടാറിംഗ് | RS1-257kg ബിറ്റുമിൻ - 781 Kg | 7 @281 = 1967 | അഷറഫ് .ഇ.എം | 131/13-11-20 രൂപ 122415/- |
| 10 | കാര്യാത്ത് ഗുരുമന്ദിരം റോഡ് റോഡ് റീടാറിംഗ് | SS1-102kg RS1-74kg ബിറ്റുമിൻ - 988 Kg | 9 @281 = 2529 9വീപ്പയുടെ വില കുറവ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും കുറവ് ചെയ്തില്ല | അഷറഫ് .ഇ.എം | 132/13-11-20 രൂപ 194062/- |
| 11 | ഊടത്തിൽ കിഴക്കേതിൽ റോഡ് റീടാറിംഗ് | SS1-242kg RS1-111kg ബിറ്റുമിൻ - 959 Kg | 9 @281 = 2529 | അഷറഫ് .ഇ.എം | 116/27-10-20 രൂപ 287216/- |
| 12 | മട്ടപ്പള്ളിൽ റോഡ് റീടാറിംഗ് | SS1-179kg RS1-76kg ബിറ്റുമിൻ - 679 Kg | 6 @281 = 1686 | അഷറഫ് .ഇ.എം | 114/27-10-20 രൂപ 180308/- |
| 13 | നിറയിൽമുക്ക് റയിൽവേ സ്റ്റേഷൻ റോഡ് റീടാറിംഗ് | RS1-139kg ബിറ്റുമിൻ – 1435 Kg | 10 @281 = 2810 | അഷറഫ് .ഇ.എം | 129/13-11-20 രൂപ 194979/- |
| 14 | കണ്ടാളനട ഗവേഷണം റോഡ് റീടാറിംഗ് | SS1-204kg RS1-64kg ബിറ്റുമിൻ - 687 Kg | 6 @281 = 1686 | അഷറഫ് .ഇ.എം | 115/27-10-20 രൂപ 287216/- |
| 15 | കൻകാലിക്കൽ മന്നംപള്ളി റോഡ് റീടാറിംഗ് | SS1-175kg RS1-57kg | 4 @281 = 1124 | അബ്ദുൾ ലത്തീഫ് | 64/13-05-20 രൂപ 200464/- |

| | | | | | |
|---|---|---|---|---|---|
| | | ബിറ്റുമിൻ - 434 Kg | | | |
| 16 | റെയിൽവേ ഓവർബ്രിഡ്ജ് തൊണ്ടിയാത്ത് റോഡ് മെയിന്റനൻസ് | RS1-91kg ബിറ്റുമിൻ - 959 Kg | 7 @281 = 1967 | അബ്ദുൾ ലത്തീഫ് | 13/13-11-20 രൂപ 192238/- |
| | ആകെ | | 46084 | | |

കുറവു വന്ന തുക 46084/- കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-8 നിർദ്ദിഷ്ട സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ്. കുറവു വന്ന തുക 22091/-

താഴെപ്പറയുന്ന പ്രവത്തികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഫൈൻ ഈടാക്കിയിരിക്കുന്നത് പാർട്ട് & ഫൈനൽ ബിൽ പ്രകരമുള്ള തുകയ്ക്കാണ്. കരാർ തുകയെ (PAC) അടിസ്ഥാനമാക്കിയാണ് ഫൈൻ ഈടാക്കേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ഫൈൻ ഇനത്തിൽ കുറവു സംഭവിച്ചു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ | കരാർ തുക | പാർട്ട് & ഫൈനൽ ബിൽ പ്രകരമുള്ള തുക | ഈടാക്കിയ ഫൈൻ @1% | ഈടാക്കേണ്ടുന്ന ഫൈൻ @1% | കുറവ് | ചെലവു വിവരം (ബിൽ നമ്പർ) |
|---|---|---|---|---|---|---|---|---|
| 1 | കാവിൽ കുന്നമേൽ റോഡ് കോൺക്രീറ്റിംഗ് | നാസർ | 1338195 | 394519 | 3945 | 13382 | 9437 | 156/ 25-11-20 രൂപ 552659/- 125/ 10-11-20 രൂപ 500000/- 490/ 13-03-20 രൂപ 423315/- |
| 2 | കൃഷ്ണപുരം പാലസിന് പടിഞ്ഞാറ് വശംഓടയും കവറിംഗ് സ്ലാബും | ബാഷ . സി. എസ് | 532637 | 233557 | 2396 | 5326 | 2930 | 29/ 15-04-20 രൂപ 244994/- 99/ 10-06-20 രൂപ 263513/- |
| 3 | പുതുവൽ പാലം ജംഗ്ഷൻ കൃഷ്ൻപുരം ഹൈവേ റോഡ് | ഷഹിൻഷ | 1249612 | 655263 | 6553 | 12496 | 5943 | 123/ 09-11-20 രൂപ 519337/- 134/ 13-11.20 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | റീടാറിംഗ് ഓട കവറിംഗ് സ്ലാബ് നിർമ്മാണം | | | | | | | രൂപ 720789/- |
| 4 | രണ്ടാം കുറ്റി വിളയിൽ വയൽ റോഡ് കോൺക്രീറ്റിംഗ് | അബ്ദുൾ ലത്തീഫ് | 787192 | 399562 | 3091 | 7872 | 4781 | 85/ 13-05-20 രൂപ 444534/- 159/ 25-11-20 രൂപ 399562/- |
| | ആകെ | | | | | | 23091 | |

കുറവു വന്ന തുക 23091/- കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35/25-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-9 പെയിന്റിംഗ് - ആവശ്യമില്ലാത്ത ഇനം ചെയ്ത് 13780/- രൂപ അധികച്ചെലവു വരുത്തി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അംഗൻവാടി കെട്ടിട നിർമ്മാണം വാർഡ് - 6 |
| അടങ്കൽ | 10ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സി. എസ്. ബാഷ |
| അളവു പുസ്തകം | 204/18-19 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 873734/- |
| ചെലവ് വിവരം | ബിൽ നമ്പർ 56/30-07-19 രൂപ 600380/-<br>ബിൽ നമ്പർ 42/13-05-20 രൂപ 273354/- |

ടി പ്രവൃത്തിയുടെ 24-ാം ഇനം സ്പെസിഫിക്കേഷൻ കോഡ് 13.47.1 Finishing Walls With Premium Acrylic Smooth Exterior Paint With Silicone Additives Of Required Shade New Work (Two Or More Coats Applied @1.43 Litre/10sqm Over And Including Priming Coat Of Exterior Primer Applied @2.20/10sqm) ആണ്. ഈയിനം 281.64 $M^2$ ചെയ്തതിൽ എസ്റ്റിമേറ്റ് അളവായ 259.70m $^2$ ൽ ക്ലിപ്തപ്പെടുത്തി @137.92/m $^2$ നിരക്കിൽ35818/- രൂപ കരാറുകാരന് അനിവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ 22-ാം ഇനം സ്പെസിഫിക്കേഷൻ കോഡ് 13.43.1 Applying One Coat Of Water Thinnable Cement Primer Of Approved Brand And Manufacture On Wall Surface Water Thinnable Cement Primer ആണ്. ഈയിനം 281.64 M $^2$ ചെയ്തതിൽ എസ്റ്റിമേറ്റ് അളവായ 259.70m $^2$ ൽ ക്ലിപ്തപ്പെടുത്തി @53.06/m $^2$ നിരക്കിൽ 13780/- രൂപ കരാറുകാരന് അനിവദിച്ചിട്ടുണ്ട്. 24-ാം ഇനത്തിൽ പ്രൈമർ അടിക്കുന്ന ഇനം ഉൾപ്പെട്ടിട്ടുള്ളതിനാൽ 22-ാം ഇനത്തിന്റെ ആവശ്യമില്ല. അതിനാൽ 22-ാം ഇനത്തിന് അനുവദിച്ച തുക (13780/- രൂപ) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-10 GST സ്രോതസിൽ നിന്നും ഈടാക്കിയില്ല - ഈടാക്കേണ്ട GST 8818/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | 5 ലക്ഷം |

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷൻ |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 495000/- |
| ചെലവ് വിവരം | ബിൽ നമ്പർ 126/11-11-20 രൂപ 495000/- |

നഗരസഭയിൽ സ്ഥിതി ചെയ്യുന്ന പ്രവർത്തന, ക്ഷമമല്ലാത്ത 4 ഹൈമാസ്റ്റ് ലൈറ്റുകൾ 200w LED ആക്കി മാറ്റുന്നതിന് സെറ്റ് ഒന്നിന് 123750/- രൂപ പ്രകാരം മെർക്കുറി ഇലക്ട്രിക്കൽ കോർപ്പറേഷന് നൽകിയിട്ടുണ്ട്. CGST Act, 2017 ലെ വകുപ്പ് 5(1) ൽ വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധീകരിക്കുന്ന സാധനങ്ങളുടേയോ സേവനങ്ങളുടേയോ രണ്ടിന്റെയുമോ കരാറുകളിലും കരാറുകാരുടെ ബില്ലിൽ നിന്നും 2% തുക GST ഇനത്തിൽ സ്രോതസിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് നൽകിയപ്പോൾ GST കുറവു ചെയ്തില്ല. ഈടാക്കേണ്ട GST തുക 2% - 8818/-(440885@2%). ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 56/31-01-22 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-11 വിത്തുകളുടെ സ്റ്റോക്കിലും വിതരണത്തിലും അപാകതകൾ

I.

| | |
|---|---|
| പ്രോജക്ട് നം, പേര് | S13/20-21, ഇടവിള കൃഷി |
| അടങ്കൽ | വികസന ഫണ്ട്-35,20,000 |
| ചെലവ് | ബിൽ നം.13/20-21/19.02.21- 1100000<br>14/20-21/19.02.21- 1100000<br>15/20-21/20.02.21-1320000<br>------------------------------------------------------------<br>3520000 |

പ്രോജക്ടിന്റെ ഭാഗമായി മുതുകുളം അഗ്രോ സർവീസ് സെന്ററിൽ നിന്ന് ഇൻവോയ്സ് നം.ASC/J/EVK/KYLM /06/20-21/08.02.21 പ്രകാരം 2200 കിറ്റുകൾ 500 രൂപ നിരക്കിലും, ASC/J/EVK/KYLM/09/20-21/15.02.21 പ്രകാരം 2200 കിറ്റുകൾ 500 രൂപ നിരക്കിലും, ASC/J/EVK/KYLM/10/20-21/19.02.21 പ്രകാരം 2640 കിറ്റുകൾ 500 രൂപ നിരക്കിലും വാങ്ങിയിട്ടുണ്ട്. ആകെ 7040 കിറ്റുകൾ. ചേന 4കിലോ, ചേമ്പ് 2 കിലോ, കാച്ചിൽ 2 കിലോ, ഇഞ്ചി 1 കിലോ, മഞ്ഞൾ 1 കിലോ എന്നിവയടങ്ങിയ കിറ്റിന് ഒരെണ്ണത്തിന് 500 രൂപ വച്ച് 7040 കിറ്റിന് 35,20,000 രൂപ നൽകി.

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ (സബ്സിഡി മാർഗ്ഗരേഖ), 6.1 കൃഷി, ക്രമ നമ്പർ 4 പ്രകാരം പച്ചക്കറി വിത്തുകൾ, തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ടിഷ്യു കൾച്ചർ വാഴ എന്നിവ കൃഷി ഭവൻ / ഇക്കോ ഷോപ്പുകൾ വഴി വിതരണം ചെയ്യണം എന്നാൽ നഗരസഭയിൽ കൌൺസിലർമാരാണ് കിറ്റ് വിതരണം ചെയ്തത്. എന്നാൽ പല വാർഡുകളിലെയും വിതരണ രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഓതെന്റിക്കേറ്റ് ചെയ്തിട്ടില്ല. വിതരണത്തിന് മേൽനോട്ടം വഹിക്കാത്തതിനാൽ സ്റ്റോക്ക് വേണ്ട രീതിയിൽ കൌൺസിലർമാർ സൂക്ഷിക്കുകയോ, വിത്തുകൾ പൂർണ്ണമായി വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല.

2. കൗൺസിലർമാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ, ലഭിച്ച സ്റ്റോക്കിന്റെയോ ഓരോ ദിവസവും വിതരണം ചെയ്തതിനുശേഷം അവശേഷിക്കുന്ന സ്റ്റോക്കിന്റെയോ വിവരങ്ങളില്ല, അവ വിതരണ രജിസ്റ്റർ മാത്രമാണ്. ഈ വിതരണ രജിസ്റ്റർ അപൂർണ്ണമാണ്. പല വാർഡുകളിലെ രജിസ്റ്ററുകളിലും കിറ്റ് ലഭിച്ചതായി കാണിച്ചിട്ടുള്ള ആളുകൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം വാർഡിലെ വിതരണ രജിസ്റ്ററിലെ പല ഒപ്പുകളും ഒരു പോലെയുള്ളതും ഒറ്റ നോട്ടത്തിൽ തന്നെ പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് മനസ്സിലാകുന്നതുമാണ്. പല വാർഡുകളിലെയും സ്റ്റോക്ക് രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഒപ്പിട്ട് അധികൃതമാക്കിയിട്ടില്ല. ഉദാഹരണം വാർഡുകൾ 1 , 16,40,35,27,17,20,04,05,06,19,39 ലെ രജിസ്റ്ററുകൾ

3. വിതരണത്തിനു ലഭിച്ച കിറ്റുകളുടെ എണ്ണത്തിലും വിതരണം ചെയ്ത കിറ്റുകളുടെ എണ്ണത്തിലും വലിയ വ്യത്യാസം കാണുന്നു. 2248കിറ്റുകൾ (7040-4792) വിതരണം ചെയ്തതിന്റെ രേഖകളില്ല. വിശദ വിവരം താഴെച്ചേർക്കുന്നു.

| വാർഡ് നമ്പർ | വിതരണം ചെയ്ത കിറ്റുകളുടെ എണ്ണം |
|---|---|
| 30 | 180 |
| 10 | 160 |
| 25 | 160 |
| 11 | 160 |
| 13 | 122 |
| 34 | 102 |
| 33 | 160 |
| 15 | 158 |
| 16 | 160 |
| 40 | 160 |
| 32 | 160 |
| 31 | 153 |
| 22 | 45 |
| 01 | 129 |
| 24 | 156 |
| 21 | 0 |
| 02 | 160 |
| 07 | 160 |
| ആകെ | 2485 |

ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരമുള്ളവ. ഇവ വിതരണ സമയത്ത് തയ്യാറാക്കിയ രേഖകളല്ല. മറിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം തയ്യാറാക്കിയവയാണ്.

| വാർഡ് നമ്പർ | വിതരണം ചെയ്ത കിറ്റുകളുടെ എണ്ണം |
|---|---|
| 37 | 0 (കിറ്റ് ലഭിച്ചവർ ഒപ്പിട്ടിട്ടില്ല) |
| 35 | 0 (കിറ്റ് ലഭിച്ചവർ ഒപ്പിട്ടിട്ടില്ല) |
| 27 | 202 |
| 17 | 160 |
| 23 | 160 |
| 20 | 160 |
| 18 | 160 |
| 12 | 160 |
| 04 | 182 |
| 06 | 160 |
| 29 | 160 |
| 05 | 160 |
| 39 | 160 |
| 19 | 160 |
| 28 | 163 |
| 41 | 160 |
| ആകെ | 2307 |

ആകെ വിതരണം ചെയ്ത കിറ്റുകൾ (2485+2307) = 4792

വിതരണം ചെയ്യാത്ത 2248 കിറ്റുകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/28.01.22) മറുപടി ലഭിച്ചില്ല. ഇവയുടെ വിലയായ 1124000 രൂപ(2248x500) അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. കൃഷി കൈകാര്യം ചെയ്യുന്ന വികസന സ്റ്റാന്റിംഗ് കമ്മിററിയും കൃഷിയും അനുബന്ധ മേഖലയും എന്ന വർക്കിംഗ്/ മോണിട്ടറിംഗ് ഗ്രൂപ്പും സ്റ്റോക്ക് പരിശോധിച്ച് വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തിയിട്ടില്ല. ഇത് ഗുരുതരമായ കൃത്യ വിലോപമാണ്.

II.

| പ്രോജക്ട് നം, പേര് | S405/21, പച്ചക്കറി വിത്ത് പാക്കറ്റ് |
|---|---|
| അടങ്കൽ | വികസന ഫണ്ട്- 2,55,000 |
| ചെലവ് | ബിൽ നം. 10/20-21/21.11.21-2,55,000 |

പ്രോജക്ടിന്റെ ഭാഗമായി ഓണാട്ടുകര അഗ്രോ ഫാമിൽ നിന്ന് ഇൻവോയ്സ് നമ്പർ 376/തീയതി ഇല്ല പ്രകാരം 15000 പച്ചക്കറി വിത്ത് പാക്കറ്റുകൾ പാക്കറ്റൊന്നിന് 17 രൂപ നിരക്കിൽ വിതരണത്തിന് ലഭ്യമാക്കി

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ (സബ്സിഡി മാർഗ്ഗരേഖ), 6.1 കൃഷി, ക്രമ നമ്പർ 4 പ്രകാരം പച്ചക്കറി വിത്തുകൾ, തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ടിഷ്യു കൾച്ചർ വാഴ എന്നിവ കൃഷി ഭവൻ/ഇക്കോ ഷോപ്പുകൾ വഴി വിതരണം ചെയ്യണം എന്നാൽ നഗരസഭയിൽ കൗൺസിലർമാരാണ് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുള്ളത്. പല വാർഡുകളിലെയും വിതരണ രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഓതെന്റിക്കേറ്റ് ചെയ്തിട്ടില്ല. വിതരണത്തിന് മേൽനോട്ടം വഹിക്കാത്തതിനാൽ സ്റ്റോക്ക് വേണ്ട രീതിയിൽ സൂക്ഷിക്കുകയോ, വിത്തുകൾ പൂർണ്ണമായി വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല.

2. കൗൺസിലർമാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ലഭിച്ച സ്റ്റോക്കിന്റെയോ ഓരോ ദിവസവും വിതരണം ചെയ്തതിനുശേഷം അവശേഷിക്കുന്ന സ്റ്റോക്കിന്റെയോ വിവരങ്ങളില്ല, അവ വിതരണ രജിസ്റ്റർ മാത്രമാണ്. ഈ വിതരണ രജിസ്റ്റർ അപൂർണ്ണമാണ്. പല വാർഡുകളിലെ രജിസ്റ്ററുകളിലും പച്ചക്കറി വിത്ത് പാക്കറ്റുകൾ ലഭിച്ചതായി കാണിച്ചിട്ടുള്ള ആളുകൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം വാർഡിലെ വിതരണ രജിസ്റ്ററിലെ പല ഒപ്പുകളും ഒരു പോലെയുള്ളതും ഒറ്റ നോട്ടത്തിൽ തന്നെ പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് മനസ്സിലാകുന്നതുമാണ്.

3. വിതരണത്തിനു ലഭിച്ച പച്ചക്കറി വിത്ത് പാക്കറ്റുകളുടെ എണ്ണത്തിലും വിതരണം ചെയ്ത പച്ചക്കറി വിത്ത് പാക്കറ്റുകളുടെ എണ്ണത്തിലും വലിയ വ്യത്യാസം കാണുന്നു. 3785 പച്ചക്കറി വിത്ത് പാക്കറ്റുകൾ (15000-11215) വിതരണം ചെയ്തതിന്റെ രേഖകളില്ല. വിശദ വിവരം താഴെച്ചർക്കുന്നു.

| വാർഡ് നമ്പർ | വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത പച്ചക്കറി വിത്ത് പാക്കറ്റുകളുടെ എണ്ണം |
|---|---|
| 30 | 109 |
| 10 | 318 |
| 25 | 370 |
| 11 | 241 |
| 13 | 167 |
| 34 | 350 |
| 33 | 190 |
| 15 | 323 |
| 16 | 117 |
| 40 | 375 |
| 32 | 315 |
| 31 | 325 |
| 22 | 327 |

| | |
|---|---|
| 01 | 400 |
| 24 | 519 |
| 21 | 0 (ആരുടെയും ഒപ്പില്ല) |
| 02 | 310 |
| 07 | 370 |
| ആകെ | 5126 |

ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരമുള്ളവ. ഇവ വിതരണ സമയത്ത് തയ്യാറാക്കിയ രേഖകളല്ല. മറിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം തയ്യാറാക്കിയവയാണ്.

| വാർഡ് നമ്പർ | വിതരണം ചെയ്ത പച്ചക്കറി വിത്ത് പാക്കറ്റുകളുടെ എണ്ണം) |
|---|---|
| 37 | 344 |
| 35 | 85 |
| 27 | 358 |
| 17 | 450 |
| 23 | 475 |
| 20 | 454 |
| 18 | 351 |
| 12 | 451 |
| 04 | 136 |
| 06 | 550 |
| 29 | 339 |
| 05 | 417 |
| 39 | 359 |
| 19 | 425 |
| 28 | 388 |
| 41 | 507 |
| ആകെ | 6089 |

ആകെ വിതരണം ചെയ്ത പച്ചക്കറി വിത്തുകൾ 5126+6089=11215. 3785 പച്ചക്കറി വിത്ത് പാക്കറ്റുകൾ വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/28.01.22) മറുപടി ലഭിച്ചില്ല. ഇവയുടെ വിലയായ 64,345(3785x17) രൂപ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. കൃഷി കൈകാര്യം ചെയ്യുന്ന വികസന സ്റ്റാന്റിംഗ് കമ്മിററിയും കൃഷിയും അനുബന്ധ മേഖലയും എന്ന വർക്കിംഗ്/ മോണിട്ടറിംഗ് ഗ്രൂപ്പും സ്റ്റോക്ക് പരിശോധിച്ച് വിതരണത്തിൽ സുതാര്യത ഉറപ്പ വരുത്തിയിട്ടില്ല.

III.

| | |
|---|---|
| പ്രോജക്ട് നം, പേര് | S404/21, അഗത്തി ചീരത്തൈ വിതരണം |
| അടങ്കൽ | വികസന ഫണ്ട്-2,55,000 |
| ചെലവ് | ബിൽ നം.12/ 20-21/02.02.21 |

പ്രോജക്ടിന്റെ ഭാഗമായി ഓണാട്ടുകര അഗ്രോ ഫാമിൽ നിന്ന് ഇൻവോയ്സ് നമ്പർ 376/20.01.21 പ്രകാരം 15000 അഗത്തി ചീരത്തൈ 17 രൂപ നിരക്കിൽ വിതരണത്തിന് ലഭ്യമാക്കി

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ (സബ്സിഡി മാർഗ്ഗരേഖ), 6.1 കൃഷി, ക്രമ നമ്പർ 4 പ്രകാരം പച്ചക്കറി വിത്തുകൾ, തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ടിഷ്യൂ കൾച്ചർ വാഴ എന്നിവ കൃഷി ഭവൻ / ഇക്കോ ഷോപ്പുകൾ വഴി വിതരണം ചെയ്യണം എന്നാൽ നഗരസഭയിൽ കൗൺസിലർമാരാണ് അഗത്തി ചീരത്തൈ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ പല വാർഡുകളിലെയും വിതരണ രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഓതെന്റിക്കേറ്റ്

ചെയ്തിട്ടില്ല. വിതരണത്തിന് മേൽനോട്ടം വഹിക്കാത്തതിനാൽ സ്റ്റോക്ക് വേണ്ട രീതിയിൽ സൂക്ഷിക്കുകയോ, ചീരത്തൈകൾ പൂർണ്ണമായി വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല.

2. കൗൺസിലർമാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ലഭിച്ച സ്റ്റോക്കിന്റെയോ ഓരോ ദിവസവും വിതരണം ചെയ്തതിനുശേഷം അവശേഷിക്കുന്ന സ്റ്റോക്കിന്റെയോ വിവരങ്ങളില്ല, അവ വിതരണ രജിസ്റ്റർ മാത്രമാണ്. വിതരണ രജിസ്റ്റർ അപൂർണ്ണമാണ്. പല വാർഡുകളിലെ രജിസ്റ്ററുകളിലും അഗത്തി ചീരത്തൈ ലഭിച്ച ആളുകൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം വാർഡിലെ വിതരണ രജിസ്റ്ററിലെ പല ഒപ്പുകളും ഒരു പോലെയുള്ളതും ഒറ്റ നോട്ടത്തിൽ തന്നെ പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് മനസ്സിലാകുന്നതുമാണ്.
ചില വാർഡുകളിലെ സ്റ്റോക്ക് രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഒപ്പിട്ട് അംഗീകൃതമാക്കിയിട്ടില്ല. ഉദാഹരണം വാർഡ് 1,16,40 ലെ രജിസ്റ്ററുകൾ

3. വിതരണത്തിനു ലഭിച്ച അഗത്തി ചീരത്തൈയുടെ എണ്ണത്തിലും വിതരണം ചെയ്ത അഗത്തി ചീരത്തൈയുടെ എണ്ണത്തിലും വലിയ വ്യത്യാസം കാണുന്നു. 4331 അഗത്തി ചീരത്തൈ (15000-10669) വിതരണം ചെയ്തതിന്റെ രേഖകളില്ല. വിശദ വിവരം താഴെച്ചേർക്കുന്നു.

| വാർഡ് നമ്പർ | വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത അഗത്തി ചീരത്തൈയുടെ എണ്ണം |
|---|---|
| 30 | 109 |
| 10 | 318 |
| 25 | 370 |
| 11 | 241 |
| 13 | 167 |
| 34 | 350 |
| 33 | 0 (ആരുടെയും ഒപ്പില്ല) |
| 15 | 336 |
| 16 | 117 |
| 40 | 375 |
| 32 | 315 |
| 31 | 318 |
| 22 | 0 (ആരുടെയും ഒപ്പില്ല) |
| 01 | 400 |
| 24 | 519 |
| 21 | 0 (ആരുടെയും ഒപ്പില്ല) |
| 02 | 310 |
| 07 | 335 |
| ആകെ | 4580 |

ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരമുള്ളവ. ഇവ വിതരണ സമയത്ത് തയ്യാറാക്കിയ രേഖകളല്ല. മറിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം തയ്യാറാക്കിയവയാണ്.

| വാർഡ് നമ്പർ | വിതരണം ചെയ്ത അഗത്തി ചീരത്തൈകളുടെ എണ്ണം |
|---|---|
| 37 | 344 |
| 35 | 85 |
| 27 | 358 |
| 17 | 450 |
| 23 | 475 |
| 20 | 454 |
| 18 | 351 |
| 12 | 451 |

| | |
|---|---|
| 04 | 136 |
| 06 | 550 |
| 29 | 339 |
| 05 | 417 |
| 39 | 359 |
| 19 | 425 |
| 28 | 388 |
| 41 | 507 |
| ആകെ | 6089 |

ആകെ വിതരണം ചെയ്ത അഗത്തി ചീരത്തൈകളുടെ എണ്ണം (4580+6089)=10669. 4331 ചീരത്തൈകൾ വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/28.01.22) മറുപടി ലഭിച്ചില്ല. ഇവയുടെ വിലയായ 73627 (4331x17) രൂപ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. കൃഷി കൈകാര്യം ചെയ്യുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും കൃഷിയും അനുബന്ധ മേഖലയും എന്ന വർക്കിംഗ്/മോണിട്ടറിംഗ് ഗ്രൂപ്പും സ്റ്റോക്ക് പരിശോധിച്ച് വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തിയിട്ടില്ല.

IV

| | |
|---|---|
| പ്രോജക്ട് നം, പേര് | S402/21, ടിഷ്യൂ കൾച്ചർ ഏത്തവാഴ വിതരണം |
| അടങ്കൽ | വികസന ഫണ്ട്-9,00,000 |
| ചെലവ് | ബിൽ നം.16/ 20-21/23.02.21- 4,50,000<br>17/20-21/26.03.21- 4,50,000 |

പ്രോജക്ടിന്റെ ഭാഗമായി KAICO ൽ നിന്ന് ഇൻവോയ്സ് നമ്പർ V-518A/20-21/18.02.21 പ്രകാരം 20 രൂപ നിരക്കിൽ 22,500 ടിഷ്യൂ കൾച്ചർ ഏത്തവാഴകളും ഇൻവോയ്സ് നമ്പർ V-519A/20-21/18.02.21 പ്രകാരം 20 രൂപ നിരക്കിൽ 22,500 ടിഷ്യൂ കൾച്ചർ ഏത്തവാഴകളും വിതരണത്തിന് ലഭ്യമാക്കി. ആകെ 45000 ഏത്ത വാഴകൾ

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ (സബ്സിഡി മാർഗ്ഗരേഖ), 6.1 കൃഷി, ക്രമ നമ്പർ 4 പ്രകാരം പച്ചക്കറി വിത്തുകൾ, തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ടിഷ്യൂ കൾച്ചർ വാഴ എന്നിവ കൃഷി ഭവൻ / ഇക്കോ ഷോപ്പുകൾ വഴി വിതരണം ചെയ്യണം എന്നാൽ നഗരസഭയിൽ കൗൺസിലർമാരാണ് ടിഷ്യൂ കൾച്ചർ ഏത്തവാഴ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ പല വാർഡുകളിലെയും വിതരണ രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഓതെന്റിക്കേറ്റ് ചെയ്തിട്ടില്ല. വിതരണത്തിന് മേൽനോട്ടം വഹിക്കാത്തതിനാൽ സ്റ്റോക്ക് വേണ്ട രീതിയിൽ സൂക്ഷിക്കുകയോ, ഏത്തവാഴകൾ പൂർണ്ണമായി വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല.

2. കൗൺസിലർമാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ലഭിച്ച സ്റ്റോക്കിന്റെയോ ഓരോ ദിവസവും വിതരണം ചെയ്തതിനുശേഷം അവശേഷിക്കുന്ന സ്റ്റോക്കിന്റെയോ വിവരങ്ങളില്ല, അവ വിതരണ രജിസ്റ്റർ മാത്രമാണ്.ഈ വിതരണ രജിസ്റ്റർ അപൂർണ്ണമാണ്. പല വാർഡുകളിലെ രജിസ്റ്ററുകളിലും ടിഷ്യൂ കൾച്ചർ ഏത്തവാഴ ലഭിച്ചതായി കാണിച്ചിട്ടുള്ള ആളുകൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം വാർഡിലെ വിതരണ രജിസ്റ്ററിലെ പല ഒപ്പുകളും ഒരു പോലെയുള്ളതും ഒറ്റ നോട്ടത്തിൽ തന്നെ പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് മനസ്സിലാകുന്നതുമാണ്.

3. വിതരണത്തിനു ലഭിച്ച ടിഷ്യൂ കൾച്ചർ ഏത്തവാഴകളുടെ എണ്ണത്തിലും വിതരണം ചെയ്ത ടിഷ്യൂ കൾച്ചർ ഏത്തവാഴകളുടെ എണ്ണത്തിലും വലിയ വ്യത്യാസം കാണുന്നു. 34,456 ടിഷ്യൂ കൾച്ചർ ഏത്തവാഴകൾ (45000-10544)വിതരണം ചെയ്തതിന്റെ രേഖകളില്ല.വിതരണം ചെയ്ത ഏത്തവാഴകളുടെ വിശദ വിവരം താഴെച്ചേർക്കുന്നു.

| വാർഡ് നമ്പർ | വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത ടിഷ്യൂ കൾച്ചർ ഏത്തവാഴയുടെ എണ്ണം |
|---|---|
| 30 | 109 |
| 10 | 318 |
| 25 | 370 |
| 11 | 241 |

| | |
|---|---|
| 13 | 167 |
| 34 | 341 |
| 33 | 0 (ആരുടെയും ഒപ്പില്ല) |
| 15 | 224 |
| 16 | 117 |
| 40 | 375 |
| 32 | 315 |
| 31 | 318 |
| 22 | 0 (ആരുടെയും ഒപ്പില്ല) |
| 01 | 400 |
| 24 | 519 |
| 21 | 0 (ആരുടെയും ഒപ്പില്ല) |
| 02 | 310 |
| 07 | 335 |
| ആകെ | 4459 |

ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരമുള്ളവ. ഇവ വിതരണ സമയത്ത് തയ്യാറാക്കിയ രേഖകളല്ല. മറിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം തയ്യാറാക്കിയവയാണ്.

| വാർഡ് നമ്പർ | വിതരണം ചെയ്ത ടിഷ്യു കൾച്ചർ വാഴകളുടെ എണ്ണം |
|---|---|
| 37 | 344 |
| 35 | 85 |
| 27 | 358 |
| 17 | 450 |
| 23 | 475 |
| 20 | 45o |
| 18 | 351 |
| 12 | 451 |
| 04 | 136 |
| 06 | 550 |
| 29 | 339 |
| 05 | 417 |
| 39 | 359 |
| 19 | 425 |
| 28 | 388 |
| 41 | 507 |
| ആകെ | 6085 |

ആകെ വിതരണം ചെയ്ത ടിഷ്യുകൾച്ചർ വാഴകളുടെ എണ്ണം 4459+6085=10544. 34456 വാഴകൾ വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/28.01.22) മറുപടി ലഭിച്ചില്ല. ഇവയുടെ വിലയായ 6,89,120 (34456x20) രൂപ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. കൃഷി കൈകാര്യം ചെയ്യുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും കൃഷിയും അനുബന്ധ മേഖലയും എന്ന വർക്കിംഗ്/മോണിട്ടറിംഗ് ഗ്രൂപ്പും സ്റ്റോക്ക് പരിശോധിച്ച് വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തിയിട്ടില്ല.

V

| | |
|---|---|
| പ്രോജക്ട് നം, പേര് | S403/21, പച്ചമുളക് തൈ വിതരണം |
| അടങ്കൽ | വികസന ഫണ്ട്-1,10,250 |

| | |
|---|---|
| ചെലവ് | ബിൽ നം.11/ 20-21/02.02.21- 1,10,250 |

പ്രോജക്ടിന്റെ ഭാഗമായി ഓണാട്ടുകര അഗ്രോ ഫാമിൽ നിന്ന് ഇൻവോയ്സ് നമ്പർ 377/20.01.21 പ്രകാരം 2.45 രൂപ നിരക്കിൽ 45000 പച്ചമുളക് തൈകൾ വിതരണത്തിന് ലഭ്യമാക്കി

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ (സബ്സിഡി മാർഗ്ഗരേഖ), 6.1 കൃഷി, ക്രമ നമ്പർ 4 പ്രകാരം പച്ചക്കറി വിത്തുകൾ, തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, ടിഷ്യൂ കൾച്ചർ വാഴ എന്നിവ കൃഷി ഭവൻ / ഇക്കോ ഷോപ്പുകൾ വഴി വിതരണം ചെയ്യണം എന്നാൽ നഗരസഭയിൽ കൗൺസിലർമാരാണ് പച്ചമുളക് തൈ വിതരണം ചെയ്തിട്ടുള്ളത്.എന്നാൽ പല വാർഡുകളിലെയും വിതരണ രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഓതെന്റിക്കേറ്റ് ചെയ്തിട്ടില്ല. വിതരണത്തിന് മേൽനോട്ടം വഹിക്കാത്തതിനാൽ സ്റ്റോക്ക് വേണ്ട രീതിയിൽ സൂക്ഷിക്കുകയോ, പച്ചമുളക് തൈകൾ പൂർണ്ണമായി വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ല.

2. കൗൺസിലർമാർ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ലഭിച്ച സ്റ്റോക്കിന്റെയോ ഓരോ ദിവസവും വിതരണം ചെയ്തതിനുശേഷം അവശേഷിക്കുന്ന സ്റ്റോക്കിന്റെയോ വിവരങ്ങളില്ല, അവ വിതരണ രജിസ്റ്റർ മാത്രമാണ്.ഈ വിതരണ രജിസ്റ്റർ അപൂർണ്ണമാണ്. പല വാർഡുകളിലെ രജിസ്റ്ററുകളിലും പച്ചമുളക് തൈകൾ ലഭിച്ചതായി കാണിച്ചിട്ടുള്ള ആളുകൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം വാർഡിലെ വിതരണ രജിസ്റ്ററിലെ പല ഒപ്പുകളും ഒരു പോലെയുള്ളതും ഒറ്റ നോട്ടത്തിൽ തന്നെ പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് മനസ്സിലാകുന്നതുമാണ്.
ചില വാർഡുകളിലെ സ്റ്റോക്ക് രജിസ്റ്റർ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ഒപ്പിട്ട് അംഗീകൃതമാക്കിയിട്ടില്ല. ഉദാഹരണം വാർഡ് 1,16,40 ലെ രജിസ്റ്ററുകൾ

3. വിതരണത്തിനു ലഭിച്ച പച്ചമുളക് തൈകളുടെ എണ്ണത്തിലും വിതരണം ചെയ്ത പച്ചമുളക് തൈകളുടെ എണ്ണത്തിലും വലിയ വ്യത്യാസം കാണുന്നു. 33377 പച്ചമുളക് തൈകൾ (45000-11623) വിതരണം ചെയ്തതിന്റെ രേഖകളില്ല. വിതരണം ചെയ്ത പച്ചമുളക് തൈകളുടെ വിശദ വിവരം താഴെച്ചേർക്കുന്നു.

| വാർഡ് നമ്പർ | വിതരണ രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത പച്ചമുളക് തൈകളുടെ എണ്ണം |
|---|---|
| 30 | 109 |
| 10 | 227 |
| 25 | 370 |
| 11 | 241 |
| 13 | 167 |
| 34 | 347 |
| 33 | 0 (ആരുടെയും ഒപ്പില്ല) |
| 15 | 305 |
| 16 | 117 |
| 40 | 375 |
| 32 | 315 |
| 31 | 325 |
| 22 | 0 (ആരുടെയും ഒപ്പില്ല) |
| 01 | 400 |
| 24 | 519 |
| 21 | 0 (ആരുടെയും ഒപ്പില്ല) |
| 02 | 310 |
| 07 | 335 |
| ആകെ | 4462 |

ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം ലഭ്യമാക്കിയ വിതരണ രേഖകൾ പ്രകാരമുള്ളവ. ഇവ വിതരണ സമയത്ത് തയ്യാറാക്കിയ രേഖകളല്ല. മറിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു ശേഷം തയ്യാറാക്കിയവയാണ്.

| വാർഡ് നമ്പർ | വിതരണം ചെയ്ത പച്ചമുളക് തൈകളുടെ എണ്ണം |
|---|---|

| | |
|---|---|
| 37 | 344 |
| 35 | 85 |
| 27 | 358 |
| 17 | 450 |
| 23 | 475 |
| 20 | 450 |
| 18 | 351 |
| 12 | 451 |
| 04 | 136 |
| 06 | 550 |
| 29 | 339 |
| 05 | 417 |
| 39 | 359 |
| 19 | 425 |
| 28 | 1464 |
| 41 | 507 |
| ആകെ | 7161 |

ആകെ വിതരണം ചെയ്ത പച്ചമുളക് തൈകൾ (4462+7161) 11623. 33377 പച്ചമുളക് തൈകൾ വിതരണം ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 46/28.01.22) മറുപടി ലഭിച്ചില്ല. ഇവയുടെ വിലയായ (33377X2.45) 81774 രൂപ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. കൃഷി കൈകാര്യം ചെയ്യുന്ന വികസന സ്റ്റാന്റിംഗ് കമ്മിററിയും കൃഷിയും അനുബന്ധ മേഖലയും എന്ന വർക്കിംഗ്/മോണിട്ടറിംഗ് ഗ്രൂപ്പും സ്റ്റോക്ക് പരിശോധിച്ച് വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തിയിട്ടില്ല.

ഗുണഭോക്താക്കൾ ഒപ്പിടാത്ത പേജ് (വാർഡ് നം.1) മുകളിൽ. ഇതു പോലെയുള്ള വിതരണ രജിസ്റ്ററുകൾ എല്ലാ വാർഡിലുമുണ്ട്.

ഗുണഭോക്താക്കളുടെ ഒപ്പുകൾ ഒരുപോലെയിരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| Kseb | Street Line Extension | | 1200000 | 1200000 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയില്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് | വായ്പ | വർഷാരംഭം | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| | നമ്പർ/തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവനനിർമ്മാണ പദ്ധതി | | 41100000 | 8386290 | 8386290 | 0 | 10252035 |
| KURDFC(veg. Market) | GO/1232 /15/LSGD. Dtd.24.04.2015 | 47379015 | 30037896 | 6136106 | 2966410 | 29803557 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2014-15 | 3-4 | 9806 | U.muhammed, Councillor | 120010105582/23.12.20 |
| 2014-15 | 3-4 | 9806 | Ambily Suresh | 20010105612/23.12.20 |
| 2014-15 | 3-4 | 9806 | P K Kochukunju | 20010105674/18.11.20 |
| 2014-15 | 3-4 | 9806 | REnjitham | 20010105134/16.11.20 |
| 2014-15 | 3-4 | 9806 | Reji Mavanal | 20010105380/16.11.20 |
| 2014-15 | 3-4 | 9806 | Hamsakutty | 20010105390/16.11.20 |
| 2014-15 | 3-4 | 9806 | S Keshunath | 20010105412/16.11.20 |
| 2014-15 | 3-4 | 9806 | Naseema Shamsudeen | 20010105419/16.11.20 |
| 2014-15 | 3-4 | 9806 | Rajendran | 20010105439/16.11.20 |
| 2014-15 | 3-4 | 9806 | P C Gopalakrishnan | 20010105258/13.11.20 |
| 2014-15 | 3-4 | 9806 | K Pushpadas | 20010105277/13.11.20 |
| 2014-15 | 3-4 | 9806 | Bhamini | 20010105288/13.11.20 |
| 2014-15 | 3-4 | 9806 | Mini Samuel | 20010105292/13.11.20 |
| 2014-15 | 3-4 | 9806 | Lekha Muraleedharan | 20010105294/13.11.20 |
| 2014-15 | 3-4 | 9806 | Gayathri Thampan | 20010105298/13.11.20 |
| 2014-15 | 3-4 | 9806 | Nasarulla | 20010105233/13.11.20 |
| 2014-15 | 3-4 | 9806 | A.P.Shajahan | 20010105209//12.11.20 |
| 2014-15 | 3-4 | 9806 | Devakaran | 20010105222/12.11.20 |
| 2014-15 | 2-4 | 3754 | J Adarsh | 20010105042/12.11.20 |
| 2014-15 | 3-4 | 9806 | Saira Najumudeen | 20010105119/12.11.20 |
| 2014-15 | 3-4 | 9806 | Karuvil Nizar | 20010105129/12.11.20 |

| | | | | |
|---|---|---|---|---|
| 2014-15 | 3-4 | 9806 | Sumithran | 20010105138/12.11.20 |
| 2014-15 | 3-4 | 9806 | Masood | 20010105145/12.11.20 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 452154597.98 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 344334836 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 170550 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2658951 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15138156 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 156350 | | ശ്രീ.രാജേഷ്.ജി, സെക്രട്ടറി ഇൻ ചാർജ്ജ് -63321/-<br>ശ്രീ.ധീരജ് മാത്യു.ജെ.ജെ, സെക്രട്ടറി-92427/- |
| 2-2 | 14200 | | ശ്രീമതി .സുമി സുരേഷ് ബാബു, അസി. എഞ്ചിനിയർ<br>ഷൈലജ.സി.കെ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-1 | | 284818 | ശ്രീമതി.സുമി സുരേഷ് ബാബു, അസി. എഞ്ചിനിയർ<br>ജയരാജ്.വി.കെ. |
| 3-2 എ& സി | | 71320 | ശ്രീമതി. ഷൈലജ.സി.കെ അസി. എക്സിക്യൂട്ടിവ് എഞ്ചിനിയർ<br>ശ്രീമതി.സുമി സുരേഷ് ബാബു (15000) |
| 3-3 | | 64129 | ശ്രീമതി.സുമി സുരേഷ് ബാബു, അസി.എഞ്ചിനിയർ |
| 3-4 | | 59299 | ശ്രീമതി.സുമി സുരേഷ് ബാബു, അസി.എഞ്ചിനിയർ |
| 3-5 | | 25969 | ശ്രീമതി.സുമി സുരേഷ് ബാബു, അസി. എഞ്ചിനിയർ |
| 3-6 | | 51375 | ശ്രീമതി. ഷൈലജ.സി.കെ അസി. എക്സിക്യൂട്ടിവ് എഞ്ചിനിയർ |
| 3-7 | | 46084 | ശ്രീമതി.സുമി സുരേഷ് ബാബു, അസി. എഞ്ചിനിയർ --- 31191/-<br>ശ്രീമതി.ആശ.ആർ, അസി. എഞ്ചിനിയർ -- 6744/- |

| | | | |
|---|---|---|---|
| | | | ശ്രീ.ജയരാജ്.വി.കെ,<br>അസി. എഞ്ചിനിയർ--- 8149/- |
| 3-8 | | 23091 | ശ്രീമതി .സുമി സുരേഷ് ബാബു,<br>അസി. എഞ്ചിനിയർ --- 19161/-<br>ശ്രീമതി.ആശ.ആർ,<br>അസി. എഞ്ചിനിയർ --2930/- |
| 3-9 | | 13780 | ശ്രീ.ജയരാജ്.വി.കെ,<br>അസി. എഞ്ചിനിയർ |
| 3-11 | | 2032866 | |
| ആകെ | 170550 | 2658951 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 3156500 | ശ്രീ. രാജേഷ്. ജി,<br>സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-29 | 1074034 | ശ്രീ. ധീരജ് മാത്യു.ജെ.ജെ, സെക്രട്ടറി |
| 1-30 | 5655645 | ഡോ.മനോജ് എൽ.<br>താലൂക്ക് ആശുപത്രി സൂപ്രണ്ട് |
| 1-46 | 697926 | ശ്രീ.ജയരാജ്.വി.കെ,<br>അസി. എഞ്ചിനിയർ |
| 1-54 | 16700 | ശ്രീ.ധീരജ് മാത്യു.ജെ.ജെ, സെക്രട്ടറി |
| 1-56 | 361750 | ശ്രീ.ജയരാജ്.വി.കെ,<br>അസി. എഞ്ചിനിയർ |
| 1-57 | 51050 | ഡോ. വിജയേന്ദ്രൻ, മെഡിക്കൽ<br>ഓഫീസർ (ഹോമിയോ) |
| 1-58 | 312000 | ഡോ. സുൾഫിക്കർ,<br>വെറ്ററിനറി സർജൻ |
| 1-59 | 96770 | ഡോ. വിജയേന്ദ്രൻ, മെഡിക്കൽ<br>ഓഫീസർ (ഹോമിയോ) |
| 1-60 | 37200 | ഡോ.ബീന.ഡി,<br>വെറ്ററിനറി സർജൻ |
| 1-64 | 1200000 | ശ്രീ. ധീരജ് മാത്യു.ജെ.ജെ, സെക്രട്ടറി |
| 1-65 | 249950 | ശ്രീ. ധീരജ് മാത്യു.ജെ.ജെ, സെക്രട്ടറി |
| 1-66 | 268631 | ശ്രീ. ധീരജ് മാത്യു.ജെ.ജെ, സെക്രട്ടറി |
| 1-67 | 1960000 | ശ്രീ. ധീരജ് മാത്യു.ജെ.ജെ, സെക്രട്ടറി |
| ആകെ | 15138156 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 8818 | ശ്രീമതി.സുമി സുരേഷ് ബാബു, അസി. എഞ്ചിനിയർ |
| 1-51 | 18000 | ശ്രീ.രാജേഷ്.ജി, സെക്രട്ടറി ഇൻ ചാർജ്ജ് -- 10750/-<br>ശ്രീ.ധീരജ് മാത്യു.ജെ.ജെ, സെക്രട്ടറി--7250/- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജേഷ്. ജി, സെക്രട്ടറി ഇൻ ചാർജ്ജ് | സൂപ്രണ്ട് മാവേലിക്കര നഗരസഭ | ശ്രീശൈലം, പുതിയവിള പി.ഒ, കായംകുളം |
| ധീരജ് മാത്യു.ജെ.ജെ, സെക്രട്ടറി | നഗരസഭാ ഓഫീസ്, കായംകുളം | പുലരി ഹൗസ്, തോട്ടവിളാകം, ബാലരാമപുരം, തിരുവനന്തപുരം |
| ജയരാജ്. വി.കെ, അസി. എഞ്ചിനിയർ | ലഭ്യമാക്കിയില്ല | ജാനകി മന്ദിരം, കൊട്ടാരക്കര, ചന്ദനത്തോപ്പിൽ, കൊല്ലം |
| സുമി സുരേഷ് ബാബു, അസി. എഞ്ചിനിയർ | ലഭ്യമാക്കിയില്ല | അശ്വതി, TC34/652/ANRA-113, വട്ടിയൂർക്കാവ് പി.ഒ, തിരുവനന്തപുരം |
| ആശ.ആർ, അസി. എഞ്ചിനിയർ | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |
| ഷൈലജ . സി.കെ അസി. എക്സിക്യൂട്ടിവ് എഞ്ചിനിയർ | ലഭ്യമാക്കിയില്ല | പൊയ്കവിള പുത്തൻവീട്, മീയന്നൂർ, കൊല്ലം |
| ഉഷ. ജെ, കൃഷി ഓഫീസർ | ലഭ്യമാക്കിയില്ല | ഉഷസ്, മുട്ടമൂല, വീരാർകാവ്, കാട്ടാക്കട |
| ഡോ. വിജയേന്ദ്രൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | ലഭ്യമാക്കിയില്ല | നയനം, ചിങ്ങോലി പി.ഒ, ആലപ്പുഴ |
| ഡോ. സുൾഫിക്കർ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ താമരക്കുളം ഗ്രാമപഞ്ചായത്ത് | പട്ടത്തിൽ ഹൗസ്, ചങ്ങൻകുളങ്ങര, ഓച്ചിറ |
| ഡോ. ബീന. ഡി, വെറ്ററിനറി സർജൻ | വിരമിച്ചു. | വെറ്റശ്ശേരിൽ, പെരിങ്ങാല പി.ഒ, കായംകുളം |
| ഡോ.മനോജ് എൽ. താലൂക്ക് ആശുപത്രി സൂപ്രണ്ട് | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കായംകുളം | നന്ദനം, പടസൗത്ത്, കരുനാഗപ്പള്ളി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 മുതൽ 1980-81 വരെ | എൽ.എഫ്.എ.5-266/83/13.02.1985 |
| 1981-82 | എൽ.എഫ്.എ.5-197/83/31.01.1985 |
| 1982-83 | എൽ.എഫ്.എ.5-686/85/12.01.1985 |
| 1983-84 | എൽ.എഫ്.എ.5-375/86/31.10.1986 |
| 1984-85 | എൽ.എഫ്.എ.5-402/85/31.10.1986 |
| 1985-86 | എൽ.എഫ്.എ.5-848/89/31.10.1990 |
| 1986-87 | എൽ.എഫ്.എ.5-1306/90/29.10.1990 |
| 1987-88 | എൽ.എഫ്.എ.5-എഫ്.744/91/21.11.1990 |
| 1988-89 | എൽ.എഫ്.എ.5-63/93/17.04.1993 |
| 1989-90 | എൽ.എഫ്.എ.5-63/93/ 17.04.1993 |
| 1990-91 | എൽ.എഫ്.എ.5-815/96/07.06.1996 |

| | |
|---|---|
| 1991-92 | എൽ.എഫ്.എ.5-816/95/11.06.1996 |
| 1992-93 | എൽ.എഫ്.എ.5-271/97/23.03.1998 |
| 1996-97 | എൽ.എഫ്.എ.5-769/99/14.03.00/07.09.2000 |
| 1997-98 (വരവ്)<br>1997-98(ചെലവ്) | എൽ.എഫ്.എ.4-169/09/30.06.09/01.10.09<br>എൽ.എഫ്.എ.11-896/00/08.02.01/12.06.01 |
| 1998-99(വരവ്)<br>1998-99 (ചെലവ്) | എൽ.എഫ്.എ.4-170/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1275/01/17.05.02/07.06.02 |
| 1999-2000(വരവ്)<br>1999-2000 (ചെലവ്) | എൽ.എഫ്.എ.4-171/09/30.06.09/01.10.09<br>എൽ.എഫ്.എ.4-955/03/10.10.03/11.12.03 |
| 2000-01 (വരവ്)<br>2000-01 (പ്ലാൻ ഫണ്ട്)<br>2000-01 (തനത് ചെലവ്) | എൽ.എഫ്.എ.4-172/09/01.07.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04<br>എൽ.എഫ്.എ.4-പി.962/06/08.12.06/15.02.07 |
| 2001-02(വരവ്)<br>2001-02(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04 |
| 2002-03(വരവ്)<br>2002-03(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2003-04(വരവ്)<br>2003-04(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2004-05 | എൽ.എഫ്.എ.4-168/09/01.07.09/01.10.09 |
| 2005-06 | എൽ.എഫ്.എ.4-332/09/13.07.09/01.10.09 |
| 2006-07 | എൽ.എഫ്.എ.4-368/09/17.08.09/06.02.2010 |
| 2007-08 To 2009-10 | എൽ.എഫ്.എ.എം1-1094/12/25.01.13 |
| 2010-11, 2011-12 | എൽ.എഫ്.എ.എം1-1306/2014/23.08.14/04.02.15 |
| 2012-13 | എൽ.എഫ്.എ.എം1-634/2015/08.05.15/05.06.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി.എം.1/1079/15/07.09.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.എം.1/848/16/01.08.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.ജി.എ5-169/17/14.02.17/17.02.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.ജി.എ5-1262/17/24.10.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-ജി.എ5-266/24.05.2019 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/ജിഎ.8-15/2020/08.06.2020 |
| 2019-20 | നം.കെ.എസ്.എ/എ.എൽ.പി/ജിഎ8-369/ 2022/31.03.2022 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കായംകുളം മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്